കപ്പെട്ടു കൊണ്ടോ ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു് ഡെയിറി ഡെവലപ്പ്മെൻറു ഡയറക്ടരുടെയും ലേബർകമ്മീഷണരുടെയും റിപ്പോർട്ടിൽനിന്നും കിട്ടിയിട്ടുള്ള വിവരങ്ങൾ വച്ചാണു പറയുന്നതു്. തൊഴിൽതർക്കത്തിന്റെ അടിസ്ഥാനമെന്താണെന്നുള്ളതിനെ സംബന്ധിച്ചു് ഈ പതനത്തിൽ ചർച്ച ചെയ്യുന്നതിൽ വലിയ അർത്ഥമില്ല. ക്യാഷ്വൽ ലേബറേഴ്സാണു് പുല്ലുവെട്ടിക്കൊണ്ടിരുന്നതു്. ഈ പുല്ലു് സിററിയിലുള്ള പലർക്കും ഇത്ര പൌണ്ടുവീതം കൊടുത്തുകൊള്ളാമെന്നു ഡിപ്പാർട്ടുമെൻറു ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ടു്. കൊയ്ത്തു വന്നപ്പോൾ തൊഴിലാളികൾ മററു പല സ്ഥലത്തും ജോലിക്കു പോയതുകൊണ്ടു് പുല്ലുവെട്ടി കൺസ്യൂമേഴ്സിനു കൊടുക്കുന്നതിനു സൌകര്യമില്ലാതെ വന്നു. അങ്ങനെ സപ്ലൈ മുടങ്ങുമെന്നുള്ള നില വന്നപ്പോൾ ഒരു കാൺട്രാക്ടു കൊടുത്തുവെന്നുള്ളതു ശരിയാണു്. ഇനി ആ കാൺട്രാക്ടിന്റെ കാലാവധി തീരാതെ ഈ തൊഴിലാളികളെ എംപ്ലായ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടു്. കഴിവുള്ളിടത്തോളം മുൻപു ജോലി ചെയ്തിട്ടുള്ളവർക്കു് ജോലി കൊടുക്കാൻ കൺട്രാക്ടരെ പ്രേരിപ്പിക്കാം. അതൊരു ശുപാർശ എന്നല്ലാതെ നിർബന്ധമായി അവർക്കു് ജോലി കൊടുക്കണമെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടു് കാൺട്രാക്ടിന്റെ കാലാവധി കഴിഞ്ഞാൽ എന്തു ചെയ്യാമെന്നു ആലോചിക്കാം. ഇങ്ങനെ ഒരു അടിയന്തിര പരിതഃസ്ഥിതിയിലാണു് കാൺട്രാക്ടുകൊടുക്കാൻ നിർബന്ധിതമായതു്. തിരുവനന്തപുരം പട്ടണത്തിലുള്ള അനേകം ആളുകൾ അവരുടെ പശുക്കൾക്കുള്ള തീററിസാധനമായി ഈ ഫാമിലുള്ള പുല്ലിനെ ആശ്രയിച്ചിരിക്കുമ്പോൾ പെട്ടെന്നു അതു് ലഭിക്കാതെ വന്നാലുള്ള ബുദ്ധിമുട്ടു് എല്ലാവർക്കും മനസ്സിലാകുന്നതാണു്. അങ്ങനെ വൈഷമ്യമേറിയ ഒരു പരിതഃസ്ഥിതിയിലാണു് കാൺട്രാക്ടു കൊടുത്തതു്. ഇനിയും ഒരു കാൺഫറൻസുകൂടി വീണ്ടും ഈ പ്രശ്നം ചർച്ച ചെയ്യുന്നതിൽ വിരോധമൊന്നുമില്ല. അങ്ങനെ ചെയ്യണമെന്നു ലേബർ കമ്മീഷണർക്കു് നിർദ്ദേശവും കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : തൊഴിലാളികൾ പ്രവർത്തിയെടുക്കുന്ന സമയത്തുതന്നെ കാൺട്രാക്ടു കൊടുത്തുവെന്നുള്ളതും, ഫൈനൽ എഗ്രിമെൻറു സയിൻ ചെയ്യത്തക്ക ഉദ്യോഗസ്ഥനെ അല്ലാ അയച്ചതെന്നുള്ളതും വ്യക്തമായിട്ടുള്ള നിലയിൽ ഈ തർക്കം ഒരു ആർബിട്രേഷനു വിടാൻ മുതിരുമോ എന്നാണു അറിയേണ്ടതു്. ക്യാഷ്വൽ തൊഴിലാളികളാണെന്നും. അതുകൊണ്ടു് തുടരുന്നതിനു അധികാരമില്ലെന്നും തീരുമാനമെടുത്തു. അതാണു് ലേബർ കമ്മീഷണരുടെ മുമ്പിലുള്ള ഡിസ്പ്യൂട്ടു്. അതുപോലെ ഇവരെ ഡിസ്ചാർജ്ജു് ചെയ്തതു് ശരിയാണോ, അല്ലയോ എന്നു തീർച്ചപ്പെടുത്തുന്നതിനു് എഗ്രിമെൻറു സയിൻ ചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥനെയല്ല നിയോഗിച്ചിരുന്നതു്. തൊഴിലാളികളുടെ തുടർച്ചയായിട്ടുള്ള ജോലി ഇല്ലാതാക്കത്തക്കവണ്ണം കാൺട്രാക്ടു കൊടുത്തതിലുള്ള നഷ്ടം സഹിക്കാൻ ഗവൺമെൻറു് തയ്യാറാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഒരു ഉദ്യോഗസ്ഥനെ ഡെലിഗേററു ചെയ്യുന്നതു അദ്ദേഹം പറയുന്നതു് ഗവൺമെൻറിനെ bind ചെയ്യുന്ന എന്ന നിലയിലാണു്. കൺസിലിയേഷനാണു് അയച്ചതു്. അതിനു ശേഷമാണു് മററു കാര്യങ്ങളെല്ലാം വരുന്നതു്. ഏതായാലും ഇതു സംബന്ധിച്ചു ചർച്ച ചെയ്യാതെ ആർബിട്രേഷന്റെ കാര്യം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LEGISLATIVE BUSINESS

The Kerala Land Reforms Bill 1963 (Second Reading)

Clause 2 (22)

Mr. Speaker : Smt. Gouri was speaking about her amendment under Clause 2 (22) yesterday. She may continue.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : കാണത്തിന്റെ ഡെഫിനിഷനിലുള്ള;

'Provided that kanapattam or any other demise governed by the Travancore Jenmi and Kudiyan Act of 1071 or the Kanam Tenancy Act, 1955, shall not be deemed to be a kanam ,

ഈ proviso ആവശ്യമില്ല എന്നാണ് ഇന്നലെ ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു്. ഹൈക്കോടതിയുടെ വിധിമൂലം ആ ആക്ററ് മുഴുവൻ struck down ചെയ്തിട്ടില്ല ദേവസ്വങ്ങളുടെ ഭൂമികളെ സംബന്ധിച്ചാണ് നിയമം Struck down ചെയ്തതു്. അതുകൊണ്ടു് 80 ശതമാനത്തോളം വരുന്ന ഭൂമികൾ ഈ ആക്ററിന്റെ പരിധിയിൽനിന്നും പോയിരിക്കുകയാണ്. ഞാൻ അറിഞ്ഞതു് ശരിയാണെങ്കിൽ ഇന്നുവരെ ഗവണ്മെൻറു അതിന് അപ്പീൽ കൊടുത്തിട്ടില്ല. അപ്പീൽ കൊടുക്കുന്നതിനുള്ള നടപടി എടുക്കുമെന്നു പറഞ്ഞേക്കാം. പക്ഷേ. ഇന്നുവരെ എടുത്തിട്ടില്ല. 1071–ാമാണ്ടു മുതൽ തിരുവിതാംകൂർ ഭാഗത്തു് കാണമെന്നു അംഗീകരിച്ചു കഴിഞ്ഞിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഒരു കാലത്തും ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള നിലവന്നു. 1108–ൽ അവർ കൊടുക്കേണ്ട കരം സെററിൽ ചെയ്തു. ജന്മിക്കരം വാങ്ങാൻ മാത്രം ജന്മിക്കവകാശമായി. ഈ അവകാശമുള്ള ആളുകൾ കാർഷികബന്ധനിയമമോ അല്ലെങ്കിൽ അതുപോലുള്ള നിയമമോ നടപ്പിലായി കഴിഞ്ഞതിനു ശേഷം വെറും പാട്ടക്കുടിയാന്മാർ കൈവശഭൂമി വാങ്ങി വസ്തു ഉടമയായിക്കഴിഞ്ഞിട്ടും കാണക്കുടിയാന്മാർ വസ്തു ഉടസ്ഥന്മാരാകാതെ സെററിൽമെൻറു് കരം തുടർന്നു കൊടുക്കുന്ന ഒരു വ്യവസ്ഥ നിൽക്കുന്നതു് ശരിയല്ല എന്ന അടിസ്ഥാനത്തിലാണ് Poviso എടുത്തുകളയണമെന്നാവശ്യപ്പെടുന്നതു്. ആ നിയമത്തിൽ ചേർത്തിരിക്കുന്ന Compensation Slab കൂടി ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. Jenmikaram സെററിൽമെൻറു കൊച്ചിയിൽ കഴിഞ്ഞിരിക്കുകയാണ്. ഈ രണ്ടു വിഭാഗക്കാരെയും കൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ഗവണ്മെൻറു് വന്നതിനുശേഷം ജന്മികുടിയാൻ റഗുലേഷനിൽപെട്ട കാണക്കാർക്ക് ഒരു ദ്രോഹം ചെയ്തുകഴിഞ്ഞു. 1960–നു ശേഷം ഈ ജന്മികുടിയാൻ ഭൂമികളുടെ ജന്മിക്കരം revise ചെയ്യാൻ കമ്മിററി സംഘടിപ്പിച്ചു്, സാധനവിലകൂട്ടി. പഴയ Commutation rate മാററി ജന്മിക്കരം കൂട്ടിക്കഴിഞ്ഞു 4 അണ കൊടുത്തിരുന്ന സ്ഥലത്തു് കരം 1 രൂപാ 8 അണയായി. അങ്ങനെ ഈ വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം കരം കൂട്ടിയിട്ടുണ്ടു്. അങ്ങനെ കൂടിയ കരം കൊടുത്തുകൊണ്ടിരിക്കുന്നവർ തുടരുന്നതു ശരിയല്ല. ഏതായാലും ഈ കാണം ഭൂമികളെ പ്രത്യേകതരം ടെനൻവർ ആയി കണക്കാക്കണമെന്നു പറയുന്നതിന് പ്രത്യേക കാരണങ്ങളുണ്ടു്, കാണം കേരളത്തിൽ മൊത്തത്തിൽ ഒരുപോലെയാണ്. അതിന്റെ ഉത്ഭവം തന്നെ ഇങ്ങനെയാണ്. ഭൂമിയിൽ യഥാർത്ഥത്തിൽ യാതൊരു ബന്ധവുമില്ലാതിരുന്ന, കൃഷി ചെയ്യാൻ അറിഞ്ഞുകൂടാത്ത, ആളുകൾക്കു് അന്നത്തെ സാമൂഹ്യക്രമത്തിന്റെ പ്രത്യേകതമൂലം ഗവണ്മെൻറിൽനിന്നും കരം ഒഴിവായോ, അല്ലെങ്കിൽ ചെറിയ കരം ചുമത്തിയോ ഭൂമി വിട്ടുകൊടുത്തു. അങ്ങനെ വിട്ടുകൊടുത്ത ഭൂമിയുടെ കൈവശാവകാശി എന്ന നിലയിൽ അവർ ജന്മിയായി. ജന്മിമാർ കൈവശക്കാർക്കും അല്ലാത്തവർക്കും കാണങ്ങൾ ചാർത്തിയിട്ടുണ്ടു്. തിരുവിതാംകൂറിൽ ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളുംമാത്രമാണ് ആദ്യകാലത്തു് കാണം ചാർത്തികൊടുത്തിട്ടുള്ളതു്. പരശുരാമന്റെ കാലത്തു ബ്രാഹ്മണർക്ക് ഭൂമി ദാനം ചെയ്തുവെന്നു നാം കേട്ടിട്ടുണ്ടു്. കുറേക്കാലം കഴിഞ്ഞശേഷം ഭൂമി ദൈവങ്ങൾക്കു ദാനം ചെയ്തു. ഇങ്ങനെയെല്ലാം ദാനം ചെയ്തിട്ടുള്ള ഭൂമിയിൽ അന്നുതന്നെ കൈവശക്കാരുണ്ടായിരുന്നു; അല്ലാത്തതും ഉണ്ടായിരുന്നു. ഭൂമി ഒരു nominal തുകയ്ക്കു് ചാർത്തി അനുഭവിക്കുന്നതിനു വേണ്ടി കൊടുത്തു. കൊടുത്തവരും വാങ്ങിയവരും തമ്മിൽ ഭോഗം നിശ്ചയിച്ച ബന്ധം നിർത്തി.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളും മാത്രമല്ല, മററാളുകളും കാണം ചാർത്തി കൊടുത്തിട്ടുണ്ടു്,

<u>ശ്രീമതി കെ. ആർ. ഗൗരി :</u> കാണത്തിന്റെ വളർച്ചയെപ്പററി ഞാൻ പറയാം. അപ്പോൾ എല്ലാം മനസ്സിലാകും. ആദ്യം ഉണ്ടായ കാണങ്ങളുടെ ചരിത്രമാണു ഞാൻ പറഞ്ഞതു്. റവന്യൂമാനുവൽ എടുത്തു നോക്കിയാൽ ആദ്യം ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളുമാണ് ഭൂമി കാണമായി ചാർത്തി കൊടുത്തിട്ടുള്ളതെന്നു കാണാം. ഭൂമിയുമായി ബന്ധമില്ലാത്തവർക്കു് ഭൂമി ദാനം കൊടുത്തപ്പോൾ അവരതു മററുള്ളവർക്കു് കാണമായി ചാർത്തിക്കൊടുത്തു. എന്നിട്ടു് അതിന്റെ അടിസ്ഥാനത്തിൽ ഇത്രയും കാലം മിച്ചവാരവും മററു കസ്റ്റമറി ഡ്യൂസും വാങ്ങിക്കൊണ്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ ഭൂമി കൊടുത്തയാളും വാങ്ങിയ ആളും തമ്മിൽ ജന്മി, കുടിയാൻ ബന്ധം നിൽക്കാൻ ചെറിയ മിച്ചവാരം, ഭോഗങ്ങൾ, കാഴ്ച ഇവയെല്ലാം പ്രമാണത്തിൽ വന്നു. രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഫലമായിട്ടാണ് കൂടുതൽ ഭൂമി കൈമാററം ചെയ്തതു്. രാജാക്കന്മാർ ദൈവത്തിനും, ബ്രാഹ്മണനും ഭൂമി കൊടുക്കുന്നതിനും പുറമെ മററു സേവനങ്ങൾക്കും ഭൂമി ദാനമായി കൊടുത്തിട്ടുണ്ടു്. അല്ലാതെയും ഭൂമി കൂട്ടമായി ചില ആളുകളുടെ കൈവശം ചെന്നിട്ടുണ്ടു്. പണ്ടു വില്ലേജ് ആഫീസറന്മാർ ആരോടെങ്കിലും വിരോധം തോന്നിയാൽ അവർക്കു ധാരാളം ഭൂമി പതിച്ചു കൊടുക്കുമായിരുന്നു. കരം കൊടുത്തു മുടിയുവാൻ. അങ്ങനെയും വളരെ ഭൂമികൾ ചില ആളുകളുടെ കൈവശം കുന്നുകൂടി.

ഭൂമിക്കു കരം കൊടുക്കണമെന്നുണ്ടല്ലോ. കൃഷിചെയ്യാതെ ഇട്ടിരിക്കുന്ന ഭൂമി, വില്ലേജാഫീസറന്മാർക്കു വിരോധമുള്ളവരുടെ പേരിൽ പതിച്ചുകൊടുത്താൽ, കരക്കുടിശ്ശികയുടെ പേരിൽ റവന്യൂറിക്കവെറി ആക്ററനുസരിച്ച് ജപ്തിചെയ്തു അവരെ അപമാനിക്കാൻ സാധിക്കും. ഇങ്ങനെ പലവിധത്തിൽ ഭൂമി കൈവശം വന്നുചേർന്നിട്ടുള്ളവർ, കാലക്രമേണ അതു ഓരോ ആവശ്യത്തിന്റെ പേരിൽ, കാണയർത്ഥം വാങ്ങിയിട്ടു് മററുള്ളവർക്കു പതിച്ചു കൊടുക്കാൻ തുടങ്ങി. മലബാറിലെ റവന്യൂ മാനുവൽ എടുത്തുനോക്കിയാൽ അവിടത്തെ ഭൂവിതരണസംപ്രദായം മനസ്സിലാകും. ഗവണ്മെന്റു ഭൂമിയായാലും, വേറേ ഏതു ഭൂമിയായാലും, വലിയ ജന്മിമാരുടെ ഭൂമിയോടു തൊട്ടുകിടക്കുന്ന ഭൂമിയെല്ലാം ആ ജന്മിമാരുടെ പേരിൽ ചേർത്തു ചാർത്തിക്കൊടുക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നതു്. അവിടെ മററു ഭൂമികളെ സംബന്ധിച്ച് കൃഷിചെയ്യാതെ ഇട്ടിരുന്നാൽ കരം കൊടുക്കണമെന്നില്ലായിരുന്നു. നദികളും, തോടുകളും, ആറുകളും എല്ലാം ജന്മിമാരുടെ ഭൂമിയോടു തൊട്ടുകിടക്കുന്നതു് ഭൂമി പതിവുപ്രകാരം അവരുടേതായി ചാർത്തിക്കൊടുത്തു. അതുകൊണ്ടു് മലബാറിൽ നദികളെല്ലാം സ്വകാര്യവ്യക്തികളുടേതായി മാറി. ബ്രിട്ടീഷുകാരുടെ ഭരണകാലത്തു് ഭരണം നിലനിറുത്തുന്നതിനായിട്ടും, നാടുവാഴികളുടെ കാലത്തു ഭരണംനിലനിറുത്തുന്നതിനായിട്ടും ചരിത്രത്തിന്റെ വളർച്ച നോക്കിയാൽ, നാട്ടിലെ ഭൂമികളുടെ കൈമാററം ഇതുപോലുള്ള ഓരോ സാഹചര്യങ്ങളിൽ ഓരോരുത്തരുടെ കൈയിൽ ചെന്നുചേർന്നിട്ടുള്ളതാണെന്നു മനസ്സിലാക്കാം. യഥാർത്ഥത്തിൽ കൃഷിചെയ്തിരുന്നവരുടെ കൈയിൽനിന്നു്, മററുവിഭാഗക്കാർക്കു പതിച്ചുകൊടുത്തും, അങ്ങനെ പതിച്ചു വാങ്ങിയ ആളുകൾ തന്നെ കൈവശം മററുള്ളവർക്കു നൽകിയും ഇങ്ങനെ കാണം ആദ്യംമുതൽക്കു തന്നെ ഫേവറബിൾ ടെനൻറ് എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടിരുന്നതു്. അങ്ങനെയാണു കാണത്തിന്റെ ആദ്യത്തെ ഉത്ഭവം. മലബാറിലാണെങ്കിൽ പഴയകാലത്തു് നായർമുതൽ കീഴ്പോട്ടുള്ളവർക്കു ഭൂമിയുടെ ജന്മം പാടില്ല എന്നുപോലുമുണ്ടായിരുന്നു. 1900 ാമാണ്ടിലാണെങ്കിൽ, ബ്രാഹ്മണർ, നമ്പൂതിരിമാർ, ക്ഷത്രിയർ എന്നിവർക്കല്ലാതെ നായർ ഉൾപ്പെടെ മററാർക്കും വസ്തുക്കളുടെ പട്ട വാങ്ങാൻ പാടില്ലെന്നായിരുന്നു വയ്പു്. അതിനു വിപരീതമായി നടന്നിട്ടുള്ള നായർതറവാട്ടുകളിൽനിന്നു സംബന്ധക്കാരായ നമ്പൂതിരിമാർ ആ വീട്ടിൽനിന്നിറങ്ങിപ്പോകുമായിരുന്നുവത്രേ. 1900–ാമാണ്ടിലെ സമ്പ്രദായം അതായിരുന്നു. മൊത്തത്തിൽ, കേരളത്തിൽ, മലബാറിലും, കൊച്ചിയിലും, തിരുവിതാംകൂറിലും കാണത്തെ സംബന്ധിച്ചിടത്തോളം ഫേവറബിൾ ടെനൻറായി കണക്കാക്കിയിരുന്നു് നിയമങ്ങളില്ലാത്ത കാലങ്ങളിലും താരതമ്യേന ഒഴിപ്പിക്കൽ നടന്നിട്ടില്ല. വളരെ ദുർലഭമായിട്ടേ ഒഴിപ്പിച്ചിട്ടുള്ളു. കാരണം ജന്മികൾക്കു് കൃഷി അറിഞ്ഞുകൂടാ. രണ്ടാമതു് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുമ്പോൾതന്നെ കുടിയാന്മാർ ഭൂമികളിൽ ഉണ്ടായിരുന്നു. അവരെ തുടരുന്നതിന് അനുവദിക്കുകയും, ഇല്ലാതിരുന്ന സ്ഥലങ്ങളിൽ പുതിയ കുടിയായ്മ സൃഷ്ടിക്കുകയും ചെയ്തു. പണം കരസ്ഥമാക്കാനും Security ക്കുവേണ്ടിയും വസ്തുക്കൾ കാണം എന്ന നിലയിൽ ചാർത്തികൊടുത്തിരുന്നു. ടെനുവർ ചില അടിയന്തിരാദികൾക്ക കാഴ്ച കൊടുക്കണമെന്നും, മററു തരത്തിലുള്ള കസ്റ്റമറി ഡ്യൂസ് കൊടുക്കണമെന്നും, ഓരോ കുടുംബത്തിലും വിശേഷം ഉണ്ടാകുമ്പോൾ പതിവു കാഴ്ചകൾ ചെയ്തു് ജന്മി കുടിയാൻബന്ധമുറപ്പിച്ചു കൊടുക്കണമെന്നും ദേവസ്വങ്ങളിലും ബ്രഹ്മസ്വങ്ങളിലുംമാത്രം അടങ്ങിയിരുന്ന ഈ സമ്പ്രദായങ്ങൾ ക്രമേണ മററുചില വിഭാഗക്കാരിലേക്ക പകന്നു. മാടമ്പിമാരും, അതുപോലെ മററു കൃഷിചെയ്യാതെ കഴിഞ്ഞിരുന്ന സമുദായത്തിലെ മേലേ കിടയിലുള്ളവരും ഭൂമി കൃഷിക്കുകൊടുക്കുന്നതിന് കാണം ഉപയോഗിച്ചുവന്നു. ഈ വ്യത്യാസങ്ങൾ Tenure ലും, അതിൻെറ Incidents ലും പ്രത്യേകമായി കാണാവുന്നതാണ്. ആദ്യകാലങ്ങളിലെ കാണത്തിലുള്ള എല്ലാ Incidents-ും പിൽക്കാലക്കാണത്തിൽ കാണുകയില്ല. അതുപോലെ കാണയത്ഥ വ്യത്യാസങ്ങളും കാണും. ജന്മികുടിയാൻ റഗുലേഷനിലും, കൊച്ചി കാണം ടെനൻസി നിയമത്തിലും കാണത്തെ സംബന്ധിച്ച വ്യാഖ്യാനങ്ങൾ നോക്കിയാൽ ഇതു വ്യക്തമാണ്. കേരളത്തിലാകെത്തന്നെ, മലബാറിലും, കൊച്ചിയിലും, തിരുവിതാംകൂറിലും, മാടമ്പിസമ്പ്രദായംവിട്ട് ക്രമേണ ഭൂമി കൈവശക്കാരായ ജന്മിമാരും മററും സ്വന്തം ഭൂമി കൃഷി ചെയ്യുന്നതിനുള്ള അസൗകര്യം നിമിത്തവും, അടിയന്തിരാവശ്യങ്ങൾക്ക പണം ആവശ്യമുണ്ടാകുമ്പോൾ പണം വാങ്ങുന്നതിനും മററും ഭൂമി മററുള്ളവക്ക പാട്ടമായിട്ട് കരിപണയം, നേർപണയം എന്നിങ്ങനെയുള്ള പേരിൽ ചില വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടു ചാർത്തിക്കൊടുത്തു. അങ്ങനെ പേരുകൾ പലതായാലും Incidents ഒന്നാണെങ്കിൽ കാണമായിട്ടു പരിഗണിക്കേണ്ടതാണ്. അതുകൊണ്ടാണ് ഒററി. കരിപണയം, നേർപണയം എന്നീ കരണങ്ങൾക്കൂടി (a) and (b) incidents ഉണ്ടെങ്കിൽ ഉൾപ്പെടുത്തിക്കൊണ്ടു ഇതു പരിഗണിക്കണമെന്ന ഭേദഗതി ഞാൻ കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ : കാർഷികബന്ധ നിയമത്തിൽ കാണത്തിനു കൊടുത്തിട്ടുള്ള നിർവ്വചനം സ്വീകരിക്കുകയാണെങ്കിൽ മതിയാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. മാലേത്തു ഗോപിനാഥപിള്ള ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. അതിൽ ഒററിയുടെ കാര്യം മാത്രമേ പറയുന്നുള്ളു. മന്ത്രി ഉദ്ദേശിക്കുന്നതു് "or by any other name" എന്നു മാത്രമാണെങ്കിൽ ഞാൻ അംഗീകരിക്കുന്നില്ല. കരിപണയം, നേർപണയം, ഒററി ഈ വസ്തുക്കളെ സംബന്ധിച്ചിടത്തോളം ആ പേരുകൾകൂടി എന്തുകൊണ്ട് ചേത്തുകൂടാ ? ചേത്തില്ലെങ്കിൽ ദോഷമുണ്ട്.

ശ്രീ. പി. ടി. ചാക്കോ : മന്ത്രി ഉദ്ദേശിക്കുന്നതിരിക്കട്ടെ. രാജ്യത്തിനാവശ്യമുള്ളതും, ഈ സഭയ്ക്കു അംഗീകരിക്കാവുന്നതും ആണോ, കാർഷികബന്ധനിയമത്തിൽ കാണത്തിനു കൊടുത്തിട്ടുള്ള ഡഫനിഷൻ സ്വീകരിക്കുക എന്നാണ് ചോദിച്ചതു്.

ശ്രീമതി കെ. ആർ. ഗൗരി : കാർഷികബന്ധനിയമം വന്നതിനുശേഷം ഇതിനെ സംബന്ധിച്ച കോടതിവിധികൾ ഉണ്ടായിട്ടുണ്ടല്ലോ. ആ വസ്തുതകൂടി മന്ത്രി കണക്കിലെടുക്കണം. ആ സ്ഥിതിക്ക് ഈ നിയമത്തിൽ Incidents (a) and (b) മതിയെന്നുള്ളതു് (a) and (b) and (c) വേണമെന്നു മനസ്സിൽ വച്ചിട്ടുണ്ടെങ്കിൽ ഞാൻ പറഞ്ഞിട്ടാണെന്നു വരുത്തണോ ? അതേസമയം "for latter's enjoyment" എന്ന വാക്ക് എടുത്തുകളയണമെന്ന ഭേദഗതിയും ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. കരണം അനുഭവിക്കുന്നതിനാണോ document ലെ പ്രാബല്യമെന്നു് കോടതി നോക്കുകയും അതുമൂലം കാണാവകാശം നഷ്ടപ്പെടത്തക്കവിധം വ്യാധികളുമുണ്ടാകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു വ്യാഖ്യാനം വന്നിരിക്കുന്ന സ്ഥിതിക്ക്, കാർഷികബന്ധനിയമത്തിലെ വ്യവസ്ഥ സ്വീകാര്യമാണോ എന്നു ചോദിക്കേണ്ട ആവശ്യമില്ല. യഥാത്ഥ കാണ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. ഗൗരി)

ക്കാർക്ക്, അർഹതപ്പെട്ട കാണക്കാർക്ക് ഇതിന്റെ ആനുകൂല്യം കിട്ടുന്നില്ലെങ്കിൽ അതുകിട്ടത്തക്ക വ്യാഖ്യാനം വേണം. കാർഷികബന്ധ നിയമത്തിലെ ഡഫനിഷൻ "പോരേ" എന്നു ചോദിച്ചാൽ 'പോരാ' എന്നാണു പറയാനുള്ളത്. നമുക്കു കാർഷികബന്ധ നിയമത്തിൽ,നിന്നു മുമ്പോട്ടു പോകാം ; പുറകോട്ടു പോകണ്ടാ. നിയമസഭ ആലോചിക്കേണ്ടതു് കാർഷികബന്ധനിയമം വന്നു കഴിഞ്ഞതിനുശേഷം, തിരിയെപുറകോട്ടു പോകണമോ, മുമ്പോട്ടു പോകണമോ എന്നാണു്.

<u>ശ്രീ. മാലേത്തു ഗോപിനാഥപിള്ള</u> : തിരുവിതാംകൂർ വിഭാഗത്തെ ഒററിക്കാരെ, കാണക്കാരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാണോ ?

<u>ശ്രീമതി കെ. ആർ. ഗൗരി</u> : ശ്രീ. മാലേത്തു ഗോപിനാഥപിള്ള ഉൾപ്പെടെയുള്ള സെലക്റ്റുകമ്മിററിയല്ലേ, "Whether described in the document evidencing the transaction as kanam or kanapattam or by any other name" എന്നു എഴുതിചേർത്തതു് ; അതു് എന്തുദ്ദേശത്തിലായിരുന്നു ?

<u>ശ്രീ. മാലേത്തു ഗോപിനാഥപിള്ള</u> : സെലക്റ്റു കമ്മിററിയിൽ ഉണ്ടായിരുന്നതുകൊണ്ടു് ആ അഭിപ്രായം ആകണമെന്നുണ്ടോ ?

<u>ശ്രീമതി കെ. ആർ. ഗൗരി</u> : അപ്പോൾ, സെലക്റ്റുകമ്മിററി റിപ്പോർട്ടിനോടു് ശ്രീ. മാലേത്തു ഗോപിനാഥപിള്ള വിയോജിക്കുന്നുവെന്നാണോ മനസ്സിലാക്കേണ്ടതു് ?

സർ, ഏതായാലും ഈ രാജ്യത്തു കാണത്തിനു് ഒരു പ്രത്യേക ചരിത്രമുണ്ടു്. ഒരുകാലത്തു കാണമായി അനുഭവിച്ചിരുന്ന വസ്തുക്കൾ കാലാന്തരത്തിൽ, ചില കുടുംബങ്ങൾ പെണ്ണുകെട്ടിനും, മററു അടിയന്തിരാദികൾക്കും, ഓണത്തിനും വിഷുവിനും പണയപ്പെടുത്തി പണംവാങ്ങി മുടിഞ്ഞു പോയിട്ടുണ്ടു്. അങ്ങനെ മുടിഞ്ഞ കുടുംബങ്ങൾ ധാരാളമുണ്ടു്. പക്ഷേ, കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമി, കാണപ്പാട്ട വ്യവസ്ഥയിൽ ചാർത്തി കൊടുത്തതിനുശേഷം, അതിനേക്കാൾ കുറേക്കൂടി പണം ആവശ്യപ്പെട്ടുകൊണ്ടു് പിന്നെ കരിപണയം നേർപണയം മുതലായ പേരിൽ ചാർത്തികൊടുത്താൽ അതു കാണം അല്ലാതെ പോകുന്നതിനെ ഞാൻ എതിർക്കുകയാണു്. കഴിഞ്ഞ കാലത്തു ഇവിടെ പാസ്സാക്കിയ, ശ്രീ. പട്ടം താണുപിള്ള പി. എസ്സ്. പി. മുഖ്യമന്ത്രിയായിരിക്കുന്നോൾ, ശ്രീ. പി. എസ്സ്. നടരാജപിള്ള അവതരിപ്പിച്ചതും, അതു കഴിഞ്ഞതിനുശേഷം, പനമ്പിള്ളി ശ്രീ. ഗോവിന്ദമേനോന്റെ ഭരണകാലത്തു സെലക്റ്റുകമ്മിററി റിപ്പോർട്ടു് ഈ നിയമസഭയിൽ അവതരിപ്പിച്ചതുമായ ഒരു നിയമം ചർച്ചയ്ക്കു വന്നപ്പോൾ, ഇവിടെ കുറെ തൊപ്പിപ്പാളക്കാർ ഒരു സത്യാഗ്രഹം നടത്തുകയുണ്ടായി. അന്നു് ഇതിനെപ്പററി കുറേ ചർച്ചകൾ നടന്നു. കാണത്തെ സംബന്ധിച്ച വ്യവസ്ഥകളെ സംബന്ധിച്ച് കാൺഗ്രസ്സിന്റെ ഭാഗത്തിരുന്ന ആളുകൾ ഉൾപ്പെടെ ചിലർ ഒററിക്കും കാണത്തിനും വ്യാഖ്യാനങ്ങൾ നൾകിക്കൊണ്ടു നിയമസഭയിൽ വാദിച്ചിരുന്നു. ഒററിയെ സംബന്ധിച്ച അന്നത്തെ കാൺഗ്രസ്സുകാരുടെ നിലപാടു് ഇന്നത്തേതിൽനിന്നു വ്യത്യസ്തമായിരുന്നു. അതു കഴിഞ്ഞതിനുശേഷം, കാർഷികബന്ധനിയമം വന്നപ്പോൾ കാണത്തിൽപ്പെടുന്ന ഒററിക്കും മററും നിർവചനം നൽകി. അതിൽ ചില പേരിലുള്ള Tenure കൾ ഉൾപ്പെടുത്തിയിട്ടുണ്ടു്. ശ്രീ. നാരായണക്കുറുപ്പു് 340-ാമത്തെ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. ശ്രീ. നാരായണക്കുറുപ്പു് കഴിഞ്ഞ കാലത്തു് 'കാണം' എന്നു കേട്ടാൽ അവർക്കു വേണ്ടി കെട്ടിത്തൂങ്ങി ചാകാൻ നിൽക്കുന്ന മട്ടിൽ അത്ര സംരക്ഷണം നൽകാൻ താൽപര്യം കാണിച്ചിരുന്നയാളാണു്. ഇപ്പോൾ ഭേദഗതിയിൽ ആവശ്യപ്പെടുന്നതു്, "any other name" എടുത്തുകളയണമെന്നാണു്. മറെറാരു പ്രൊവിഷനുമുണ്ടു്, "land under a mortgagee as defined in Sec ion 58 (i) of the Transfer of Property Act" എടുത്തുചേർക്കണമെന്നു്. അങ്ങനെ ഒരു ഭേദഗതി ശ്രീ. കുറുപ്പു് അവതരിപ്പിച്ചിരിക്കുകയാണു്. കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതലായി ശ്രീ. കുറുപ്പു് any other name എന്നുകൂടി ചേർത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

78584

Shri P. T. Chacko: Amendment 348 is an amendment to sub-clause 23 and not for this clause.

ശ്രീമതി കെ. ആർ. ഗൗരി : സർ, കാണത്തെ സംബന്ധിച്ച് "by any other name" എന്നു വേണമെന്നു മന്ത്രിക്കു നിർബന്ധമുണ്ടെങ്കിൽ, മാലേത്തിനു് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ അതു പറയണം. ഒററി, കരിപണയം, നേർപണയം, അതുപോലുള്ള കാണങ്ങളുടെ കരണങ്ങൾ വരുന്ന ഭൂമിയെ സംബന്ധിച്ച മന്ത്രിക്കു കിട്ടിയിട്ടുള്ള വിദഗ്ദ്ധോപദേശം എന്താണു്, ലാ ഡിപ്പാർട്ടുമെൻറിൽനിന്നും മററും വിദഗ്ദ്ധോപദേശം കിട്ടാൻ മന്ത്രിക്കു സൗകര്യമുണ്ടല്ലോ. ഒററി, പണയം, കരിപണയം, നേർപണയം എന്നീ പേരുകൾ ഉൾപ്പെടുത്തേണ്ടാ എന്ന ഉപദേശമാണു് കിട്ടിയിട്ടുള്ളതെങ്കിൽ എൻെറ 30-ാമത്തെ ഭേദഗതി ഞാൻ നിർബന്ധമായി പ്രസ്സ ചെയ്യുന്നില്ല. എൻെറ അഭിപ്രായം ആ പേരുകൾകൂടി ഉൾപ്പെടുത്തണമെന്നതാണു്. കാരണം ഒരു നിയമത്തിലുണ്ടായിരുന്ന പദം എടുത്തുമാററിയാൽ ആ പദംകൊണ്ടു് നിർവചിക്കുന്ന Tenure ഉൾപ്പെടുത്തണ്ടാ എന്നാണു് സഭയുടെ ഉദ്ദേശമെന്നു കോടതി വ്യാഖ്യാനിക്കും. അങ്ങനെ ഒററി, കരിപണയം, നേർപണയം എന്ന പേരിൽ അറിയപ്പെടേണ്ട കാണങ്ങൾക്കു് അവസ്സ കിട്ടേണ്ട സംരക്ഷണം ഇല്ലാതാകരുതു്.

In clause 2(22) line six, omit the words " by any other name " and substitute 'otti' panaym, karipanayam, or nerpanayam or any other name.' ഇന്നത്തെ നിലയിൽ ഈ ഖണ്ഡിക എടുത്തുകളയുകയാണെങ്കിൽ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ടെന്യൂവറിനു് എതിരായിട്ടു വരുമോ, ടെനൻറിനെ സംബന്ധിച്ചിടത്തോളം മുമ്പു കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഈ വ്യവസ്ഥമൂലം നഷ്ടപ്പെടുമോ എന്നുള്ളതൊക്കെ വളരെ ഗൗരവത്തോടുകൂടി പര്യാലോചിക്കേണ്ടതാണു്. ടെനൻറിനു് ഒരു കാരണവശാലും ഈ വ്യവസ്ഥ കൊണ്ടു് ദോഷം സംഭവിക്കുന്നില്ല എങ്കിൽ ഇതു സംബന്ധിച്ചു് മാററംവരുത്തേണ്ടതില്ല, എനിക്കു് അഭിപ്രായവ്യത്യാസവുമില്ല. പക്ഷേ ഈ ഖണ്ഡികയുടെ വ്യാഖ്യാനത്തിൽ ഒരു സംശയം തോന്നിയതുകൊണ്ടാണു് ഞാൻ ഒരു ഭേദഗതിതന്നെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതായതു്, ഭേദഗതി നമ്പർ 31. എന്നാൽ, 31-ാം നമ്പർ ഭേദഗതിയേക്കാൾ കുറേക്കൂടി effective ആയിട്ടുള്ളതു് ഭേദഗതി നമ്പർ 190 ആണു്. ആ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു് 'And in the District of Trivandrum it includes those transactions of specific immovable property describing it as otti of lands, to those persons who have no other land of their own, whether as tenant, or as owner, with specific stipulation to live on it and to cultivate it even though the conditions in (c) are not satisfied." എന്നാണു്. ഈ ഭേദഗതി ഞാൻ കൊണ്ടുവന്നതിൻെറ ഉദ്ദേശം ഇതാണു്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പലസ്ഥലങ്ങളിലും ജന്മിമാർ ഭൂമി ചെറിയചെറിയ തുകകൾ വാങ്ങിക്കൊണ്ടു് ചാർത്തിക്കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു, നടപ്പുപണയമെന്നോ മറേറാ പറയും. എന്നാൽ അങ്ങനെയുള്ള ആ സമ്പ്രദായം ഒററി എന്ന വ്യവസ്ഥയിൽ ഉൾക്കൊള്ളിക്കുകയാണെങ്കിൽ ഇന്നത്തെ രീതിയിൽ ആ വസ്തു കൈവശം വച്ചിരിക്കുന്ന കർഷകൻ ഒഴിഞ്ഞുപോകേണ്ടതായി വരും. സ്വന്തമായി ഭൂമിയില്ലാത്ത കുടിയാനു താമസിക്കുന്നതിനും കൈവശ ഭൂമിയിൽ കൃഷി ചെയ്യുന്നതിനും ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന അതായതു് അങ്ങനെയുള്ള ഒരു സ്റ്റിപ്പുലേഷനോടുകൂടിയുള്ള വ്യവസ്ഥയായിരിക്കണം ചേർക്കേണ്ടതു്. മുമ്പിലത്തെ കാർഷികബന്ധ നിയമത്തിൽ കുടികിടപ്പുകാരൻ എന്ന പദത്തിൻെറ നിർവ്വചനത്തിൽ വെറും കുടികിടപ്പുകാരനോ അല്ലെങ്കിൽ ഒററിക്കുടിയാനോ ആണെങ്കിൽതന്നെയും കുടികിടപ്പവകാശം യഥാർത്ഥത്തിൽ ഉണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഒററിക്കുടിയാനാകുന്നതിനു മുൻപു് ഭൂമിയിൽ നിന്നു് ഒഴിപ്പിച്ചാലും കുടികിടപ്പിൽ നിന്നു് ഒഴിപ്പിക്കാൻ പാടില്ലെന്നാണു് പറഞ്ഞിരിക്കുന്നതു്, കൈവശഭൂമി നന്നാക്കി കൃഷിചെയ്തുവരുന്ന കുടിയാനെ അവൻെറ അവകാശങ്ങൾ അവഗണിച്ചുകൊണ്ടു് ഭൂമിയിൽ നിന്നും ഇറക്കിവിടരുതെ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. ഗൗരി) :

ന്നാണ് എന്റെ അഭിപ്രായം. തിരുവനന്തപുരം ഡിസ്ട്രിക്ററിൽ തിരുവനന്തപുരത്തും നെയ്യാററിൻകരയും ചിറയിൻകീഴും ഞാൻ മുൻപു പറഞ്ഞതുപോലെ ധാരാളം ഒററിക്കുടിയാന്മാരുണ്ട്. കുടിയാന്മാരുടെ ന്യായമായ അവകാശങ്ങൾ ലഭിക്കുന്നതിനെ സംബന്ധിച്ച് കോടതിയിൽ കൊടുത്തിട്ടുള്ള കേസുകൾ കുടിയാനു ദോഷമായിട്ടുള്ള വിധത്തിൽ ഉണ്ടായിട്ടുള്ള ജഡ്ജ്മെൻറിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പലരും എഴുത്തുകൾ അയച്ചിട്ടുണ്ട്. അത്തരത്തിലുള്ള എഴുത്തുകൾ കുറെയധികം എനിക്കു കിട്ടിയിട്ടുണ്ട്. ചാർത്തിക്കൊടുത്ത ഭൂമിയേയോ, അല്ലെങ്കിൽ ഒററികൊടുത്ത ഭൂമിയേയോ സംബന്ധിച്ചു മാത്രമല്ല, ഭൂമിയിൽ അദ്ധ്വാനിച്ചു നന്നാക്കിക്കൊള്ളുക എന്നു പറഞ്ഞു് കൊടുക്കുന്ന ഭൂമിയേക്കൂടി ഒററി എന്ന നിലയിൽ പരിഗണിക്കണമെന്നാണു എന്റെ അഭിപ്രായം. തരിശുഭൂമി കഠിനാദ്ധ്വാനംചെയ്തു ഫലഭൂയിഷ്ഠമാക്കുമ്പോൾ അവിടെ നിന്നും ഇറങ്ങിപ്പോകണമെന്നു പറയുന്നതു്, ശരിയല്ല. അതുകൊണ്ട് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം, ബന്ധപ്പെട്ട മന്ത്രിയും നിയമപരിജ്ഞാനമുള്ള ഡിപ്പാർട്ടുമെൻറു മേലധികാരികളുംകൂടി ആലോചിച്ചു ഒററിക്കാരെ സംബന്ധിച്ചിടത്തോളം അവക്കനുകൂലമായ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കാൻ ഒന്നു പരിശ്രമിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ശ്രീ. നാരായണക്കുറുപ്പിന്റേയും ശ്രീ. ഗോപിനാഥപിള്ളയുടെയും ഭേദഗതികളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ചില വ്യത്യാസങ്ങളൊഴിച്ചാൽ ശരിയാണ്. ഈ വകുപ്പു സംബന്ധിച്ച് ഒരു ചർച്ചയ്ക്കുശേഷം ഉണ്ടായ സെലക്ററ കമ്മിററി റിപ്പോർട്ടും അതിനും അപ്പുറത്തു് ബന്ധപ്പെട്ട മന്ത്രി ഈ സഭയിൽ വച്ച് നൽകിയിട്ടുള്ള വാഗ്ദാനങ്ങളേയുംപററി ഓക്കുമ്പോൾ, ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു മാററവും വരാതിരിക്കുന്ന സ്ഥിതിക്ക് ഒരു സംശയമാണ് ഉണ്ടാകുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയിൽ കാണുന്നതു്, ഇപ്രകാരമാണ്. 'or by any other name' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടാണ് എനിക്കു സംശയമുണ്ടായതു്. ഭൂമിയിൽ കൃഷിചെയ്യു കുടിയാന്റെ അവകാശസംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നുള്ളതാണ് എന്റെ വാദഗതി. എന്നാൽ ഇതു സംബന്ധിച്ച് കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള ജഡ്ജ്മെൻറിന്റെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ അതു കോൺസ്റ്റിററ്യൂഷനൽ ആയിട്ടാണോ, അതോ ഡിസ്ക്രിമിനേഷന്റെ അടിസ്ഥാനത്തിലാണോ ഉണ്ടായിട്ടുള്ളതു് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതേ സമയം ബഹുമാനപ്പെട്ട മന്ത്രി തന്നെ, പറഞ്ഞ വാക്കുകളും ഞാൻ ഓക്കുകയാണ്. അതായതു്, പഴയതുപോലെ പോരേ, എന്നാണ് അദ്ദേഹം ചോദിച്ചതു്. ഞാൻ മനസ്സിലാക്കിയതു്, കുടിയാന്റെ കൈയിലിരിക്കുന്ന വസ്തുവിനെ സംബന്ധിച്ചിടത്തോളം ഭൂമിയിൽ അവകാശം കിട്ടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നല്ലതുപോലെ, ആലോചിച്ചതിനുശേഷം എന്തെങ്കിലും മാററം വരുത്തിയിട്ടുണ്ട് എന്നാണ്. ഒരുപക്ഷേ, അങ്ങനെ ഞാൻ വിചാരിച്ചതു്, തെററാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയാണെങ്കിൽ തിരുത്താനും തയാറാണ്. പക്ഷേ ഒരു കാര്യം ഞാൻ ഇവിടെ ഊന്നിപ്പറയുകയാണ്. മുമ്പിലത്തെ കാർഷികബന്ധ ബില്ലിനെക്കാൾ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ല് വളരെ പുറകോട്ടുള്ള ഒരു പിൻവാങ്ങലാണ്.

ശ്രീ. പി. ടി. ചാക്കോ : പുറകോട്ടുള്ള പിൻവാങ്ങലോ അതോ മുമ്പോട്ടുള്ള പുരോഗതിയോ ഏതാണെന്നു അനുഭവത്തിൽക്കൂടിയല്ലാതെ പറയാൻ സാദ്ധ്യമല്ലല്ലൊ.

ശ്രീമതി കെ. ആർ. ഗൗരി : ഈ വകുപ്പു സംബന്ധിച്ച് ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, പഴയതുപോലെ പോരേ എന്നു ചോദിച്ചപ്പോൾ ഞാൻ വിചാരിച്ചതു് പഴയ കാർഷികബന്ധ നിയമത്തിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകളനുസരിച്ച് ഇതിലും ഉൾപ്പെടുത്തിയാൽപ്പോരേ എന്നു ചോദിച്ചു എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ഏതായാലും അങ്ങനെ ചോദിച്ചതിനുശേഷമാണെങ്കിൽ തന്നെയും ഇപ്പോഴും ഒരു മണിക്കൂർനേരംവരെയായിട്ടും ഈ കാര്യം തന്നെ വീണ്ടും വീണ്ടും പറയുകയാണല്ലൊ.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ സംബന്ധിച്ച് പറയാനുള്ളത് മുഴുവൻ പറയണമെങ്കിൽ ചിലപ്പോൾ ഒന്നോ രണ്ടോ മണിക്കൂറുകൾ തന്നെ പോരാതെവരും. ഒന്നു രണ്ടു ദിവസങ്ങളുമാകും.

Mr. Speaker : You may please talk about the amendments.

ശ്രീമതി കെ. ആർ. ഗൗരി : സർ, ശ്രീ. നാരായണക്കുറുപ്പും, ഗോപിനാഥപിള്ളയും കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിൽ ശ്രീ. കുറുപ്പിന്റെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഒരു ബുദ്ധിമുട്ടുണ്ട്. Select കമ്മിററി report പ്രകാരം Incidents (a) and (b) എന്നുള്ളതിനു പകരം Incidents (a) (b) and (c) വേണം 'അതായത് Renewal and customary dues' അതു കൂടിയാണു ദോഷമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ബഹുമാനപ്പെട്ട മെമ്പർ മന്ത്രിയായിരുന്ന അവസരത്തിൽ കൊണ്ടുവന്ന കാർഷികബന്ധബില്ല് പെട്ടെന്നു പാസാക്കണമെന്നു ധൃതികൂട്ടിയപ്പോൾ, അധികം ധൃതിപ്പെടരുത് എന്നും ദോശചുടുംപോലെ ധൃതിപ്പെട്ടാൽ അതുകൊണ്ടു ദോഷമുണ്ടെന്നും അന്നു ഞാൻ പറഞ്ഞത് ശരിയാണെന്ന് ഇപ്പോൾ സമ്മതിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : അന്ന് അങ്ങനെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുണ്ട്. പക്ഷേ ഞാൻ ദോശചുടുന്നപോലെയൊ അരിവയ്ക്കുന്ന പോലെയോ ഭേദഗതി കൊണ്ടുവന്നിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഇവിടെ ശ്രീമതി കെ. ആർ. ഗൗരി പറയുകയുണ്ടായി, ഞാൻ ഈ വകുപ്പ് സംബന്ധിച്ച് ഭേദഗതി കൊണ്ടുവന്നു എന്ന്. ഞാൻ അങ്ങനെ കൊണ്ടുവന്നിട്ടില്ല. ഒരുപക്ഷേ അതു കെ. നാരായണക്കുറുപ്പ് ആയിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : ആയിരിക്കാം. ഏതായാലും ശ്രീ. നാരായണക്കുറുപ്പും ഗോപിനാഥപിള്ളയും ഈ കാര്യം സംബന്ധിച്ച് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ അതോ ഇല്ലയോ എന്നുള്ളത് എനിക്കറിഞ്ഞുകൂടാ.

മി. സ്പീക്കർ : ഒരു അമെൻഡ്മെൻറിനെ സംബന്ധിച്ച് ഇങ്ങനെ വാദിച്ചുകൊണ്ട് പോകുന്നതായാൽ നമുക്ക പുരോഗതിയുണ്ടാവുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പെട്ടെന്ന് അവസാനിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, കാർഷികബന്ധ ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ള സെലക്ററ് കമ്മിററി റിപ്പോർട്ട് ചർച്ച ചെയ്യാൻ നാം 45 ദിവസം സമ്മേളിക്കേണ്ടിവന്നു. അതിൽ ഈ വകുപ്പിനെ സംബന്ധിച്ചുള്ള ക്ലാസിഫിക്കേഷനെപ്പററി, അതായത് ഡബിൾക്രോപ്പ് നിലങ്ങളെപ്പററി തന്നെ 3 ദിവസത്തെ ചർച്ചയാണുണ്ടായിരുന്നത്. അങ്ങനെ നോക്കുകയാണെങ്കിൽ ബില്ലിലെ രണ്ടാമത്തെ വകുപ്പിനെ സംബന്ധിച്ചിടത്തോളം കൊണ്ടുവന്നിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിൽ കുറെ സമയക്കൂടുതൽ വേണ്ടിവരും. മുമ്പ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള കാർഷികബന്ധ ബില്ലിനെപ്പററി ഉണ്ടായിരുന്ന ചർച്ചാവേളയിൽ ശ്രീ. ജോസഫ് ചാഴിക്കാട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങളും കഥകളും ഒക്കെ നോക്കിയാൽ, ഒരു പുസ്തകം എഴുതാനുള്ള വക കിട്ടുന്നതാണ്. എന്നിരുന്നാൽ തന്നെയും ആവശ്യാനുസരണമുള്ള സമയം അനുവദിച്ചിട്ടുമുണ്ട്. ഏതായാലും എന്റെ അഭിപ്രായത്തിൽ, ഈ ബില്ലിലെ വിശേഷിച്ചും, ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം കുടിയാന്റെ അവകാശത്തെപ്പററി നോക്കുകയാണെങ്കിൽ ഒരു ജീവൻമരണപ്രശ്നമാണ് ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി] :

തെന്നു പറയാം. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ഈ ഭേദഗതി സ്വീകരിക്കുകയും കുടിയാന്മാർക്ക് കുറേക്കൂടി സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുകയും അതിനകത്തു വരുന്ന ഇൻസിഡൻസിനെ സംബന്ധിച്ചിടത്തോളം പുറംകോട്ടു പോകാത്ത വിധത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും അതോടുകൂടി ഈ ക്ലാസ്സിൽ "for the latter's enjoyment" എന്നഭാഗം എടുത്തുകളയുകയും ചെയ്യേണ്ടതാണു്. ഈ ഭേദഗതികളെപ്പോലെ പി.എസ്സ്.പി. വിഭാഗത്തിൽ നിന്നുകൂടി ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു് ഇതുസംബന്ധിച്ചുണ്ടായിരിക്കുന്ന കോടതി ജഡ്ജ്മെൻറിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള വൈകല്യങ്ങൾ കൂടി തരണംചെയ്യാനുള്ള പോംവഴികളും കണ്ടുപിടിക്കേണ്ടതാണു്.

Shri. K. Balakrishna Menon: What exactly is the difference between documents which contain the term 'enjoyment' and documents which do not contain that in legal parlance?

ശ്രീമതി കെ. ആർ. ഗൗരി : കോടതി ജഡ്ജ്മെൻറിൽ പറയുന്നതു് കുടിയാന്റെ കൈവശമിരിക്കുന്ന ഭൂമിയെസംബന്ധിച്ചിടത്തോളം "അനുഭവത്തിനു പ്രാധാന്യമില്ലെങ്കിൽ നടപ്പണയമാണു് കാണമല്ല എന്നാണു്."

Shri. K. Balakrishna Menon: It is given for enjoyment and property is also given as security. Is there any distinction?

ശ്രീമതി കെ. ആർ. ഗൗരി : ഈ വകുപ്പിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു് കാണത്തിന്റെ നിർവ്വചനത്തിൽ ഭൂമി സെക്യൂരിററിയായിട്ടു് കൊടുക്കുന്നു എന്നാണു്. Security വാങ്ങുന്നതു് പണയമാണു്. എന്നാൽ കാണമാകണമെങ്കിൽ Security യും (a) & (b) incidents ആയാൽ മതിയെന്നാണു് എന്റെ അഭിപ്രായം.

Shri. K. Balakrishna Menon: Would it not be enough if you provide amendments in the clause regarding "deemed" tenants?

ശ്രീമതി കെ. ആർ. ഗൗരി : "deemed tenant" എന്ന പദത്തിന്റെ ഡഫനിഷനെ സംബന്ധിച്ചിടത്തോളം, ഒരു കാണാധാരപ്രകാരം കുടിയാന്റെ കൈവശമുള്ള ഭൂമി അയാൾക്കനുഭവിക്കാമെന്നുള്ളതാണെങ്കിൽ, ആ സൂചനയല്ല ഇവിടെയുള്ളതു്.

Shri K. Balakrishna Menon : 'Kanam' is it not part and pacel of the legal connotation? You may just look into the definition contained in the T. P. Act.

ശ്രീമതി കെ. ആർ. ഗൗരി : ഇതൊക്കെ കഴിഞ്ഞതിനുശേഷം, ഈ വകുപ്പിന്റെ ഡഫനിഷനിൽ മാററംവരുത്തിയിട്ടുണ്ടു്. ഇതിൽ എൻജോയ്മെൻറിനെ സംബന്ധിച്ചിടത്തോളം പറയുന്നതു്, എന്തെന്നാൽ, for the latter's enjoyment എന്നാണു്. ഈ വ്യവസ്ഥ വേണ്ടെന്നാണു് എന്റെ അഭിപ്രായം. കാണാധാരങ്ങളെ സംബന്ധിച്ചിടത്തോളം അവയിൽ "നിങ്ങൾ അനുഭവിക്കുന്നതിനു" എന്നു പ്രത്യേക പ്രാധാന്യം എടുക്കണമെന്നു് എനിക്കു നിർബന്ധമില്ല. കാണം എന്നു Nomenclature (b) incidents ഇവ മതി. 2 (22)-ൽ for the latter's enjoyment എന്നാണു പറഞ്ഞിരിക്കുന്നതു്. അങ്ങനെ പറഞ്ഞിരിക്കുന്നതു് കുടിയാനെ സംബന്ധിച്ചിടത്തോളം ഗുണത്തിനു പകരം ദോഷമാണുണ്ടാകാൻപോകുന്നതു്. ആ സ്ഥിതിക്കു് ആ വാക്കുകൾ എടുത്തുകളയേണ്ടതാണു്.

മി. സ്പീക്കർ : ഇത്രയെല്ലാം ഇവിടെ പ്രസംഗിച്ചിട്ടും കാര്യമൊന്നും മനസ്സിലായിട്ടില്ല. ഒരു പക്ഷേ നിയമ പണ്ഡിതന്മാർക്കു മനസ്സിലായിട്ടുണ്ടാകാം. നിയമ പാണ്ഡിത്യമൊന്നുമില്ലാത്ത എന്നെപ്പോലുള്ള സാധാരണക്കാരനുകൂടി മനസ്സിലാകുന്നതിനു ഒന്നു സഹായിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : എനിക്കു ഇത്രയേ കഴിവുള്ളു. ഇത്തരത്തിൽ പ്രസൻറു ചെയ്യാനെ എനിക്കറിയാവു. എനിക്കു് പഠിപ്പിക്കാനും അറിഞ്ഞുകൂടാ "of an interest in specific immovable property to another person for the latter's enjoyment," എന്നാണു് ഇതിൽ പറയുന്നതു്. അതു ടെനൻറു എന്നു പറഞ്ഞിട്ടില്ല. അതു കാണമായിട്ടു അംഗീകരിക്കണം. അതിനാണു് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്. ഇതോടു ബന്ധപ്പെട്ടു ശ്രീ. ബലറാമിൻെറ തിരുവനന്തപുരത്തെ സംബന്ധിച്ച മററൊരു ഭേദഗതിയും ഉണ്ടു്. ഇതു അംഗീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സർ, വളരെ ലളിതമായ ഒന്നാണു എൻെറ ഭേദഗതി. ഞാൻ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് കുഴിക്കാണമല്ല; കൊഴക്കാണമാണു്. സാധാരണ രേഖകളിലെല്ലാം കൊഴ

10 A.M.] ക്കാണമാണെന്നാണു ചേർത്തിരിക്കുന്നതു്. സ്ഥാവരസ്വത്തു് ഒരു സംഖ്യ പ്രതിഫലം വാങ്ങിക്കൊണ്ടു് മററൊരാൾക്കു കൊടുക്കുക. അയാൾ അവകാശം കൈമാറിയിട്ടുള്ള ആളിനു വാരം കൊടുക്കും. വാരമെന്നു സാധാരണ പറയുന്നതു് ഇന്നു ഇവിടെ ഈ നിർവചനത്തിൽ പറയുന്ന വാരമല്ല. ഇവിടെ പാട്ടമാണു് വാരംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. അവിടെയൊക്കെ നെല്ലാണെങ്കിൽ വാരമെന്നും പണമായിട്ടാണെങ്കിൽ, പാട്ടമെന്നും പറയും. വാരം കൊടുക്കുകയും പൊളിച്ചെഴുത്തു നടത്തുകയും മിച്ചവാരം നൽകുകയും മററും സാധാരണ പതിവാണു്. കാണത്തിനു ഇവിടെ കൊടുത്തിട്ടുള്ള അർത്ഥവ്യാപ്തി ഈ വിഭാഗങ്ങളിൽ കുടിയാനുണ്ടു്. ഇതിൽ പറയുന്നതു് "kanam" means the transfer for consideration in money or in kind or in both, by a landlord of an interest in specific immovable property to another person for the latter's enjoyment whether described in the, document evidencing the transaction as kanam or kanapattam or by any other name, the incidents of which transfer include"——എന്നാണു്.

ചില കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ പലിശയെ സംബന്ധിച്ചു് ഒന്നും പറഞ്ഞുകാണുന്നില്ല. കൊഴ എന്നു പറഞ്ഞാൽ ഹോൾഡിംഗ് എന്നാണു് അർത്ഥം. മദ്രാസ് ഗവണ്മെൻറിൻെറ ചീഫ് ട്രാൻസ്ലേററർ ഹോൾഡിംഗ് എന്ന ഇംഗ്ലീഷ് വാക്കിനു മലയാളത്തിൽ 'കൊഴ' എന്നർത്ഥം കൊടുത്തിരിക്കുകയാണു്. ഒരാൾ മറെറാരാളിൽനിന്നും പണം വാങ്ങിക്കൊണ്ടു് ഭൂമി കൈകാര്യം ചെയ്തു അനുഭവിക്കുന്നതിനു കൊടുക്കുക. അതു മിച്ചവാരമായാലോ, പാട്ടമായാലോ എന്തായാലും വർഷംതോറും കൊടുക്കുക. ഇതിനു പലിശ ഈടാക്കുകയില്ല. അത്തരത്തിലുള്ള ഒരു കുടിയായ്മയാണു് കൊഴക്കാണം.

അതു കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണു് എൻെറ ഭേദഗതി. ഇതു ഞാൻ പറയുമ്പോൾ 'ഓർ ബൈ എനി അദർ നെയിം' എന്നു ചേർത്തിട്ടുണ്ടല്ലോ എന്നു പറഞ്ഞേക്കും. ഈ നിയമം 9-ാം ഷെഡ്യൂളിൽ പെടുത്തിയതുകൊണ്ടു് മാത്രം ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങൾക്കു്, ഇത്തരത്തിലുള്ള കുടിയായ്മകളുടെ അവകാശങ്ങൾ മുഴുവൻ സംരക്ഷിക്കുവാൻ സാധിക്കുകയില്ല. ഭരണഘടനാ വിരുദ്ധമല്ല എന്നു മാത്രമേ വരികയുള്ളു. ന്യായമായി ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഇത്രയും പ്രധാനപ്പെട്ട നിയമ നിർമ്മാണത്തിൽ ഭരണകക്ഷിയിൽപ്പെട്ട അനേകം ആളുകൾ കുടിയായ്മ അനുഭവിക്കുന്നുണ്ടെന്നുള്ളതുകൊണ്ടു് ഈ നിയമത്തിൽ ഇതു വിട്ടുപോയി എന്നുള്ളതു് ഒരു 'ഒമിഷനായി' വരികയില്ല. ബോധപൂർവ്വം അതു ഇതിൽ പെടുത്താതിരിക്കുകമാത്രമാണു് ചെയ്തിരിക്കുന്നതു്. അതിൻെറ ഫലമായി ഇത്തരത്തിലുള്ള ആളുകൾക്കു ഇതിൻെറ അവകാശം ലഭിക്കേണ്ടതല്ല എന്നു കോടതിക്കു പറയേണ്ടിവരും.

ശ്രീ. ടി. എ. തൊമ്മൻ: ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിയിൽ കുഴിക്കാണം എന്നാണു് ചേർത്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.സി. നാരായണൻ നമ്പ്യാർ: ഞാൻ ഇങ്ങനെതന്നെ എഴുതിയതാണ്. അതിനു ലജിസ്‌ലേച്ചർ ഡിപ്പാർട്ടുമെന്റിലെ സ്റ്റാഫിനെ തെററു പറഞ്ഞിട്ടു കാര്യമില്ല. എന്റെ കൈയ്യക്ഷരത്തിന്റെ വടിവു അത്രയ്ക്കു മോശമായതുകൊണ്ടു കുഴിക്കാണമെന്നു വന്നതാണ്. കൊഴക്കാണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: കുഴിക്കാണമെന്നുള്ളതുതന്നെ ശരിയായിട്ടുള്ളതു്. കോടതി രേഖകളിൽ കുഴിവെട്ടുന്നതിനുള്ള കാണം, അതായതു് കൃഷി ചെയ്യുന്നതിനുള്ള കാണം എന്നു രേഖപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കുഴിയെന്നും കൊഴവെന്നും രണ്ടു അഭിപ്രായം ഇവിടെ വന്നതുകൊണ്ടു് ഒരുകാര്യം വെളിപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. കലപ്പയിൽ 'കൊഴ'വെന്നു പറയുന്ന ഒരു സാധനമുണ്ടു്. കലപ്പയുടെ അടിയിൽ ഇരുമ്പുകൊണ്ടുള്ള സാധനം. ഒരു മരംവെച്ചു അതിന്റെ മീതെ ഈ കൊഴവെന്നു പറയുന്ന ഇരുമ്പു സാധനം വച്ചിട്ടുള്ളതിന്റെ മീതെ മറെറാരു മരവും വച്ചാൽ കലപ്പയായി. അങ്ങനെ കലപ്പകൊണ്ടു് കൃഷി ചെയ്യുന്നതിനു കൊടുക്കേണ്ടിവരുന്നതിനെയാണ് കുഴിക്കാണമെന്നു പറയുന്നതു്. അല്ലാതെ കുഴികുത്തുന്നതൊന്നുമല്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഞാൻ പറഞ്ഞതു കോടതി പറഞ്ഞതാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ചു് സുന്ദരമായ നിർവ്വചനം കൊടുത്തിട്ടുണ്ടു്. നമ്മുടെ രാജ്യത്തു സമ്പത്തുൽപ്പാദന ഉപകരണങ്ങൾ മാറി മാറി വരുന്ന ഈ കാലഘട്ടത്തിൽ അതിന്റെ അന്തരം വച്ചുനോക്കിയാൽതന്നെ സാഹിത്യ ഭണ്ഡാഗാരത്തിൽ അതിലേക്കു ഒട്ടനേകം വാക്കുകൾ കൊടുക്കുവാൻ കഴിയും. തോർത്തു എന്നു മലയാളത്തിൽ ഒരു പദമുണ്ടു്. തോർത്താൻ ഉപയോഗിക്കുന്ന ഒന്നാണ് അതു്. മുണ്ടു എന്ന വാക്കു ഉടുക്കുവാൻ ഉപയോഗിക്കുന്നതിനു വേണ്ടിയുള്ളതാണ്. എന്നാൽ ഉടുക്കുവാനും തോർത്തുവാനും കൊള്ളാവുന്ന ഒന്നിനെ തോറണ്ടു് എന്നു പറയരുതോ? അങ്ങനെ പലതും പറയാൻ എനിക്കും കഴിയും.

ശ്രീ. കെ. ഭാർഗ്ഗവൻ: 'കുഴി' എന്നുവച്ചാൽ അവനവന്റെ കുഴിക്കു വിധേയമായിരിക്കുന്ന അതായതു അവനവന്റെ ആശ്രിതരായി ജീവിക്കുന്നവർ എന്നല്ലയോ സാധാരണ പറയാറുള്ളതു്. അങ്ങനെ ആശ്രയിച്ചു ജീവിക്കുന്നവർ കൊടുക്കുന്ന അനുഭവത്തെയാണ് കുഴിക്കാണമെന്നു പറയുന്നതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഞങ്ങളുടെ നാട്ടിൽ കുഴിക്കുള്ള അവകാശമെന്നു പറഞ്ഞാൽ ഒരാൾ മരിച്ചാൽ അതിനു അയാളെ ദഹിപ്പിക്കുന്നതിനു കുഴി വെട്ടുന്നതിലേക്കു് പ്രത്യേകം ചില കുടുംബങ്ങൾ കാണും. അവർ വന്നു കുഴിവെട്ടിക്കൊടുക്കും. അവർക്കു അതിനു ചില പ്രത്യേക ആനുകൂല്യങ്ങളും മററും നൽകാറുണ്ടു്. ഈ അവകാശത്തെയാണ് കുഴിക്കുള്ള അവകാശമെന്നു ഞങ്ങൾ പറഞ്ഞു വരുന്നതു്. ഇവിടെ കുഴിക്കു പല വിധത്തിലുള്ള അവകാശക്കാർ ഉണ്ടെന്നും ചിലപ്പോൾ അതു സ്ഥാപിച്ചു കിട്ടുന്നതിലേക്കു സമരംതന്നെ ചെയ്യേണ്ടിവന്നിട്ടുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ടു്. ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു കൊഴക്കാണം തന്നെയാണ്. അതായതു് ഹോൾഡിംഗ് എന്നർത്ഥം. മദിരാശി ഗവൺമെന്റിന്റെ ചീഫ് ട്രാൻസ്‌ലേററർ 'ഹോൾഡിംഗ്' എന്ന ഇംഗ്ലീഷ് വാക്കിനു 'കൊഴ' എന്ന വാക്കാണ് നൽകിയിരിക്കുന്നതു്. തന്റെ വസ്തുക്കൾ കൈകാര്യം ചെയ്തു അനുഭവിക്കുന്നതിനു മറെറാരാൾക്കു് അവകാശം വിട്ടുകൊടുക്കുകയും അങ്ങനെ കൊടുക്കുന്നതിനുള്ള പ്രതിഫലം പററുകയും ചെയ്യുക. കാലാകാലങ്ങളിൽ അങ്ങനെ പാട്ടം കൊടുക്കുക. ഈ അർത്ഥമാണ് 'കൊഴ' എന്ന വാക്കുകൊണ്ടു് ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അങ്ങനെ കൊഴക്കാണം എന്നുകൂടി ചേർത്തില്ലെങ്കിൽ അങ്ങനെയുള്ളവർക്കു ഇതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ള സംരക്ഷണം ചിലപ്പോൾ കോടതിയിൽനിന്നും കിട്ടുകയില്ല. അതുകൊണ്ടു് 'കൊഴക്കാണം' എന്നുള്ളതു കൂടി ചേർക്കണമെന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. 'ഫാർ ദി ലാറോഴ്സ് എൻജോയ്മെന്റ്' എന്നുള്ളത് എടുത്തുകളയണമെന്നുള്ളതിനു ഇവിടെ ഭേദഗതി അവതരിപ്പിക്കുകയുണ്ടായി. അങ്ങനെ കാണം വാങ്ങുന്ന ആരും' കൈവശം വച്ചു നിങ്ങൾ അനുഭവിക്കാനും' എന്നു രേഖപ്പെടുത്തിക്കഴിഞ്ഞാൽ പിന്നീട് പരമ്പരാഗതമായിട്ടു കൈവശം വക്കാനോ, തീറു കൊടുക്കുവാനോ ഒരു യഥാർത്ഥ കുടിയാനു എല്ലാ വിധത്തിലും അവകാശമുണ്ട്. അങ്ങനെ ഒരാളുടെ അവകാശം മറ്റൊരാൾക്കു തീറു കൊടുക്കുന്നു. അയാൾ കൃഷി ചെയ്യുന്നുണ്ടെങ്കിലും പിന്നീടു പറഞ്ഞ ആൾക്കു കൈവശംവച്ചു അനുഭവിക്കത്തക്ക രീതിയിലാണ് ഈ ആധാരം ഉണ്ടാക്കിയിട്ടുള്ളത്. അപ്പോൾ ഇതിൽ പറയുന്നവിധം വരുകയാണെങ്കിൽ അയാൾക്കു എൻജോയ് ചെയ്യാൻ പാടില്ല എന്നുള്ളതു നീതീകരിക്കുവാൻ നിവൃത്തിയില്ല. കുടിയാൻ കൈവശം വയ്ക്കുകയും വിൽക്കപ്പെടുകയും ചെയ്യുന്ന അവകാശത്തെ ബാധിക്കത്തക്ക വിധം ഒരു നിയമ നിർമ്മാണം കൊണ്ടുവരുവാൻ ഈ നിയമംകൊണ്ടു ആരും ഉദ്ദേശിച്ചിട്ടില്ല എന്നാണു ഞാൻ കരുതുന്നത്. അങ്ങനെ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ എന്റെ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ കർഷകരുടെ ബുദ്ധിമുട്ടു ഇല്ലാതായിത്തീരും. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ: സർ, എന്റെ ഭേദഗതികൊണ്ട് ഞാൻ പ്രധാനമായി ഉദ്ദേശിക്കുന്നത്, വളരെയധികം കരിപണയങ്ങൾ യഥാർത്ഥത്തിൽ കരിപണയങ്ങളല്ലയെന്നു കാണിക്കാൻ വേണ്ടിയാണ്. വളരെയധികം സാമ്പത്തിക കഴിവുള്ള ജന്മിമാർ അവരുടെ ഭൂമി കരിപണയം എന്നുള്ള പേരിൽ കുടിയാനു് ചാർത്തികൊടുത്തിട്ടുണ്ട്. 1929—നു ശേഷം മലബാറിലെ പല ഭാഗത്തും ഇങ്ങനെ ഒരു സമ്പ്രദായം കണ്ടുവരുന്നുണ്ട്. പാട്ടത്തിന്റെ നാലു് ശതമാനത്തിൽ കുറവാണ് പണമായ സംഖ്യയെങ്കിൽ അതു് കാണമായി കണക്കാക്കേണ്ടതാണ്. റബ്ബർ, കാപ്പി, തേയില മുതലായ തോട്ടങ്ങളെ ഇതിൽ നിന്നു് ഒഴിവാക്കാവുന്നതാണ്.

ശ്രീ. ടി. എ. തൊമ്മൻ: സർ, 291—ാം നമ്പർ ഭേദഗതിയാണ് ശ്രീ. ആർ. കൃഷ്ണൻ കൊണ്ടുവന്നിട്ടുള്ളതു്. ഇതിൽ

> 'For the purpose of this clause, 'karipanayom' shall be deemed as kanam.'

എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സബ്ക്ലാസ്സ് 22-ൽ കരിപണയം എന്നുള്ള വാക്കേ ഉപയോഗിച്ചിട്ടില്ല. കരിപണയം ഈ വകുപ്പിൽ ഇല്ലാത്തിടത്തോളം കാലം ഈ ഭേദഗതി ആർഡറിലല്ല. കാണത്തിന്റെ ഡെഫനിഷനിൽ ഇതിനെപ്പററി ഭേദഗതി കൊടുക്കാം.

> 'for the purposes of this clause, karipanayam' shall be deemed as kanam'

എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ആ ക്ലാസ്സിൽ കരിപണയം എന്നുള്ള വാക്കു് ഇല്ലാത്തിടത്തോളം കാലം ഇതു് ആർഡറിലല്ല.

ശ്രീ. ആർ. കൃഷ്ണൻ: എല്ലാ കരിപണയവും ഇതിൽ ഉൾപ്പെടുത്തണമെന്നല്ല ഞാൻ പറയുന്നതു്.

ശ്രീ. ടി. എ. തൊമ്മൻ: സബ്ക്ലാസ്സ് 22-ൽ കരിപണയം എന്നുള്ള വാക്കു് ഉണ്ടായിരുന്നെങ്കിൽ ഇതു് ശരിയായിരുന്നേനേ. അതില്ലാത്തിടത്തോളം കാലം ഈ അമെൻറുമെൻറു ആർഡറിലല്ല.

Mr. Speaker: The words 'or by any other name' are also in the clause. The definition is, 'kanam' means the transfer for consideration in money or in kind or in both, by a landlord of an interest in specific immovable property to another person for the latter's enjoyment, whether described in the document evidencing the transaction as kanam or kanapattam or by any other name, the incidents of transfer include-

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ: 'other name' എന്നു പറഞ്ഞിട്ടുള്ളിടത്തോളം കാലം കരിപണയം എന്നുള്ള വാക്കു് ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ടു് ഇതു് ആർഡറിലല്ല എന്നാണു് എനിക്കു് പറയുവാനുള്ളതു്.

Mr. Speaker : 'any other name,' is comprehensive.

ശ്രീ. ആർ. കൃഷ്ണൻ: സർ, എല്ലാ കരിപണയവും ഇതിൽ ഉൾപ്പെടുത്തണമെന്നല്ല ഞാൻ പറഞ്ഞതു്. പണയസംഖ്യ പാട്ടത്തിന്റെ 40 ശതമാനത്തിൽ കുറവാണെങ്കിൽ ഇതു് ഉൾപ്പെടുത്തണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇതിൽ കൊടുത്തിട്ടുള്ള എക്സ്പ്ലനേഷൻ പുതിയതായി ചേർക്കണമെന്നാണു് എന്റെ ഭേദഗതി. വളരെയധികം സാമ്പത്തികകഴിവുള്ള ജന്മിമാർ ചെറിയ തുകകൾ വാങ്ങിയിട്ടു് കരിപണയം എന്ന പേരിൽ എഴുതി കുടിയാന്മാർക്കു് കൊടുത്തിട്ടുണ്ടു്. നിയമപ്രകാരമുള്ള ആനുകൂല്യം കുടിയാനു് കിട്ടാതിരിക്കുന്നതിനുവേണ്ടി നേരത്തെ കരുതിക്കൂട്ടിയാണു് ഇങ്ങനെ എഴുതികൊടുക്കുന്നതു്. ഇങ്ങനെ സംഭവിക്കാതിരിക്കുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി എന്റെ 291-ാം നമ്പർ ഭേദഗതി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : സർ, ഇവിടെ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു്, ഇതിനകത്തു് കൊടുത്തിരിക്കുന്ന വിവരണത്തിൽ ചിലതു് ഇല്ലാതാക്കുന്നതിനുവേണ്ടിയാണു്. ശ്രീമതി ഗൗരിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ മറ്റൊരു ഭേദഗതി കൂടി ഞാൻ നോട്ടീസ് ബോക്സിനകത്തു് ഇട്ടിരുന്നുവെങ്കിലും അതു് ഇവിടെ അച്ചടിച്ചു വന്നതായി കാണുന്നില്ല. ഞാൻ ഉദ്ദേശിച്ചിരുന്ന ഭേദഗതി ശ്രീമതി ഗൗരി ഇവിടെ സൂചിപ്പിച്ചു...................

ശ്രീ. പി. ടി. ചാക്കോ : ഉദ്ദേശിച്ച ഭേദഗതി ഇവിടെ എങ്ങനെയാണു് മൂവ് ചെയ്യുന്നതു് ?

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : ഞാൻ ഉദ്ദേശിച്ച ഭേദഗതി മൂവ് ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ഇവിടെ മൂവ് ചെയ്ത ഭേദഗതിയെക്കുറിച്ചു് സംസാരിക്കാൻ തുടങ്ങുകയാണു്. കാണത്തെ സംബന്ധിച്ചിടത്തോളം ഈ ബില്ലിനകത്തു് കൊടുത്തിട്ടുള്ള നിർവചനം 1957-ൽ ഇവിടെ അധികാരത്തിലിരുന്ന സർക്കാരിന്റെ ബില്ലിനകത്തുകൂടി, അതിന്റെ സെലക്റ്റു കമ്മിററി റിപ്പോർട്ടിൽകൂടി അതു് ആക്റ്റായി വന്നതിനുശേഷമുള്ള നിർവ്വചനത്തിൽകൂടി, ഇപ്പോൾ ഞങ്ങൾ ഉണ്ടാക്കിയ ബില്ലിൽകൂടി അതു കഴിഞ്ഞു് അതിന്റെ സെലക്റ്റുകമ്മിററി റിപ്പോർട്ടിൽകൂടി, ഇങ്ങനെ അഞ്ചു രീതിയിലുള്ള വിവരണങ്ങളായിട്ടാണു് വന്നിട്ടുള്ളതു്. ഈ അഞ്ചു രീതിയിലുള്ള വിവരങ്ങൾ വന്നിട്ടുള്ളതിൽനിന്നും ഒരു കാര്യം വ്യക്തമാക്കാം. അതായതു് കാണത്തിനു് നിർവ്വചനം കൊടുക്കുന്നതു് സാധാരണഗതിയിൽ എത്ര കൂലംകഷമായി ആലോചിച്ചാലും വളരെ ബുദ്ധിമുട്ടുള്ള കാര്യമാണതു്. കാണത്തിനെ സംബന്ധിച്ചു് ഇവിടെ പറഞ്ഞിരിക്കുന്ന നിർവ്വചനത്തിലെ വ്യവസ്ഥയനുസരിച്ചു് വളരെയധികം രീതിയിലുള്ള കരണങ്ങൾ അതിൽ ഉൾക്കൊള്ളാനുള്ള സാദ്ധ്യതയുണ്ടു്. ഗിഫ്റ്റു്, സെയിൽ, ലൈസൻസ്, ചാർജ്ജു് ഇതെല്ലാം കരണത്തിൽ ഉൾപ്പെടുകയില്ല. ബാക്കിയുള്ള എല്ലാ കരണങ്ങളും—ടി. പി. ആക്റ്റിലുള്ള മററു് എല്ലാ കരണങ്ങളും ലീസ്, മോർട്ടുഗേജ് തുടങ്ങിയ പല വിഭാഗങ്ങളും ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളുണ്ടു്. അങ്ങനെ സാദ്ധ്യതകളുള്ളതു് ഈ ബില്ലിനകത്തു് മറെറാരു വകുപ്പു് മൂലം കൂടുതൽ എളുപ്പമായിരിക്കുകയാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഇതിൽ പറഞ്ഞിട്ടുള്ളതും ഈ ഭേദഗതിയും തമ്മിലുള്ള particular difference എന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: അതിനെപ്പററിയാണു് ഞാൻ പറഞ്ഞുവരുന്നതു് ഞാൻ പറഞ്ഞുതുടങ്ങിയതേയുള്ളു. ഈ ബില്ലിലെ പന്ത്രണ്ടാംവകുപ്പനുസരിച്ചു്, പഴയ ആക്ററിലെ 9-ാം വകുപ്പനുസരിച്ചു്, ഉള്ള കരണങ്ങൾ ഏതു രീതിയിലുള്ള പേരോടുകൂടിയവയാണെങ്കിലുംശരി, ആ കരണങ്ങൾ പേരു പറയുന്ന കരണങ്ങളല്ലെന്നുംപ്രത്യുത കാണംതുടങ്ങിയ കരണങ്ങളാണെന്നുംസ്ഥാപിക്കുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്, അങ്ങനെ പഴയ ആക്ററിലെ 9-ാം വകുപ്പനുസരിച്ചു് വളരെയധികം കേസുകൾക്കു് ഇടം നൽകിയിട്ടുമുണ്ടു്. പഴയ ആക്ററിലെ 9-ാം വകുപ്പനുസരിച്ചു് നമ്മുടെ ഹൈക്കോടതിയിൽ ഒരു കേസുണ്ടായിട്ടുണ്ടു്. നാണിയമ്മ—കുമാരൻ (നാ രാ യ ണ ൻ) നമ്പൂതിരി 1961-ൽ കെ. എൽ. ആർ. 494. ആ കേസു് ഹൈക്കോടതിയിൽ വന്നതു് സെക്കൻഡു് അപ്പീൽ എന്നുള്ളനിലയ്ക്കാണു്. ഒരു പണയകൈച്ചീട്ടു് അനുസരിച്ചു് ഒരു വസ്തു അതിന്റെ പണയ അർത്ഥം പററി ഒഴിഞ്ഞുകൊടുക്കണമെന്നു് കാണിച്ചു് കീഴ്കോടതിയിൽ കേസുകൊടുത്തു. രണ്ടു കീഴ്കോടതിയിലും വസ്തു ഒഴിഞ്ഞുകൊടുക്കണമെന്നു് വിധിയുണ്ടായി. എന്നാൽ അതിനെ ചോദ്യം ചെയ്തുകൊണ്ടു് ഹൈക്കോടതിയിൽ അപ്പീൽകൊടുത്തു അതിൽ ഹൈക്കോടതി എടുത്ത നിഗമനം ആ കരണം കീഴ്ക്കോടതിയിൽ പറഞ്ഞ പണയകൈച്ചീട്ടു് അല്ലെന്നും പ്രത്യുത കാണമാണെന്നും, അതുകൊണ്ടു് ഒഴിഞ്ഞുകൊടുക്കാൻ പാടില്ലാത്തതാണെന്നുമാണു്. അങ്ങനെ വിധിയുണ്ടായി. 1961-ലെ 4-ാം ആക്ററിലെ 9-ാം വകുപ്പു് അതേരീതിയിൽ പന്ത്രണ്ടാം വകുപ്പായി ഈ ബില്ലിനകത്തു് തുടരുന്നതുകൊണ്ടു് വളരെയധികം കേസുകൾ ഉണ്ടാകാൻ ഇടയുണ്ടു്. എന്റെ ഈ ഭേദഗതി ഇതുപോലുള്ള ആക്ഷേപങ്ങൾ ഇല്ലാതാക്കാനും കാണം ഇല്ലാത്ത കരണങ്ങളെ ഇതിൽനിന്നും ഒഴിവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുമാണു് കൊണ്ടുവന്നിട്ടുള്ളതു്. എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ടി. പി. ആക്ററിലെ 58 (ജി) യിലുള്ള ഒററി, ഇറക്കി പണയം തുടങ്ങിയ കരണങ്ങളെല്ലാം തന്നെ കാണത്തിന്റെ നിർവ്വചനത്തിൽനിന്നും ഒഴിവാക്കണമെന്നാണു്. എന്റെ ഭേദഗതിയുടെ അവസാനഭാഗത്തു് ഒരു കരണം കാണമായി വ്യാഖ്യാനിക്കണമെങ്കിൽ റെന്യൂവൽ, കസ്റ്റമറി ഡ്യൂസ്, എന്നിവ രണ്ടും ഉണ്ടായിരിക്കണമെന്നുണ്ടു്. 1957-ലെബില്‍ സെലക്ററുകമ്മിററിയിൽ വരുന്നതിനുമുമ്പു് 'renewal on the expiry of any specified period; or payment of customary dues; എന്നായിരുന്നു. അതിന്റെ സെലക്ററു കമ്മിററി സ്റ്റേജിൽ ബില്ലിൽ ഉണ്ടായിരുന്ന 'ഓർ' എന്നുള്ളതു് മാററിയിട്ടു് 'ആൻഡു്' എന്നു വ്യവസ്ഥ ചെയ്യുകയുണ്ടായി. അതു് അന്നത്തെ എന്റെ ഭേദഗതിമൂലമായിരുന്നു. ആ 'ആൻഡു്' അങ്ങനെ നിലനിൽക്കണം അങ്ങനെ ചെയ്തില്ലെങ്കിൽ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെയധികം കുഴപ്പങ്ങൾ ദൈനംദിനം ഉണ്ടാകുമെന്നുള്ളതിനു് യാതൊരു തക്കവുമില്ല. കാണത്തെ സംബന്ധിച്ചും കാണത്തിന്റെ ഒറിജിൻ എന്താണെന്നുള്ളതിനെസംബന്ധിച്ചും ശ്രീമതി ഗൗരി ഇവിടെ ദീർഘമായി സംസാരിക്കുകയുണ്ടായി. അതിന്റെ എല്ലാ ഭാഗത്തേക്കും ഞാൻ കടക്കുന്നില്ല. കാണം പ്രധാനമായിട്ടും ഒരു ലീസാണു്, മോർട്ടുഗേജ് പണം കൊടുക്കുന്നതിന്റെ സെക്യൂരിററിക്കു വേണ്ടി എഴുതുന്ന ഒരു കരണമാണു്. പഴയകാലത്തുള്ള ചരിത്രം എടുത്തു നോക്കുകയാണെങ്കിൽ കാണത്തിന്റെ ഡഫനിഷനിലും വിവക്ഷയിലും പല മാററങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പ്രധാനമായിട്ടു് കാണം ഒരു ലീസായിട്ടാണു് ആദ്യകാലം മുതൽക്കേ കണ്ടുവരുന്നതു് ഇതിനെ സംബന്ധിച്ചു് ഹൈക്കോടതി ഹുസെയിൻതങ്ങൾ വി. എസ്സ്. ആലി എന്ന കേസ്സിൽ (1961 കെ. എൽ. ടി. 1033) കൊടുത്തിട്ടുള്ള ജഡ്ജിമെൻറിൽ പറയുന്നതു് ഇങ്ങനെയാണു്.

'Both a 'kanam' and 'possessory mortgage' involve putting trans feree in possession of he property t ansferred. A kanam is predominently a lease, the transfer being the transferee's enjoyment of the property whereas a possessory mortgage is essentially a loan, the transfer being for the purpose of securing repayment. ... ...

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

Both a kanam and a possessory mortgage involve tranfer of possession and appropriation of profits towards interest and hence the distinction of a kanam being a transfer for enjoyment and mortgage being transfor for the purpose of security is largely an abstraction of little use as a test for discovering from the words employed in the deed itself whether a particular transaction is a kanam or a possessory mortgage........

The more important tests that occur to me are :

(i) the label given to the transaction in the deed itself,.....

(ii) the ratio which the consideration advanced bears to the value of the property transferred, a higher ratio being indicative of a loan and therefore of a mortgage and a lower ratio of an advance to secure due payment of the rent......

(iii) anything savouring of subjection on the part of the transferee to the transferor in accord with the normal relations between a tenant and a landlord or at any rate, with what used to be regarded as the normal relations in less progressive feudal times. Such would be tributes like Onakazhcha 'the costomary dues of S.2(7) of the Agrarian Relations Act, an incident and it seems to be a distinctive incident of a kanam;......

(iv) anything in the nature of a covenant to pay entitling the transferee to ask for a return of his money otherwise than when the transferor seeks to recover the property. Usually this takes the form of a provision for recovery of the money by sale of the property.

This it seems to me, would put it beyond doubt that the transaction is a loan and not a lease and therefore a mortgage and not a kanam. The absence of such a provision would however be no pointer, the other way, for it would be quite consistent with a mortgage which is purely usufructuary;

(v) whether the transfer is in renewal of a prior transfer, especially where the prior transfer is a kanam. Of course, where the deed itself makes provision for a renewal that would immediately stamp the transaction as a lease and not a mortgage;

(vi) the transferor's need for money indicating that the consideration advanced and against which the property is held by the transferee is more in the nature of a loan than a deposit;

(vii) whether the periodical payments are stated to be by way of residual rent (the michavaram of Section 2(29) of the Agrarian Relations Act) or by way of residual profits, another way of ascertaining whether the transaction is essentially a lease or a mortgage. This test again often fails in practice. Hence it often happens that even in the case of a possessory mortgage the deed speaks of pattom in the process of computing the profits and of *purappad* or *michavaram* in referring to the residual payment. In fact the word 'pattom' is often used to mean profits, though strictly speaking it means rent. That the deed of transfer mentions pattom, purapad or michavarom is therefore no strong indication that the transaction is a kanom and not a mortgage.'

LIBRARY ARCHIVES Kerala Legislative Assembly

സർ, അങ്ങനെ ഈ വിധിന്യായത്തിൽനിന്നും കാണവും ഒററിയും എങ്ങനെ വേർതിരിച്ചറിയണം എന്നു് മനസ്സിലാക്കാവുന്നതാണ്. പക്ഷേ, 1961 കെ. എൽ. ആർ. 494 അനുസരിച്ചു് പണയകൈച്ചീട്ടു് എന്നുള്ള പേരു കൊടുത്താലും ശരി പഴയ ആക്ററിലെ 9-ാം വകുപ്പു് (ഇപ്പോഴത്തെ 12-ാം വകുപ്പു്) അനുസരിച്ചു് അതു് പണയകൈച്ചീട്ടല്ലെന്നും കാണമാണെന്നും തെളിയിക്കുന്നതിനുള്ള അവകാശം സിദ്ധിക്കുന്നുണ്ടു്.

Page 495-1961-KLR:

> "Thus, even though a document is expressed to be a panayakacheet or a deed of mortgage it is open to the parties to prove that it is not really a mortgage as it purports to be in its expression, but a kanam as defined in the Act entitling the transferee to fixity of tenure conceded to tenants under the Act."

അപ്പോഴാണു് യഥാർത്ഥത്തിൽ വൈഷമ്യമുണ്ടാകുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : ചില കാണക്കേസ്സുകളിൽ 'for the latter's enjoyment' ആണെന്നു് എഴുതിയ കരണങ്ങളുണ്ടു്. ഇതിൽ കാണത്തിന്റെ എല്ലാ ഇൻസിഡൻസും ഉണ്ടു്. 'for the latter's enjoyment' നു് പകരം "incidents' ഇതു മാത്രം ഉൾക്കൊള്ളിച്ചാൽ പോരേ ?

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : അതു് എഴുതിയാലും ഇല്ലെങ്കിലും വലിയ കുഴപ്പമില്ലെന്നാണു് എന്റെ അഭിപ്രായം. 'transfer of interest എന്നാണു് പറഞ്ഞിരിക്കുന്നതു്. ടി. പി. ആക്ററിലും ഇതിലുള്ള വ്യവസ്ഥയുണ്ടു്. അതുകൊണ്ടു് 'for the the latter's enjoyment' എന്നു് എഴുതേണ്ട ആവശ്യമില്ല. 'transfer of interest', enjoyment—നു് തന്നെയായിരിക്കുമല്ലോ.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് ; '............transaction as kanom or kanapattam or by any other name' എന്നുള്ളതു് മാററണമെന്നാണോ പറയുന്നതു് ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഞാൻ അതിലേക്കു് കടക്കുകയാണു്. 'or by any other name' എന്നുള്ളതു് വളരെയധികം അപകടം പിടിച്ചതാണെന്നു ഞാൻ പറയുകയാണു്. അതു് എടുത്തുകളയണമെന്നാണു ഞാൻ അഭ്യർത്ഥിക്കുന്നതു്. അതേപ്പററി പറയാം. ഉദാഹരണമായി, പതിനായിരം രൂപ വിലയുള്ള ഒരു പ്രാപ്പർട്ടി അയ്യായിരം രൂപ വാങ്ങിയതിനു് പണയമായി കൊടുത്താൽ അതും ഈ നിർവ്വചനമനുസരിച്ചു കാണമാവും. പതിനായിരം രൂപ വില കിട്ടുന്ന ഒരു വസ്തു അൻപതു രൂപ വാങ്ങിച്ചുകൊണ്ടു് പാട്ടത്തിനു കൊടുത്താൽ അതു കാണമാണെന്നു പറഞ്ഞാൽ ആക്കും ആക്ഷേപമില്ല. ആദ്യത്തേതിനകത്തു് ഉത്തമർണ്ണനും അധമർണ്ണനുമായുള്ള ബന്ധം കാണാം. രണ്ടാമത്തേതിലെ ബന്ധം ജന്മികുടിയാൻ തമ്മിലുള്ളതാണു്. തിരുവിതാംകൂറിലെ ഉത്തമർണ്ണനും, അധമർണ്ണനുമുള്ള ഒററികളിലെല്ലാം തന്നെ 'മിച്ചവാരം' കുറഞ്ഞിരിക്കും. ചിലതിലെല്ലാം അപൂർവ്വമായി ഓണക്കാഴ്ചയ്ക്കു വ്യവസ്ഥ കാണും. അവയെല്ലാം കാണമായി വ്യാഖ്യാനിച്ചു് ഒഴിപ്പിക്കപ്പെടാൻ നിവൃത്തിയില്ലാതാകുന്ന ഈ നിർവ്വചനം അങ്ങേയററം അനീതിപരമാണു്. ഇതു മാററിയേ മതിയാവൂ. അതുകൊണ്ടു് 'or by any other name' എന്ന ഭാഗം തീർച്ചയായും എടുത്തുകളയേണ്ടതാണു്. പ്രത്യേകിച്ചും ക്ലാസു് (12) ഡിലീററു് ചെയ്യാത്തിടത്തോള കാലം യഥാർത്ഥത്തിൽ ഏതു് ഒററിപോലും കാണമാണെന്നും കുഴിക്കാണമാണെന്നും തെളിയിക്കത്തക്ക അവസരം കൊടുത്തിരിക്കുമ്പോൾ 'or by any other name' എന്നുള്ളതു് എടുത്തുകളഞ്ഞില്ലെങ്കിൽ തിരുവിതാംകൂർ ഭാഗത്തുള്ള എല്ലാ ഒററികളെ സംബന്ധിച്ചും വൈഷമ്യമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

തിരുവിതാംകൂർഭാഗത്തുള്ള എല്ലാ അസംബ്ലി മെംബർമാക്കും അറിയാവുന്നതാണു്, ഇവിടെയുള്ള സാധാരണ ഒററികരണങ്ങളെല്ലാം മിച്ചവാര വ്യവസ്ഥയോടുകൂടിയതായിരിക്കുമെന്നുള്ളതു്. മിച്ചവാരവ്യവസ്ഥ ഒററികരണങ്ങളിൽ കാണുന്നതു് ആധാരം എഴുത്തുകാരുടെ ഭാഷനാണു്. ആണ്ടിൽ എട്ടണ മിച്ചവാരമായി കൊടുക്കണം എന്നൊക്കെ അവർ എഴുതിവയ്ക്കും. എല്ലാ സ്ഥലത്തും പ്രത്യേകിച്ചു് ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി ഈ താലൂക്കുകളിൽ എഴുതിയിട്ടുള്ള എല്ലാ ഒററികളിലും ഇങ്ങനെ മിച്ചവാരം എഴുതിയിട്ടുള്ളതായി കാണാൻ സാധിക്കുന്നതാണു്. വെൺപാട്ടക്കുടിയാനെ ഇതിനകത്തു് ഉൾപ്പെടുത്തിയതിൽ എനിക്കു് ആക്ഷേപമില്ല. ഭൂമി നന്നാക്കുന്നതിനുവേണ്ടി ജന്മികുടിയാൻ എന്നുള്ള ബന്ധത്തോടുകൂടി കൊടുത്തിട്ടുള്ളതല്ല ഞാൻ പറയുന്ന ഒററികൾ. ഒരു ബഹുമാനപ്പെട്ട മെംബർ നേരത്തേ സൂചിപ്പിച്ചതുപോലെ അന്തസ്സിനുവേണ്ടി ഓണക്കാലത്തു് നാലു പഴക്കുലയോ അല്ലെങ്കിൽ പത്തു പടവലങ്ങയോ എട്ടണ മിച്ചവാരമോ ഒക്കെ ചില കരണങ്ങളിൽ കാണും. എന്താണു് സർ ഈ ഒററി ? പണമുണ്ടാക്കാൻ മററു മാർഗ്ഗങ്ങളൊന്നുമില്ലാത്ത ഭൂവുടമകൾ പണം കടമായി വാങ്ങുന്നതിനു് ജാമ്യമായി മനസ്സില്ലാമനസ്സോടെ സ്വന്തംഭൂമി അന്യൻ കൈവശം കൊടുക്കുകയാണു്. പെട്ടെന്നു് ആശുപത്രിയിൽ പോകാനോ അല്ലെങ്കിൽഒരത്യാവശ്യമായി തിരുവനന്തപുരത്തുവരെപോകാനോ ഒക്കെ പണം ആവശ്യമായി വരുമ്പോൾ ഗത്യന്തരമില്ലാതെ ഭൂമി എഴുതി ഒററി കൊടുത്തു് പണം ഉണ്ടാക്കും. അതിലൊക്കെ ആധാരമെഴുത്തുകാർ മിച്ചവാര വ്യവസ്ഥ ഉൾപ്പെടുത്തിയെന്നുവരും. ഈ കരണങ്ങളെല്ലാം കാണമായി ഉൾപ്പെടുത്തിക്കൊണ്ടുപോയാൽ അങ്ങേയററത്തെ അനീതിയായിരിക്കും എന്നാണു് എനിക്കു പറയുവാനുള്ളതു്. ശ്രീമതി ഗൗരി ചോദിച്ചു. ഇറക്കിപ്പണയത്തിൻെറ കാര്യംമാത്രം പറഞ്ഞാൽ പോരായോ എന്നു്. ഇറക്കിപ്പണയത്തെ സംബന്ധിച്ചിടത്തോളം അതു് കാണത്തിൻെറ നിർവ്വചനത്തിനകത്തു് പെടുന്ന ഗതികേടുണ്ടായാൽ രാജ്യത്തെ ഭൂബന്ധങ്ങൾ തന്നെ തകിടംമറിയും. അതേസംബന്ധിച്ചു് ഞാനിപ്പോൾ കൂടുതലായി ഒന്നും പറയുന്നില്ല. ഏതായാലും എല്ലാത്തരം കരണങ്ങളും ബ്രഹ്മാണ്ഡംപോലെ കിടക്കുന്ന ഈ നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനു് വളരെയധികം സാദ്ധ്യതയുണ്ടു്. അതുകൊണ്ടു് എൻെറ ഭേദഗതി തിരുവിതാംകൂർ ഭാഗത്തെ രക്ഷ ഉദ്ദേശിച്ചുകൊണ്ടുള്ളതാണു്. അതു് 1957-ലെ ബില്ലിനകത്തു് ഉണ്ടായിരുന്നതാണു്. മലബാറെന്നും തിരുവിതാംകൂർ-കൊച്ചി എന്നുമുള്ള വ്യത്യാസം 1957-ലെ ബില്ലിൽ കാണത്തിൻെറ നിർവ്വചനത്തിലുണ്ടായിരുന്നു. സെലക്ററു കമ്മിററിയുടെ കാര്യം ശ്രീമതി ഗൗരി ഇവിടെ പറഞ്ഞു. സെലക്ററു കമ്മിററി മെംബർമാക്കു് പല അഭിപ്രായങ്ങളുമുണ്ടായിരുന്നു. സെലക്ററു കമ്മിററിക്കകത്തു് അതേസംബന്ധിച്ചു് ചർച്ച ചെയ്തു. സെലക്ററു കമ്മിററി മെംബർമാക്കു് കമ്മിററി ചർച്ച കഴിഞ്ഞാലും പിന്നെയും അതേസംബന്ധിച്ചുള്ള അഭിപ്രായം പറയാം. അതിൽ വലിയ തെറെറാന്നുമില്ല. സെലക്ററുകമ്മിററി സ്റ്റേജിലാണെങ്കിലും ശരി ആ സ്റ്റേജു് കഴിഞ്ഞിട്ടായാലും ശരി നമ്മുടെ പ്രധാനമായ ഉദ്ദേശം എല്ലാവരുംകൂടി ആലോചിച്ചു് വളരെയധികം കുഴപ്പമില്ലാത്ത രീതിയിലുള്ള ഒരു നല്ല നിയമം വാർത്തെടുക്കണം എന്നാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഞാൻ മെംബറുടെ വാദം ശരിയാണോ തെററാണോ എന്നു പറയുകയല്ല. സംശയംകൊണ്ടും മനസ്സിലാകാത്തതുകൊണ്ടും ചോദിക്കുകയാണു്. നാം പണം കടം കൊടുത്തു് ഒററി എഴുതി വാങ്ങിക്കുകയാണെങ്കിൽ ആ ആധാരത്തിൽ മിച്ചവാരം പറയുമോ ? അങ്ങനെയുള്ള ആധാരങ്ങൾ ധാരാളമുണ്ടോ ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : നാളെയോ മററന്നാളോ വേണമെങ്കിൽ ഇതുപോലുള്ള നിരവധി ആധാരങ്ങൾ ഞാൻതന്നെ കൊണ്ടുവന്നു കാണിക്കാം. ഏതായാലും ഞാൻ പറഞ്ഞുവന്നതു് ആകട്ടെ, വേറൊരു കുഴപ്പം ഈ നിർവ്വചനത്തിൽ വന്നിട്ടുള്ളതു് "Include", എന്നുള്ള വാക്കിലാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് 'the incidents of which transfer 'include' എന്നിടത്തെ "ഇൻക്ലൂഡ്" വലിയ കുഴപ്പം ഉണ്ടാക്കുന്നതാണ്. ഇൻക്ലൂഡ് എന്ന വാക്കിന് നിയമവ്യാഖ്യാ എന്താണ് അർത്ഥമെന്ന് പുരുഷോത്തമൻ നമ്പൂതിരി V. S. സ്റ്റേറ്റ് ആഫ് കേരള എന്ന സുപ്രീം കോടതി കേസിലെ (1962. 1. കെ. എൽ ആർ. 1) വിധിന്യായത്തിൽ ബഹുമാനപ്പെട്ട ജഡ്ജി ഗജേന്ദ്ര ഗാഡ്കർ പറയുന്നുണ്ട്. പ്രസക്തഭാഗം ഇങ്ങനെയാണ്.

" the word ' include ' is ve y generally used in interpretat on clauses in o der to enlarge the meaning of words or ph ases occuring in the body of the S atute; and when it is so used, these words and ph ases may be so construed as comprehending, not only such things as they signify according to their na ural impo t, but also those things with the interpretation clause declares that they shall include.....etc. "

അപ്പോൾ ഇൻക്ലൂഡ് എന്നുള്ളതും അപകടം പിടിച്ചതാണ്. ഇൻക്ലൂഡിനു പകരം 'incidents are' എന്നായിരുന്നു എങ്കിൽ കാര്യങ്ങൾ കുറേക്കൂടി വ്യക്തമാകുമായിരുന്നു. ഈ നിർവചനം നിലനിന്നാൽ

(1) 'kanam' means the transfer for considera ion in money or in kind or in both....(2) a right in the transferee to hold the said property liable for the consideration paid by him or due to him, (3) the liability of the transferor to pay to the t ansferee nterest on such consideration unless otherwise agreed to by the parties ; and (4) payment of michavaram, or customary dues or renewal on the expiry of any specifiied period '.

ഇങ്ങനെ നാലു വ്യവസ്ഥകളുള്ള എല്ലാ കരണങ്ങളും തിരുവിതാംകൂർ ഭാഗത്തുള്ള മിക്കവാറും എല്ലാ ഒററികളും കാണങ്ങളായിത്തീരുന്ന അപകടം ഉണ്ടാകും.

ശ്രീ. പി. ടി. ചാക്കോ : ശ്രീമാൻ ഗോപിനാഥപിള്ള മൂവു ചെയ്ത അമെൻറുമെൻറിൽത്തന്നെ ഈ 'ഇൻക്ലൂഡ്' ഉണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഞാൻ മൂവു ചെയ്ത അമെൻറുമെൻറിലില്ലാത്ത ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ ഇവിടെ പറയുന്നുണ്ട്.

Shri P. T. Chacko : Sir, a point of order. The member has mo ed an amen lment. He is supposed to speak in support of the amendment but he is speaking against his own amendment. It wil be very difficult to follow his speech. In his amendment he has included the word ' include ' but now he opposes the usage of the wo d ' include ' in the original clause. As I have to answer those points, I must be able to follow what he says.

ശ്രീ. ഈ. പി. ഗോപാലൻ : മനസ്സിലുള്ള ഭേദഗതി എന്താണെന്നു പറഞ്ഞാൽ മതി.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഞാൻ ഇവിടെ ഒരു ഭേദഗതിക്കു നോട്ടീസ് കൊടുത്തിരുന്നു. അതു് അച്ചടിച്ചു വന്നിട്ടില്ല. ഇപ്പോൾ മൂവു് ചെയ്തിരിക്കുന്ന ഭേദഗതിയും, അച്ചടിച്ചു വന്നുവെങ്കിൽ മൂവു് ചെയ്യുമായിരുന്നു. മററേ ഭേദഗതിയും രണ്ടുംകൂടി ചേർത്തു് ഞാൻ സംസാരിക്കുകയാണ്. ഓറൽ അമെൻറുമെൻറുകളായി സ്വീകരിച്ചാൽ മതി. നിയമസഭാ നടപടിച്ചട്ടങ്ങളിൽ നിന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു് ഈ രീതിയിലുള്ള ഓറൽ അമെൻറുമെൻറുകളൊക്കെ സാധാരണ ഗതിയിൽ പറയാമെന്നാണ്. അതു് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ മൂവ് ചെയ്തിട്ടുള്ള അമൻറുമെൻറിനെപ്പററി പറഞ്ഞാൽ മതി. നോട്ടീസു ബോർഡിൽ കൊണ്ടുവന്നിട്ടില്ലെങ്കിൽ അതേപ്പററി പറയേണ്ട. കൺഫ്യൂഷൻ ഒഴിവാക്കാൻ വേണ്ടിയിട്ട് സംഗതികൾ മനസ്സിലാക്കുവാൻ സാധിക്കത്തക്ക വിധത്തിൽ കൊടുത്തിട്ടുള്ള അമെൻറുമെൻറിനെപ്പററിയുള്ള കാര്യങ്ങൾ പറഞ്ഞാൽ മതി.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: എൻെറ ഭേദഗതിയെപ്പററി ഞാൻ പറയാം. എൻെറ ഭേദഗതിയിലെ (സി) വകുപ്പനുസരിച്ച് 'renewal on the expi y of any specified period' അതും കസ്റ്റമറിഡ്യൂസും അതു രണ്ടുംകൂടിയുള്ള ഒററികൾ മാത്രമേ ഈ കാണത്തിൽ ഉൾപ്പെടുത്താവൂ എന്നാണ്. ബാക്കി ഒററികളെല്ലാംതന്നെ ഇതിനകത്തുനിന്നു മാററണമെന്നുള്ളതാണ് എൻെറ ദൃഢമായ അഭിപ്രായം. രാജ്യതാൽപ്പര്യത്തെ മുൻനിറുത്തി എൻെറ ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥനയോടുകൂടി ഞാൻ വിരമിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: മി. ഗോപിനാഥപിള്ള ഇപ്പോൾ അവതരിപ്പിച്ച ഭേദഗതിയോട് ഞാൻ യോജിക്കുകയാണ്. ഇന്ന് ഈ കാണം എന്നുള്ളതിൻെറ നിർവചനത്തിൽ പ്രത്യേകിച്ചും മദ്ധ്യതിരുവിതാംകൂറിലുള്ള ഒററി എന്നു പറയുന്ന അനേകം ഡോക്കുമെൻറുകൾ ഇതിൽ "ഇൻക്ലൂഡു" ചെയ്യാനുള്ള സാദ്ധ്യതയുള്ളതുകൊണ്ടാണ് ഇങ്ങനെയുള്ള ഒററി എന്നു പറയുന്ന പ്രമാണങ്ങൾ കാണത്തിൻെറ നിർവചനത്തിൽനിന്നു മാററണമെന്ന് അദ്ദേഹം ഉദ്ദേശിക്കുന്നതു്. മുമ്പ് സെലക്ററുകമ്മിററിക്കയച്ച ആ വകുപ്പനുസരിച്ച് അതായതു് സബ് ക്ലാസ് 21 (സി) അനുസരിച്ച്,

(c) payment of michava am, or customary dues or renewal on the expiry of any specified perio:l and, in a eas in the State other than Malabar, includes such transfer of interest in specifie immovable p o-pe ty which is described in the document evidencing the transacti.n as otti, kaıipanayam, panayam, ne panayam or by any other name and which has the incidents specified in sub-clauses (a) and (b) above and al:o the following incidents:—

(i) renewal on the expiry of any specified period, and

(ii) payment of customary dues:

ഈ വക ഇൻസിഡൻസ് ആവശ്യമാണ്. അപ്പോൾ മുമ്പുണ്ടായിരുന്ന സെലക്ററുകമ്മിററിക്കയച്ച ആ നിർവചനം അനുസരിച്ച് ഇവിടെയുള്ള ഒററിയിൽ " (i) renewal on the expiry of any specified peri.d, and
(i) payment of customary dues:

ഈ രണ്ടും പ്രത്യേകമായ ഒററി എന്നു പറഞ്ഞാൽ രണ്ട് ഇൻസിഡൻസ് പ്രത്യേകമായി പറഞ്ഞിട്ടുണ്ടെങ്കിൽ കാണമായി നിർവചിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്. എന്നാൽ സെലക്ററുകമ്മിററിയിൽ വന്നപ്പോൾ അതു മാററിയിട്ട് "by any other name" "payment of michava am" ഇതുകൂടി ഉൾപ്പെടുത്തി. അതുപ്രകാരം കാണത്തിൽ പറയുന്ന ഇൻസിഡൻറ് ഉൾപ്പെടുകയാണെങ്കിൽ ഒററി എന്നു പറഞ്ഞാലും ശരി അതു് ഒററിയായി ഇൻക്ലൂഡു ചെയ്യാൻ പാടില്ല. കാണമായി include ചെയ്യണമെന്നാണ് വരുന്നതു്. അങ്ങനെ വരുമ്പോൾ ഇന്ന് തിരുവിതാംകൂറിലുള്ള ഒററി എല്ലാംതന്നെ കാണത്തിൻെറ നിർവചനത്തിൽ വരാൻ സാദ്ധ്യതയുണ്ട്. അതു ഓരോ പ്രമാണങ്ങൾ എടുത്തു നോക്കിയാൽ കാണാം. ശ്രീ. ചാഴിക്കാടൻ ചോദിക്കുകയുണ്ടായി പണം കടം കൊടുത്തിട്ട് ഒററി എഴുതി വാങ്ങുകയാണെങ്കിൽ ആധാരത്തിൽ മിച്ചവാരം പെടുമോയെന്ന്. അദ്ദേഹത്തിൻെറ സംശയം വളരെ ശരിയാണ്. ഒരാളിന് തൻെറ പെട്ടെന്നുണ്ടായ ഒരാവശ്യത്തിനുവേണ്ടി തുച്ഛമായ സംഖ്യ ഒററി കൊടുക്കുന്ന ഏർപ്പാട് ഉണ്ട്. ജന്മിക്ക് മിച്ചവാരം കൊടുക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്ന അനേകം ഒററി ഇന്നു നിലവിലുണ്ട്. അങ്ങനെ വരുമ്പോൾ ഈ ഒററിയെല്ലാം കാണമായിട്ടാണ് കണക്കാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ആയിരം രൂപ കൊടുത്തു് ഒററി വാങ്ങു മ്പോൾ അതിനു പകരമായിട്ടു പലിശ കൊടുക്കാറില്ലേ ?

ശ്രീ. എൻ. ഭാസ്കരൻ നായർ : അങ്ങനെ പലിശ നിശ്ചയിക്കുകയും, അഞ്ചോ, പത്തോ രൂപ ജന്മിക്കു മിച്ചവാരം കൊടുക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്യുന്ന പ്രമാണങ്ങളുണ്ടു്. അങ്ങനെ നിർവചിക്കുന്ന അവസരത്തിൽ കാണ മായി കണക്കാക്കേണ്ടതാണു്. കാരണം ടെനൻസിയുടെ അടിസ്ഥാനത്തിൽ വരുന്നതുകൊണ്ടു് ഇതു് ഒഴിപ്പിക്കാൻ നിവൃത്തിയില്ല. എന്നാൽ ഇതെല്ലാം കാണമായി കണക്കാക്കിയാൽ അനേകം ഒററികൾ ഒഴിപ്പിക്കാൻ നിർവാഹ മില്ലാത്ത ദുരവസ്ഥ വന്നുചേരും. മി. ഗോപിനാഥൻ നായർ കാണവും ഒററി യുമായിട്ടുള്ള ഡിഫറൻസ് എന്താണെന്നു് പറഞ്ഞുമനസ്സിലാക്കി. ഒററി എന്നു പറഞ്ഞാൽ താൻ പണം വാങ്ങിക്കൊണ്ടു് ഭൂമി അന്യനു കൊടുക്കുകയും അതിൽ നിന്നു കിട്ടുന്ന ആദായം എടുത്തു കഴിക്കുകയും ആണു്. എന്നാൽ നേരെമറിച്ചു് കാണം എന്നുള്ളതു് തുച്ഛമായ ഒരു സംഖ്യ വാങ്ങിക്കൊണ്ടു് ഭൂമി പാട്ടത്തിനു കൊടുക്കുകയും, അതനുസരിച്ചുള്ള അനുഭവം എടുക്കുന്നതിനുള്ള വ്യവസ്ഥയും ആണു്. അനുഭവിക്കുക എന്നുള്ളതാണു് പ്രധാനമായിട്ടും കാണത്തിൽ നിൽക്കു ന്നതു്. മററതു് അനുഭവം ഇല്ല. വസ്തു ജാമ്യമായി കൊടുത്തു പണം വാങ്ങുക എന്നുള്ള വ്യവസ്ഥയാണു്. "creditor and debtor relationship" ഒററി കൊടുത്തു ആദായം എടുത്തു് അനുഭവിക്കുക ; ഇതു രണ്ടുമാണു് ഇതിലുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പണം കൊടുത്തു് ഒററി വാങ്ങുന്നതി നകത്തു് 12 കൊല്ലത്തിനുശേഷം ഈ സംഖ്യ അങ്ങോട്ടു തന്നാൽ വസ്തു തിരിയെ കൊടുക്കാമെന്നു് ഒരു വ്യവസ്ഥ എഴുതുകയില്ലേ ? അങ്ങനെയാണെങ്കിൽ അതൊന്നുമാത്രം പറഞ്ഞാൽ മതിയല്ലോ ?

ശ്രീ. എൻ. ഭാസ്കരൻ നായർ : എന്നുള്ളതല്ല. അങ്ങനെ വ്യവസ്ഥയുള്ളതും വ്യവസ്ഥ ഇല്ലാത്തതുമുണ്ടു്. ഏതെങ്കിലും ഒരു ഒററി ഇത്ര കൊല്ലത്തിനകം ഒഴിഞ്ഞുപോകണമെന്നു വ്യവസ്ഥയില്ലെങ്കിൽ, 12 കൊല്ലം കഴിഞ്ഞതിനു ശേഷം ഒഴിപ്പിക്കണമെന്നാണു് നിയമം അനുശാസിക്കുന്നതു്. ഞാൻ പറഞ്ഞു വന്നതു് ഒററിയാണോ കാണമാണോ എന്നു തിരിച്ചറിയുന്നതിനു പ്രധാനമായ വ്യവസ്ഥ ഒററിയാണെങ്കിൽ ഒരു വസ്തു ജാമ്യമായി കൊടുത്തു സംഖ്യ വാങ്ങി ക്കൊണ്ടു് അതു് ഒരു ഒററിക്കാരന്റെ കൈവശം കൊടുത്താൽ ആ സംഖ്യയുടെ പലിശയായിട്ടു് അതിൽനിന്നും കിട്ടുന്ന ആദായമെടുത്തു് കഴിക്കുന്നുണ്ടു്. നേരെമറിച്ചു് കാണമാണെങ്കിൽ തുച്ഛമായ സംഖ്യ വാങ്ങിച്ചുകൊണ്ടു് വസ്തു വിട്ടുകൊടുത്തുകൊണ്ടു് അതിന്റെ അനുഭവം എന്നുള്ള വ്യവസ്ഥയാണ് വരു ന്നതു്. ഇന്നത്തെ നിർവ്വചനം വരികയാണെങ്കിൽ മദ്ധ്യതിരുവിതാംകൂറിലെ അനേകം ഒററി കാണമായി പരിഗണിച്ചു് ഒഴിപ്പിക്കാൻ വയ്യാത്ത ദുരവസ്ഥ വരും. ഇതിൽനിന്നു രക്ഷപ്പെടുത്തുന്നതിനുവേണ്ടി സബ് ക്ലാസ്സ് 2-57 കൂടുത ലായി പ്രോവൈസോയിൽ ചേർത്തിട്ടുണ്ടു്. അതു സെലക്ററുകമ്മിററിയിൽ നിശ്ചയിച്ചതാണു്. ക്ലാസ് 57—j "person who is deemed to be a tenant under section 4, section 5, section 6, section 7, section 8 section 9,or section 10 but shall not include a usufructuary mortgagee as defined in the Transfer of Property Act, 1882 (Central Act 4 of 1882). എന്നൊരു ഭേദഗതി ചെയ്തിട്ടുണ്ടു്. പക്ഷേ ഈ ഭേദഗതികൊണ്ടുമാത്രം ഈ പറയുന്ന ന്യൂനതകൾ പരിഹരിക്കാൻ സാദ്ധ്യമല്ല. ഇന്നു് യൂസുഫ്റക്ച്വറി മോർട്ടുഗേജു മാത്രമല്ല അനാമലസ് മോർട്ടുഗേജും തിരുവിതാംകൂറിൽ ഒററി യായി കണക്കാക്കുന്നുണ്ടു്. തിരുവല്ല, ചങ്ങനാശ്ശേരി ഈ കോടതികളിലെല്ലാം ഈ പറയുന്ന കാണത്തിന്റെ നിർവ്വചനത്തിൽ ഒററി include ചെയ്യുമെന്നുള്ള വിധിയായിട്ടുള്ള പല കേസുകളും ഉണ്ടു്. അങ്ങനെ വരുമ്പോൾ യൂസുഫ്റക്ച്വറി മോർട്ടുഗേജു മാത്രമല്ല, ഈ തിരുവിതാംകൂറിലെ ഒററി യെന്നും മററ് അനോമലസ് മോർട്ടുഗേജസ് എന്നു പറയുന്ന ഏതാനും മോർട്ടു ഗേജുകൂടി ഒററിയായി കണക്കാക്കേണ്ടതാണെന്നും വന്നിട്ടുണ്ടു്. അനോമലസ് മോർട്ടുഗേജു് പരിശോധിക്കുകയാണെങ്കിൽ ഈ കാണത്തിൽ പറയുന്ന ഇൻസിഡൻസ് എല്ലാം കാണാൻ സാധിക്കും. സാധാരണ ഗതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഭാസ്കരൻ നായർ]

ടെനൻസിനെ മാററി എന്നു പറഞ്ഞതുകൊണ്ടു് ഈ അബദ്ധത്തിൽനിന്നും രക്ഷപ്പെടാൻ നിർവ്വാഹമില്ല. ഈ അബദ്ധത്തിൽനിന്നും രക്ഷപ്പെടണമെങ്കിൽ "usufructuary mortgages and also anomalous mortgages as defined in sub section ‘ g ’ കൂടി ഇൻക്ലൂഡു ചെയ്യണം. അങ്ങനെ ചെയ്യാൻ ബഹുമാനപ്പെട്ട ഗവണ്മെൻറു് സമ്മതിക്കുകയാണെങ്കിൽ ഇതു പ്രസ്സു ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. അതല്ലെങ്കിൽ മി. ഗോപിനാഥപിള്ള കൊണ്ടുവന്നിരിക്കുന്ന അമെൻറുമെൻറു് സ്വീകരിക്കേണ്ടതാണു്. അതു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം അനേകം ആളുകൾക്കു് ഗുണം കിട്ടുന്നതാണു്. ഇതു ഉദ്ദേശിച്ചു് സെക്ഷൻ 2-57-ൽ പ്രത്യേകമായി ഒരു amendment ഞാൻ കൊടുത്തിട്ടുണ്ടു്. ശ്രീ. ഗോപിനാഥപിള്ള കൊണ്ടുവന്നിരിക്കുന്ന അമെൻറുമെൻറു സ്വീകരിക്കണമെന്നാണു് എൻെറ അപേക്ഷ.

ശ്രീ. കെ. നാരായണക്കുറുപ്പു് : ബില്ലിലെ രണ്ടാം വകുപ്പിൽ 22-ാം ക്ലാസിൽ തിരുവിതാംകൂർ ഭാഗത്തുള്ള ഒററികളെ ഉൾപ്പെടുത്തുന്ന ശ്രീ. മാലേത്തു ഗോപിനാഥപിള്ളയുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങുകയല്ല. ഞാൻ അമെൻറുമെൻറു് കൊടുത്തിരുന്നു. അതു അവതരിപ്പിക്കാൻ അനുവാദം തരണം.

Mr. Speaker : Yes. You can move your amendment.

ശ്രീ. കെ. നാരായണക്കുറുപ്പു് : സെലക്ററുകമ്മിററി റിപ്പോർട്ടു ചെയ്ത ബില്ലിൽ തിരുവിതാംകൂർ ഭാഗത്തുള്ള ഒററികളെ...........

Shri P. T. Chacko : After having heard everything, I am inclined to accept the amendment moved by Mr. K. Narayana Kurup. He may be permitted to move the amendment formally.

ശ്രീ. എൻ. ഈ. ബലറാം : അമെൻറുമെൻറു് മൂവു ചെയ്യേണ്ട സന്ദർഭത്തിൽ മൂവു ചെയ്യുന്നില്ല എന്നു പറഞ്ഞു.

Mr. Speaker : He was absent at that time and so he is asked now to move his amendment.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഈ അവസരത്തിൽ ഒന്നു് ഓർമ്മപ്പെടുത്താനുണ്ടു്. അപ്പോഴും ഒരു അമെൻറുമെൻറു് മൂവു ചെയ്യേണ്ട സമയത്തു് ചെയ്തില്ല, ഇപ്പോഴു് വേറൊരു അമെൻറുമെൻറു് തുടങ്ങാൻ പോകുകയാണു്.

ശ്രീ. പി. ടി. ചാക്കോ : ആ അമെൻറുമെൻറുതന്നെ മൂവു ചെയ്യുന്നതാണു്.

Shri K. Narayana Kurup : I move my amedment No. 340.

340. In clause 2, redraft sub-clause (22) as follows:—

(22) 'Kanam' means the transfer for consideration in money or in kind or in both, by a landlord of an interest in specific immovable property to another person for the latter's enjoyment, whether described in the document evidencing the transaction as kanam or kanapattom, the incidents of which transfer include—

(a) a right in the transferee to hold the said property liable for the consideration paid by him or due to him;

(b) the liability of the transferor to pay to the transferee interest on such consideration unless otherwise agreed to by the parties; and

LIBRARY ARCHIVES Kerala Legislative Assembly

(c) payment of michavaram, or customary dues or renewal on the expiry of any specified period, and, in areas in the State other than Malabar, includes such transfer of interest in specific immovable property which is described in the document evidencing the transaction as otti, karipanayam, panayam, nerpanayam or by any other name and which has the incidents specified in sub-clauses (a) and (b) above and also the following incidents....

(i) renewal on the expiry of any specified period, and

(ii) payment of costomary dues:

Provided that kanapattam or any other demise governed by the Travancore Jenmi and Kudiyan Act of 1071 or the Kanam Tenancy Act, 1955 shall not be deemed to be a kanam.

Explanation:—For the purposes of this clause, where there has been no stipulation in the document evidencing the transaction for renewal on the expiry of any specified period, but there has been a renewal or payment of renewal fees, it shall be deemed that there had been a provision for such renewal in the document."

സർ, ഈ ഭേദഗതിയിൽ കാണിച്ചിട്ടുള്ളതു് സെലക്ററുകമ്മിററിക്ക പോകുന്നതിനു മുമ്പുള്ള നക്കൽ ബില്ലിൽ ഉണ്ടായിരുന്നതാണു്. ഇതേ ക്ലാസ് തന്നെ കാർഷികബന്ധനിയമത്തിലും ഉണ്ടായിരുന്നതാണു്. ഈ വ്യവസ്ഥ മാററിയതുകൊണ്ടു് തിരുവിതാംകൂർ ഭാഗത്തുള്ള ഒററികാം, അതായതു്, "usufructuary mortgages and anomalous mortgages" കാണത്തിന്റെ സ്വഭാവത്തിൽ പെടുന്ന എന്നൊരു സംശയം തോന്നുന്നുണ്ടു്. കാണത്തിന്റെ സ്വഭാവത്തിൽപ്പെട്ട ജന്മികുടിയാൻ സ്വഭാവമുള്ള യാതൊരു സ്വഭാവവും തിരുവിതാംകൂർ ഭാഗത്തെ ഒററയിൽ കാണാൻ സാധിക്കുകയില്ല. ഒരു ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധമാണു് കാണത്തിലും കാണപ്പാട്ടത്തിലും നാം കാണുന്നതു്. എന്നാൽ ഒററി ഒരു ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള ബന്ധത്തെയാണു് കുറിക്കുന്നതു്. ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ഒന്നോ രണ്ടോ ഏക്കർ ഭൂമിയുള്ളതു് മറെറാരുവനു് ഒററി കൊടുത്തുകൊണ്ടു് പണം വാങ്ങുകയാണു പതിവു്. എന്തെങ്കിലും ഇംപ്രൂവ്മെന്റു് വരുത്തുന്നു എങ്കിൽ അതിനു് ഭാരിച്ച പ്രതിഫലം കൊടുത്തതു് ഭൂമി തിരിച്ചു വാങ്ങുന്നതിനുള്ള അവകാശം ജന്മി എന്നു പറയുന്ന ആളിനുണ്ടായിരുന്നു. അതുകൂടി എടുത്തു കളയത്തക്കവിധത്തിലാണു് സെലക്ററുകമ്മിററി റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. അതായതു് 21—ാമത്തെ സബ് ക്ലാസ്സ്. അതു മാററണമെന്നാണു് എന്റെ അമെൻറുമെൻറു്. പഴയതുപോലെ, സെലക്ററു കമ്മിററിക്ക പോകുന്നതിനു മുമ്പുള്ള നയം നാം സ്വീകരിച്ചാൽ...........

<u>ശ്രീ മാലേത്തുഗോപിനാഥപിള്ള</u>: നക്കൽബില്ലിലെ "payment of michavaram, or customary dues or renewal on the expiry of any specified period" എന്നാണു് എന്റെ അമെൻറുമെൻറു്.

<u>ശ്രീ കെ. നാരായണക്കുറുപ്പു്</u>: നക്കൽ ബില്ലിൽ സി—യിലുംപ്പെട്ട customary dues, കൊടുക്കുക എന്നുള്ള വ്യവസ്ഥ തിരുവിതാംകൂർ ഭാഗത്തെ ഒററിയെ ബാധിക്കുന്നതാണു്. അതുകൊണ്ടു് സെലക്ററു കമ്മിററിക്ക പോകുന്നതിനു മുമ്പുള്ള വ്യവസ്ഥതന്നെ സ്വീകരിക്കണം. തിരുവിതാംകൂർ രണ്ടു മൂന്നു ഏക്കർ ഭാഗത്തെ പ്രത്യേകിച്ചു് മദ്ധ്യതിരുവിതാംകൂർ ഭാഗത്തെ പാവപ്പെട്ട ജന്മിമാർ, രണ്ടുമൂന്നു ഏക്ര മാത്രമുള്ള ജന്മിമാർ, സ്വന്തം ഭൂമി പണയമായി കൊടുത്തിട്ടു് ചെറിയ താൽക്കാലികമായ ആവശ്യങ്ങൾ നിറവേററുകയാണു്. ആ വക വസ്തുക്കൾ ഒഴിപ്പിച്ചുകൂടാ എന്ന വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടുവരികയാണെങ്കിൽ അതു് കടുത്ത അനീതിയായിരിക്കും. കാർഷികബന്ധനിയമത്തിലും അതേ തുടർന്നുള്ള നിയമത്തിലും വളരെയധികം വിവേചന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. നാരായണക്കുറുപ്പ്]

ങ്ങൾ കാണുന്നുണ്ട്. സർ, തിരുവിതാംകൂറിലും കൊച്ചിയിലും, മലബാറിലും ഭൂമിയുടെ പരിമിതിയും സ്വഭാവവും കുടിയാനും, ജന്മിയും പലതാണ്. ഇവിടെ എല്ലായിടത്തും ഒരുപോലെ മാററങ്ങൾ വരുത്തുകയാണെങ്കിൽ അത് കടുത്ത അനീതിയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഓരോതരം രോഗികൾക്കും ഓരോ മരുന്നാണ് കൊടുക്കേണ്ടത്. കാസരോഗിക്ക് കാസരോഗത്തിനുള്ള മരുന്നുതന്നെ കൊടുക്കണം. അതാതു രോഗത്തിനുള്ള മരുന്നു കൊടുത്തെങ്കിൽമാത്രമേ രോഗം ഭേദപ്പെടുത്താൻ സാധിക്കുകയുള്ളു. മലബാറിലുള്ള ജന്മികുടിയാൻ ബന്ധമോ, തിരുവിതാംകൂർ-കൊച്ചിയിലുള്ള ജന്മികുടിയാൻ ബന്ധമോ തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന വസ്തുത ഒരു പരമാർത്ഥം മാത്രമാണ്. ഇങ്ങനത്തെ വ്യവസ്ഥകൊണ്ട് ഒരു വിഭാഗം ആളുകൾക്ക് കടുത്ത നിരാശ ഉണ്ടാകും, അതുകൊണ്ട് ഈ ക്ലാസ് വളരെയേറെ പ്രതികൂലമായിരിക്കും. ഒരു ഉത്തമർണ്ണ അധമർണ്ണ സ്വഭാവമാണ് തിരുവിതാംകൂർ ഭാഗത്തുള്ള ഒററികൊണ്ട് കാണാൻ സാധിക്കുന്നത്. എന്തുകൊണ്ട് കടക്കാരനെ സഹായിക്കാൻ പാടില്ല. പാവപ്പെട്ടവൻ പണക്കാരനാണ് ഒററികൊടുക്കുന്നത്. ഒററി കൊടുക്കുമെന്നു പറയുമ്പോൾ മിച്ചവാരം എന്നുള്ള വാക്കുകൊണ്ട് ജന്മി കുടിയാൻ ബന്ധം സ്ഥാപിക്കുന്നത് തെററാണ്. മിച്ചവാരം എന്നു പറയുന്നത് ഭൂമി ആരുടെതാണെന്ന് പരക്കെ ബോദ്ധ്യമാകത്തക്കവിധത്തിൽ ഒററിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. തിരുവിതാംകൂർ ഭാഗത്തെ ഇറക്കിപ്പണയം ഒററിയല്ല. ഇറക്കിപ്പണയം മാററി നിറുത്തിയാണ് ഞാൻ ഒററിയെപ്പററി സംസാരിക്കുന്നത്. ഇറക്കിപ്പണയമെന്നു പറയുന്നത് ഒററിയല്ല.

സർ, ഇറക്കിപണയം എന്നു പറയുന്നതു യൂസുഫ്രക്ച്വറി
11. A. M.] മാർട്ടഗേജാണ്. ഒരാൾ അയാളുടെ വസ്തു ഒററി കൊടുത്തു രണ്ടായിരമോ മൂവായിരമോ രൂപാ കടം വാങ്ങിച്ചിട്ടുണ്ട് എങ്കിൽ അതിന് ഇറക്കിപ്പണയം എന്നു പറയുന്നുണ്ട്. അതുകൂടാതെ രണ്ടായിരമോ മൂവായിരമോ രൂപാ ഒററി അർത്ഥം വാങ്ങിക്കൊണ്ട് ഭൂമി വിട്ടുകൊടുത്തിട്ട് ദേഹണ്ണം ചെയ്യാനുള്ള അനുവാദം കൊടുത്തിട്ടുള്ളതാണ് ഒററി. അതിൽ ദേഹണ്ഡമുള്ള ഭൂമിയും, ഇല്ലാത്ത ഭൂമിയും ആയി ഒററികൾ കൊടുക്കാറുണ്ട്. അങ്ങനെ കൊടുക്കുമ്പോൾ അവസാനം ഒഴിപ്പിക്കുന്ന സമയത്തു അതിനു ടെനൻറ്സ് ഇംപ്രൂവ്മെൻറ് ആക്ററ് അനുസരിച്ച് പ്രതിഫലം കൊടുക്കാനുള്ള വ്യവസ്ഥയും ഉണ്ട്. ആണ്ടിലുള്ള ആറുമാസത്തിന്റെ 20 ഇരട്ടിവരെ ദേഹണ്ഡ വില കൊടുക്കുന്നുണ്ട്. അങ്ങനെ കൊടുത്തിട്ടുള്ള വസ്തു ഒഴിപ്പിക്കാൻ പാടില്ലാ എന്നു പറയുന്നതു ശരിക്കലും നീതീകരിക്കാൻ പാടുള്ളതല്ല. ഇങ്ങനെ ഒരു വ്യവസ്ഥ ഈ നിയമത്തിൽ വയ്ക്കുകയാണെന്നുണ്ടെങ്കിൽ ആയിരക്കണക്കിനുള്ള ചെറുകിടക്കാരായിട്ടുള്ള ജന്മിമാരെ ഇതുമൂലം തെണ്ടികളാക്കാൻ വേണ്ടിയുള്ള ഒരു വ്യവസ്ഥയായിരിക്കും ഇത്. ഇതു സെലക്ററുകമ്മററി ചേർക്കാതിരുന്നതു സെലക്ററുകമ്മിററിക്കു തെററു പററിയതു കൊണ്ടായിരിക്കാം. അങ്ങനെ ഒരു പാകപ്പിഴ ഈ നിയമത്തിൽ വന്നിട്ടുള്ളതു മാററേണ്ടതാണ്. അല്ലെങ്കിൽ അതിനെ ഞാൻ എതിർക്കുകയും ചെയ്യുകയാണ്. ഇതുമൂലം ഒരു വിഭാഗത്തിൽപ്പെട്ട ആളുകളെ ഞെരുക്കാനും, അവരെ ഞെക്കാനും കരുതിക്കൂട്ടി ബോധപൂർവ്വം കൊണ്ടുവന്നിട്ടുള്ളതാണോ എന്നു ഞാൻ സംശയിക്കുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും എല്ലാ പ്രദേശത്തുള്ളവർക്കും മലബാറിലും, കൊച്ചിയിലും, തിരുവിതാംകൂറിലുള്ളവർക്കും ന്യായമായി കിട്ടുന്ന അവകാശം ഈ ഭൂ ഉടമകളായ പാവപ്പെട്ട തെണ്ടികൾക്കും കിട്ടണം എന്നുള്ളതാണ്. അതിന് ഈ വ്യവസ്ഥ മാററി പഴയ വ്യവസ്ഥകൊണ്ടു വന്നെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അതുകൊണ്ട് ഈ ബിൽ സെലക്ററുകമ്മിററിക്കയയ്ക്കുന്നതിനു മുമ്പു അതിലുള്ള സബ്ക്ലാസ് 22-ൽ ഉണ്ടായിരുന്നതു അതേപടി ഇതിലും വയ്ക്കണമെന്നുള്ളതാണ്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ: വളരെ സാധുക്കളായ ജന്മിമാരെപ്പററി വളരെ അധികം സംസാരിക്കുന്ന ഈ സഭയിൽ, സംസാരിക്കുന്നതു കേട്ടാൽ ഈ ജന്മിമാരെന്നു പറയുന്നവരാണ് സാധുക്കളും, അവർ ഒരുകൂട്ടം പണക്കാരുടെ ഇടയിൽപെട്ടു വിഷമിക്കുന്നവരാണ് എന്നു തോന്നിപ്പോകും. ഈ സാധുക്കളായ ജന്മിമാർ ഇപ്പോൾ ഏകദേശം ഭിക്ഷാംദേഹികളായിക്കഴിഞ്ഞിരിക്കയാണോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. പണത്തിനു മററു നിവൃത്തി ഒന്നുമില്ലാതെ എന്തെങ്കിലും വീട്ടാവശ്യത്തിനുവേണ്ടി ഒററികൊടുക്കുന്ന ഭൂമികൂടി ഒഴിപ്പിക്കാൻ ബുദ്ധിമുട്ടായേക്കും എന്നും, അതു പ്രത്യേകിച്ചു ഈ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വളരെ സാധുക്കളായ ഭൂഉടമകളുടെ കാര്യത്തിൽ അങ്ങനെ വരുന്നതു അവരെ തെണ്ടികളാക്കാനാണ് എന്നെല്ലാം വളരെ മനുഷ്യസ്നേഹപരമായ വിധത്തിൽ ഇവിടെ പറയുന്നതു കേട്ടു. തിരുവിതാംകൂറിലെ ഭൂമിയുടെ ബന്ധത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് ഈ ബില്ലിൽ അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളതു് എന്നു ഞാനും സമ്മതിക്കാം. എന്നാൽ അതിലേക്കു അവർ ഉന്നയിച്ച വാദങ്ങൾ കേട്ടപ്പോൾ ഒരുകാര്യം അറിയണമെന്നു ഞാനാഗ്രഹിച്ചു. ഒരു ഗവണ്മെൻറു ഭൂനയബില്‍ ഉണ്ടാക്കുന്നതു് ആബ്സൻറീ ലാൻറു ലാഡിസം ഉണ്ടാക്കിയ ബന്ധങ്ങൾ അവസാനിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണോ, അല്ലയോ എന്നു തീരുമാനിക്കണം. ഇതു തൽക്കാലം കുടുംബത്തിൻെറ ആവശ്യത്തിനുവേണ്ടി കൊടുത്തതു ആണെങ്കിൽതന്നെയും അതിനു കസ്റ്റമറി ഡ്യൂസ് കൊടുക്കുന്നതിനു വ്യവസ്ഥ ഉണ്ടാവുകയില്ല. അതെല്ലാം കേവല പണയങ്ങളാണ്. അതു് ഈ സെലക്റ്റുകമ്മിററി റിപ്പോർട്ടു ചെയ്തിട്ടുള്ള ബില്ലിൻെറ വ്യവസ്ഥയേയോ ബാധിക്കുന്നില്ല. ഒരു വലിയ നാടുമുഴുവൻതന്നെ സാധാരണയായി കൈവശം വച്ചിരുന്ന കുടുംബങ്ങളുമുണ്ടായിരുന്നു. അതു മുഴുവൻ അദ്ധ്വാനിക്കുന്നവർക്കു ഒററിയാണെന്നു പറഞ്ഞു കാണമായി എഴുതി കൊടുത്തിട്ടുണ്ടു്. അങ്ങനെ കൊടുത്തിട്ടുള്ളതിനെ ഒററി എന്നും പറയും, അതിനു കാലാവധിയുണ്ടെന്നു ഞാനും സമ്മതിക്കുകയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: എവിടെയാണ് അങ്ങനെ ഒററിയാണെന്നു പറഞ്ഞു കാണമായിട്ടു കൊടുത്തിട്ടുള്ളതു്?

ശ്രീ. കെ. ഭാർഗ്ഗവൻ: അങ്ങനെ അനേകം കേസുകളുണ്ടു്. ഏതായാലും ഇന്നീ പരാതികൾ പറയേണ്ട ആവശ്യമില്ല. അഞ്ഞൂറും ആയിരവും രണ്ടായിരവും ഏക്കർഭൂമി അങ്ങനെ ഒററിയായി കൊടുത്തിട്ടുള്ളതാണ് ഇന്നു തോട്ടങ്ങളായിരിക്കുന്നതു്. അവർക്കു ആ ഭൂമിയിലുള്ള അവകാശം പ്രത്യേകമായി പരിഗണിച്ചു കൊടുക്കാൻ ഈ ബില്ലിൻെറ അടിസ്ഥാനതത്വമനുസരിച്ചു സാദ്ധ്യമല്ല. മദ്ധ്യതിരുവിതാംകൂറിൻെറ ഭാഗമായ മാവേലിക്കര, ചങ്ങനാശ്ശേരി ഈ സ്ഥലങ്ങളിൽ അങ്ങനെയുള്ള ഏർപ്പാടുകളുണ്ടെന്നാണ് പറയുന്നതു്. അവിടെ ഇതിനു ഒററി എന്നാണുപറയുന്നതു് യഥാർത്ഥത്തിൽ ഇതു ഒററിയല്ല. തിരുവിതാംകൂറിൽ റവന്യൂസംബന്ധമായി പരിചയമുള്ളവർ പറയുന്നതു, കാലാകാലങ്ങളിൽ കാണമായികൊടുത്തിരിക്കുന്നതു ഒററി എന്നു എഴുതികൊടുത്തിരിക്കുന്നതാണെന്നാണ്. അതുപോലെ തിരുവിതാംകൂറിൽ രണ്ടുതരം ഒററിയുണ്ടെന്നും കൃത്യമായിപറഞ്ഞിട്ടുണ്ടു്. ഇതു വളരെ വിശദമായി പറഞ്ഞിട്ടുള്ളതാണ്. തിരുവിതാംകൂറിലുള്ള റവന്യൂസംപ്രദായം പരിചയമുള്ളതാണ്. ഒരു കാലത്തും ഭൂമിയുമായി ബന്ധമില്ലാത്തവരാണ് ഇങ്ങനെ ഭൂമി കൊടുത്തിട്ടുള്ളതു്. അദ്ധ്വാനിക്കാൻ തയ്യാറുള്ളവർക്കു അദ്ധ്വാനിക്കാൻവേണ്ടി കൊടുത്തിട്ടുള്ളതാണ്. അവരുടെ അദ്ധ്വാനത്തിൻെറഫലമായി ഇന്നു ഭൂമിയുടെ സ്വഭാവംതന്നെ മാറി. അവരെല്ലാം ഇന്നു പണക്കാരായിട്ടുമുണ്ടു്. ചിലർ ധാരാളം ഭൂമിയുടെ ഉടമസ്ഥന്മാരായിട്ടുള്ളവരുമാണ്. ഇതു ആബ്സൻറീ ലാൻറു ലാർഡിസത്തിൻെറ ഫലമായിട്ടുണ്ടായിട്ടുള്ളതാണ്. ഈ ആബ്സൻറീ ലാൻറു് ലാർഡിസം അവസാനിപ്പിക്കുന്നതിനു ലാൻറു ബിൽ അവതരിപ്പിക്കുകയുണ്ടാകും എന്നു ചിന്തിച്ചിട്ടുള്ളവരായിരിക്കയില്ല. ഇന്നിപ്പോൾ ഈ അവകാശം അവർക്കു കൊടുത്താൽ തന്നെബുദ്ധിമുട്ടുണ്ടു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ആബ്സെൻറീ ലാൻറു ലാർഡിസം തുടരുന്നതുകൊണ്ടു അന്നു പണം ആവശ്യത്തിനു കിട്ടീട്ടുണ്ടെന്നുള്ളതല്ലാതെ മിച്ചവാരം മാത്രമേ തരികയുള്ളു. അല്ലാതെ വേറെ ഒന്നുമില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ: അങ്ങനെ കൊടുക്കുന്നതു ശരിക്കു റിന്യൂവൽ അല്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: റിന്യൂവൽ ആകുകയില്ല. മിച്ചവാരം കാണും.

ശ്രീ. കെ. ഭാർഗ്ഗവൻ: റിന്യൂവൽ അല്ലെങ്കിലും മിച്ചവാരവും, കസ്റ്റമറീ ഡ്യൂസും കിട്ടും.

ശ്രീ. എൻ. ഭാസ്കരൻനായർ: എല്ലാം ഉണ്ടെങ്കിൽ പിന്നെ കാണമാണെന്നുള്ളതിനു സംശയമില്ലല്ലോ. ഈ മൂന്നു ഇൻസിഡൻസുമുണ്ടെങ്കിൽ കാണമാണു്.

ശ്രീ. കെ. ഭാർഗ്ഗവൻ: അങ്ങനെ ന്യായമായി കസ്റ്റമറി ഡ്യൂസ് കൊടുക്കണമെങ്കിൽ മററു അവകാശങ്ങളും ഉള്ള സ്ഥിതിക്കു അതു ഒരു കാഴ്ചയാണു്. അങ്ങനെ ജന്മിക്കുകൊടുത്തുവന്നിരുന്ന ഒരു കാഴ്ചയാണു് കസ്റ്റമറി ഡ്യൂസ്. ഇന്നു ഒരു ഭൂ ഉടമ എന്നു പറയുമ്പോൾ നമുക്കു തോന്നുന്ന വികാരത്തിലല്ലാ കസ്റ്റമറിഡ്യൂസ് വാങ്ങുന്ന ഭൂഉടമ. ഭൂമിയിൽ അദ്ധ്വാനിക്കാൻ തയാറുള്ളവൻ കിട്ടുന്ന കാഴ്ച കൊടുത്തു ഭൂമി വാങ്ങിച്ചു അവൻെറ അദ്ധ്വാനം കൂടാതെ വളരെ അധികം പണംചെലവഴിച്ചിട്ടുണ്ടാകാം. ചിലപ്പോൾ ഈ ഭൂഉടമ സ്വന്തമായി കുറെഭൂമി കൃഷിചെയ്തു എന്നുവരും. എന്നാൽ കസ്റ്റമറിഡ്യൂസ് വാങ്ങുന്ന ജന്മിമാർക്കു ആർക്കും ഒരിക്കലും ഈഭൂമിയുമായി ബന്ധമുണ്ടായിരിക്കുകയില്ല. കേരളസംസ്ഥാനത്തെ ഒരു പ്രത്യേകസാഹചര്യത്തിൽ ഈഭൂമിയുണ്ടെന്നുള്ളതല്ലാതെ അവർ ഒരിക്കലും അദ്ധ്വാനം ചെയ്തിട്ടില്ല. അന്നു അവർ ഓണക്കാഴ്ച വാങ്ങാൻ മറക്കുകയില്ല. ഒററിയാണെന്നുപറഞ്ഞാൽ കസ്റ്റമറി ഡ്യൂസ് കിട്ടും. ഇതു രണ്ടുംകൂടി സാദ്ധ്യമല്ല. കാലാകാലമായി തുടർന്നു വരുന്ന ആബ്സെൻറീ ലാൻറു ലാർഡിസം തലമുറ തലമുറയായി നിലനിന്നു വന്നിരുന്നതു ഈ ഭൂനയബില്ലുകൊണ്ടു അവസാനിപ്പിക്കണം എന്നുള്ളതാണു്. അതു കൂടുതലായി തിരുവല്ലാ, മാവേലിക്കര, ചങ്ങനാശ്ശേരി ഈ സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ഇവർ ഒററി എന്നു പറഞ്ഞുകൊടുത്തിട്ടുള്ള വെറുംഭൂമി കൃഷിക്കാരാണു് അവരുടെ അദ്ധ്വാനത്തിൻെറ ഫലമായി ഭൂമിയാക്കി എടുത്തതു്. അവരാണു് ഈ തോട്ടങ്ങളും മററും ഉണ്ടാക്കിയതു്. യൂറോപ്യൻ പ്ലാൻേറഷനുകളുടെ തോട്ടങ്ങളും മററും ഉണ്ടാക്കീട്ടുള്ളതു, ഈ ഒററിയുടെ അടിസ്ഥാനത്തിൽ ഭൂമി കൊടുത്തിട്ടുള്ളതാണു്. അങ്ങനെ കൃഷിയുടെ ഘടന നവീകരിച്ചതു ഈ ആബ്സെൻറീ ലാൻറു ലാർഡിസത്തിൻെറ ഫലമായിട്ടാണു്. അങ്ങനെ കൃഷിയുടെ ഘടനയും സാമ്പത്തികഘടനയും നവീകരിക്കാൻ വേണ്ട പണവും അദ്ധ്വാനവും ചെലവാക്കിയവരോടു യാതൊരു ബഹുമാനവും ഇല്ലാത്ത ഒരു ഭേദഗതിയാണിതു്. യഥാർത്ഥ ഫ്യൂഡൽ ജന്മിയായിട്ടുള്ളവരുടെ അവകാശത്തെ രക്ഷിക്കണം എന്നുള്ളതാണു് ഈ ഭേദഗതിയുടെ ഉദ്ദേശം. അതു ഭൂനയബില്ലിൽ അംഗീകരിച്ചുകൂടാ. അതുകൊണ്ടു ഈ ദയവു അലിഞ്ഞു അലിഞ്ഞു ഒലിക്കാവുന്ന രൂപത്തിൽ പറയുന്നവരോടു ശ്രീമാൻ ചാക്കോ പറഞ്ഞതുപോലെ ദരിദ്ര്യനാരായണന്മാരുടെ കണ്ണുനീർ തുടയ്ക്കുന്നതിനുവേണ്ടി ആവശ്യപ്പെടുന്നതു ഈ ആബ്സെൻറീ ലാൻറു ലാർഡിസം വേണ്ടാ എന്നുള്ളതാണു്. അതാണു് ഇതുസംബന്ധിച്ചുള്ള വിനീതമായ അഭിപ്രായം.

ശ്രീ. ഓ. കോരൻ: എൻെറ ഭേദഗതി

In clause 2 (22), in the place of the first paragraph, insert the following :

LIBRARY ARCHIVES Kerala Legislative Assembly

"kanam" means the transfer for consideration in money or in kind or in both, by a person of an interest in specific immovable property to another person, the incidents of which transfer include.

ഇവിടെ ശ്രീമതി ഗൗരിയും, ശ്രീമാൻ ടി. സി. നാരായണൻ നമ്പ്യാരും ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ പറഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ അതേപ്പറ്റി കൂടുതലായി ഒന്നും പറയുന്നില്ല. ലാൻറു ലാർഡു എന്നുള്ളതിനു പകരമായിട്ടു പേഴ്സൺ എന്നു ചേർക്കണം എന്നുള്ളതാണ് എൻെറ പ്രധാന ഉദ്ദേശം. ഈ ലാൻറു ലാർഡു അല്ലാതെ ഭൂമി കൈമാററം ചെയ്തിട്ടുണ്ടു്. അതു വ്യക്തമാക്കിക്കിട്ടുന്നതിനാണ് ഞാനെൻെറ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്, ഒരു ജന്മി അയാളുടെ ഭൂമി വേറെ ഒരാളിനു കാണംകൊടുക്കുന്നു, കുറെ കൊല്ലത്തിനു ശേഷം ആ കാണക്കാരൻ വേറെ ഒരാളിനു ആ വസ്തു കൈമാററം ചെയ്തുകഴിഞ്ഞാൽ രണ്ടാമതു കൈമാററംചെയ്ത ആളിനു യഥാർത്ഥ അവകാശം കിട്ടുമോ ഇല്ലയോ എന്നു സംശയമുള്ളതുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്. അതിനു പേഴ്സൺ എന്ന വാക്കു ചേർക്കുന്നതുകൊണ്ടു കുറെക്കൂടി വ്യക്തമാകും. ഇത്രമാത്രമാണ് എനിക്കു പറയാനുള്ളതു്.

[Deputy Speaker in the Chair]

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതേസംബന്ധിച്ച ആ ഭാഗത്തുനിന്നും അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. അതിനെതിരായിട്ടുള്ള ഭേദഗതികൾ ഹാജരാക്കിക്കൊണ്ടുള്ള പ്രസംഗങ്ങൾ കേട്ടതിനുശേഷം ഈ നാട്ടിൽ ഒററിവാങ്ങിയവരെല്ലാം വസ്തു ഒഴിഞ്ഞുകൊടുക്കാതിരിക്കാൻ എന്തെങ്കിലും വഴിയുണ്ടോ എന്നു നോക്കിക്കൊണ്ടിരിക്കുകയാണെന്നു തോന്നിപ്പോകുന്നു. ഒരു ജന്മി അയാളുടെ ഭൂമി ഏതെങ്കിലും കുടുംബാവശ്യങ്ങൾക്കായി ഒററികൊടുത്തുപോയാൽ അതു ഒഴിപ്പിക്കാൻ പാടില്ലാ എന്നു പറഞ്ഞാൽ, അതു ശരിയല്ല. അതിലേക്കു് ആദ്യമേ ഈ ബില്ലിൽ ഉണ്ടായിരുന്നവിധത്തിൽ തന്നെ ആ സെക്ഷൻ തുടരണമെന്നു ഇവിടെ ശ്രീമാൻ കെ. നാരായണക്കുറുപ്പ് ഒരു ഭേദഗതി ഹാജരാക്കിയതിനെ ഞാൻ അനുകൂലിക്കുകയാണ്.

ഞാൻ ഒരു പത്തുമുപ്പതു കൊല്ലംമുമ്പുമുതൽ ഒററികൊടുത്തു തുടങ്ങിയതാണ്. അവരാരും എനിക്കു് ഒരു കാഴ്ചയും തരാറില്ല. ഒററിക്കാരൻ ജന്മിക്കു് കാഴ്ച കൊടുക്കുന്നതായി ഞാൻ കേട്ടിട്ടുപോലുമില്ല,

ശ്രീ. കെ. ഭാർഗ്ഗവൻ: - അങ്ങനെയാണെങ്കിൽ ആ ഒററിയൊന്നും കാണമാകുകയില്ല. അതിൽ പരിഭ്രമിക്കേണ്ട കാര്യമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അങ്ങനെയിരിക്കെ ഈ വ്യവസ്ഥ സ്വീകരിച്ചാൽ വസ്തു ഒഴിഞ്ഞുകിട്ടുകയില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ്: ആധാരത്തിൽ കാഴ്ചയെന്നു എഴുതിയിട്ടുണ്ടെങ്കിലും അതു് കൊടുക്കുന്നില്ലെന്നു അറിയാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഒററിയെന്നു പറഞ്ഞാൽ അതിൽ മറെറാന്നും വരുന്നില്ല. വെറും പണയത്തിൻെറ സ്വഭാവമേയുള്ളു. തൽക്കാലം പണത്തിൻെറ ആവശ്യത്തിനുവേണ്ടി ഒററി എഴുതുകയാണ്. ഇങ്ങനെ എഴുതിച്ചേർത്താൽ വസ്തു ഒഴിയുന്നതിന് അന്യായം കൊടുക്കുന്ന അവസരത്തിൽ ഒരു തർക്കം കൊടുത്താൽ മതി ഒഴിയാതിരിക്കാൻ.

ശ്രീ. കെ. ഭാർഗ്ഗവൻ: മിച്ചവാരം, കസ്റ്റമറി ഡ്യൂസ്, അല്ലെങ്കിൽ റിന്യൂവൽ, ഇതുമൂലം ഉള്ളതിനെപ്പററിയല്ലാതെ, മററതിനെപ്പററി ആരും ഒന്നും പറയുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇങ്ങനെ എഴുതിവച്ചാൽ ഒററി ഒന്നു പുതുക്കിയാലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കുഞ്ഞച്ചൻ : തിരുവല്ലാ, മാവേലിക്കര എന്നീ താലൂക്കുകളിൽ പൊളിച്ചെഴുത്തുള്ള ഒററിയുണ്ട്, അതും ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ഒററിയും ഒരുപോലെയാണോ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : പ്രമാണത്തിൽ പലതും എഴുതിചേർത്തിട്ടുണ്ടാകും. ദാരിദ്ര്യംകൊണ്ട് പണത്തിനുവേണ്ടി പ്രമാണത്തിൽ എന്തും എഴുതിക്കൊള്ളാൻ പറഞ്ഞിരിക്കും. ഞാൻ പറയുന്നത് കാഴ്ചയോ മറെറന്തെങ്കിലുമോ കൊടുക്കാതിരിക്കുന്ന വസ്തുക്കളെ സംബന്ധിച്ചിടത്തോളം ജന്മികൾ ഒഴിപ്പിക്കാനുള്ള അവകാശം വേണം. രണ്ടാമത്, ഇതു പ്രത്യേകം എടുത്തുപറയുന്നതുകൊണ്ട് കൂടുതൽ തക്വവും, കുഴപ്പവും ഉണ്ടാകുമെന്നാണ് എനിക്കു തോന്നുന്നത്. നാട്ടിൽ കലാപം ഇനിയും ഉണ്ടാക്കിയേ തീരൂ എന്നു വിചാരമുണ്ടെങ്കിൽ ഇങ്ങനെ ചെയ്യാം. അല്ലെങ്കിൽ പഴയമാതിരിതന്നെ വേണമെന്നാണ് എനിക്കു പറയാനുള്ളത്.

Shri P. T. Chacko : I am acepting the amendment No. 340 moved by Shri K. Narayana Kurup.

ശ്രീ. ഈ. പി. ഗോപാലൻ : ഭേദഗതി കൊടുത്തിട്ടുള്ള ആളുകൾക്ക് സംസാരിക്കാൻ സൗകര്യം ഇല്ലെന്നുവരുന്നത് വളരെ കഷ്ടമാണ്. എനിക്ക് സംസാരിക്കാൻ അവസരം കിട്ടണം.

Dy. Speaker : I have already called the Minister. The hon. Member will please resume his seat.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ബില്ലിന്റെ കാര്യത്തിൽ ഇങ്ങനെ സംസാരിക്കാതെ ഇരിക്കേണ്ടി വരുന്നതിൽ എനിക്ക് വലിയ എതിർപ്പുണ്ട്.

Shri P. T. Chacko : He is questioning the ruling of the Chair.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഒരു പായിന്റു ആഫ് ഓർഡർ. ഭേദഗതി കൊടുത്തിട്ടുള്ള മെമ്പറന്മാർക്ക് തത്തുല്യമായ ഭേദഗതികൾ അവതരിപ്പിച്ചു കഴിഞ്ഞതുകൊണ്ട് അവ അവതരിപ്പിക്കാനുള്ള അനുവാദം കൊടുക്കുന്നില്ലെങ്കിലും അവർക്ക് അതിനെപ്പററി വിശദീകരിക്കുന്നതിനുള്ള സൗകര്യം കൊടുക്കേണ്ടതല്ലേ ?

ഡെ. സ്പീക്കർ : ഡിസ്കഷൻ വേണ്ടത്ര ആയിയെന്നു തോന്നിയതുകൊണ്ടാണ് മന്ത്രിയെ വിളിച്ചത്.

ശ്രീ. ഈ. പി. ഗോപാലൻ : അങ്ങനെ ചെയറിനു തോന്നുകയാണെങ്കിൽ സാധാരണഗതിയിൽ സഭയിൽവച്ചു സഭക്കു ആനുകൂല്യമുണ്ടോ എന്നു നോക്കിയാണു ചെയ്യുന്നത്.

ഡെപ്യൂട്ടി സ്പീക്കർ : മിനിസ്റ്ററെ വിളിച്ചശേഷമാണ് ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കാൻ എഴുന്നേററത്.

ശ്രീ. കെ. ഭാർഗ്ഗവൻ : മെമ്പറന്മാരുടെ അവകാശം രക്ഷിക്കുകയാണ് ചെയർ ചെയ്യേണ്ടത്. അത് പ്രത്യേകം പരിഗണിക്കേണ്ടതാണ്.

ഡെപ്യൂട്ടി സ്പീക്കർ : അതു വേണ്ടപോലെ പരിഗണിക്കുന്നുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : ഭേദഗതികൾ അവതരിപ്പിക്കുന്ന അവസരത്തിൽ ഒരേമാതിരി ഭേദഗതികൾ വരുന്നതു സ്വാഭാവികമാണ്. അപ്പോഴാണ് ഇന്ന ഭേദഗതി അവതരിപ്പിച്ചാൽ മതിയെന്നും ഇന്നഇന്ന ഭേദഗതികൾ തത്തുല്യമായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ലെന്നും പറയുന്നത്. അങ്ങനെ ഇന്നയിന്ന ആളുകളുടെ ഭേദഗതി അവതരിപ്പിക്കാമെന്നു പറഞ്ഞ അവസര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപോലെയുള്ള ഭേദഗതികൾ മററുചില മെമ്പറന്മാരുടെ പേരിലും നില്ക്കുന്നുണ്ടെന്നു്. അതുകൂടി ചെയർ പരിഗണിക്കേണ്ടതല്ലേ ; ഇന്ന ഭേദഗതി അവതരിപ്പിച്ചാൽ മതി, മററുള്ളതു് നിലനില്ക്കുന്നു എന്നുള്ളതുകൊണ്ടു് അവക്കു സംസാരിക്കാൻ അനുവാദം കൊടുക്കാറുണ്ടു്. ഇവിടെ അങ്ങനെ സംസാരിക്കുന്നതിനു് അവസരം കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറന്മാർ നല്കുന്ന ഭേദഗതികൾ ഒരേരൂപത്തിലുള്ളതാണെങ്കിൽ അതിൽ ഏതെങ്കിലും ഒന്നു് അവതരിപ്പിക്കാൻ അനുവദിക്കുന്നു. അങ്ങനെ ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചു കഴിഞ്ഞശേഷം തത്തുല്യമായ ഭേദഗതികൾ കൊടുത്തിട്ടുള്ള മെമ്പറന്മാക്കു് സംസാരിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ അവസരം ലഭിക്കുന്നതാണു്. ശ്രീ. ഗോപാലൻ എഴുന്നേററതു് അങ്ങനെ പലരും സംസാരിച്ചു കഴിഞ്ഞശേഷമാണു്, അപ്പോൾ മിനിസ്റ്റർ സംസാരിക്കാൻ എഴുന്നേററു കഴിഞ്ഞു. സംസാരിക്കാൻ താല്പര്യമുള്ളവർ എഴുന്നേററു കാണാറുണ്ടു്. അങ്ങനെ ആരും എഴുന്നേററു കാണാത്തതുകൊണ്ടാണു് മിനിസ്റ്ററെ വിളിച്ചതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഭേദഗതി കൊടുത്ത ആളെന്നുള്ള നിലയിൽ സംസാരിക്കുന്നതിനു എഴുന്നേററു നിൽക്കുന്നുണ്ടോ എന്നു അങ്ങു നോക്കേണ്ടതാണു്. ഞാൻ ഒന്നിലധികം തവണ ഇതിനുമുൻപും ഈ അവസരത്തിലും എഴുന്നേററു നിന്നിട്ടുണ്ടെന്നുള്ള വിവരം പറയാൻ എന്നെ അനുവദിക്കണം.

ഡെപ്യൂട്ടി സ്പീക്കർ : എഴുന്നേററു നിന്നാലും ചെയറിന്റെ ദൃഷ്ടിയിൽ പെട്ടാലേ അതു പരിഗണിക്കാൻ കഴിയുകയുള്ളു.

Shri P. T. Chacko: The question is a simple one. The intention is very clear. The same question was discussed here in the Legislature again and again. I remember the discussion on the same question that took place in 1959 in the House. There was an amendment moved by an hon. Member of the then Opposition. The purpose of the amendment was the same; that is, to bring within the scope of 'kanam' all mortgages. I remember, what the then Revenue Minister said opposing the amendment. I don't remember the exact words, but I am sure, Madam, that the then Revenue Minister also opposed the amendment. The position is this. 'Kanam' is an anomalous mortgage. There is no doubt about that. But it also partakes of the characteristics of a lease. 'Kanam' is treated as a tenancy because it partakes of the characteristics of leases. But usufructuary mortgages are not treated as tenancies because in the case of such mortgages the possession of the property is handed over by the mortgager to the mortgagee as security to the loan. This distinction was drawn by the courts and in 1961 KLT 1033, to which the hon. Smt. Gouri referred, the High Court had drawn this distinction again. I may be permitted simply to read a few lines from the judgement. This is what the High Court has observed:

> "Both a 'kanam' and a 'possessory mortgage' involve putting the transferee in possession of the property transferred. A 'kanam' is predominantly a lease the transfer being for the transferee's enjoyment of the property, whereas a possessory mortgage is essentially a loan the transfer being for the purpose of securing repayment."

This was the distinetion which was drawn. This was the definition accepted even in the Agrarian Relations Act. To me, it appears Madam, that it is clear to everybody in the House that a property the possession of which is transferred by one person to another as

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

security for a loan is not a property on lease. It is not a tenancy and I don't think, Madam, anybody in this House should say that a property which was simply transferred by a transferor to the transferee as a security for a loan should not be taken back by the transferor. So as far as this definition is concerned, the position is quite clear. Wherever the transaction partakes of the characteristics of a lease it is a tenancy and the tenant should get the rights of all other tenants.

ശ്രീമതി കെ. ആർ ഗൗരി: കാണമെന്നു പ്രമാണത്തിൽ പേരു പറയുകയും 'ഫാർ ദി ലാറേറഴ്സ് എൻജോയ്മെൻറു്' അല്ലാതെ വരികയും ചെയ്താൽ എന്താണു് സ്ഥിതി ?

Shri P. T. Chacko: The criterion is not the name. Well, I will quote another sentence from the judgment of the High Court. The High Court observed:

> "The courts have never allowed themselves to be unduly oppressed by the name given to a transaction in the deed effecting it and where the terms of the deed clearly spell a different transaction, have felt themselves free to ignore the name."

The courts have never stuck to the name in the deeds. Courts consider the characteristics of a transaction. If the characteristics are that of a lease it becomes 'kanam'. If there are no characteristics of a lease, if the property transferred is only a security for a loan, it is a clear mortgage. I take the position which hon. Smt. Gouri took in 1959. That is why I said that I accept the amendment moved by Mr. K. Narayana Kurup. It is the same as the definition given to 'kanam' in the Agrarian Relations Act excepting for one word.

ശ്രീമതി കെ. ആർ. ഗൗരി: 1959-ൽ ഇതുപോലെ ഹൈക്കോടതിയുടെ ഒരു വിധിയുണ്ടായിരുന്നില്ല. അന്നു് ഉണ്ടായിരുന്ന ധാരണ കാണം എന്നു് വ്യവസ്ഥ ചെയ്യുകയും ആ പേരു് പറയുകയും ചെയ്തിട്ടുള്ള പ്രമാണത്തിൽ പെടുന്നതെന്നാണു്. അതിനകത്തു് ഉണ്ടായിരിക്കേണ്ട ഇൻസിഡെൻസിനെ സംബന്ധിച്ചിടത്തോളം പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ആ ഇൻസിഡൻറ്സ് ഉള്ളതെല്ലാം ഇതിൽ ഉൾപ്പെടുത്തണമല്ലൊ. അന്നു് ഒററിയും കാണവും സംബന്ധമായി ഇൻസിഡൻസു് സംബന്ധിച്ചാണു് തർക്കമുണ്ടായതു്. ഇതു് കഴിഞ്ഞ ശേഷം യഥാർത്ഥത്തിൽ ഒററിക്കു് ആനുകൂല്യം കിട്ടാതെ വന്നിട്ടുണ്ടു്. വ്യാഖ്യാനവും കോടതിവിധികളും മൂലം ചെങ്ങന്നൂർ, കല്ലൂപ്പാറ മുതലായ സ്ഥലങ്ങളിലെ യഥാർത്ഥ ഒററിക്കാർക്കു് പ്രൊട്ടക്ഷൻ കിട്ടാതെ വന്നിട്ടുണ്ടു്.

Shri P. T. Chacko: Madam, I have not heard any question; but I heard only a speech. So, I am continuing my speech.

Madam, I have accepted the amendment moved by Shri K. Narayana Kurup, which is the same as the definition given in the Agrarian Relations Act by one of my hon. predecessors, Smt. Gouri. Now, Madam, with the change that was effected in this definition, it is made clear that even if a transaction is specified in the document as irakkipanayam, panayam or otti, it can become a 'kanam' if the incidents are there. It is specifically stated that where a document known as irakkipanayam, karipanayam or panayam or otti, shows the incidents of kanam, it would be considered as a kanam. Even before 1959, the legal position was the same. Even when this

LIBRARY ARCHIVES Kerala Legislative Assembly

question not exactly relating to the enjoyment, but the distinction between a mortgage and a kanam was discussed before the House in 1959, the legal position was the same. Therefore, I do not accept the amendments, especially the amendment moved by Smt. K. R. Gouri. If the amendment of Smt. Gouri is accepted, the position will be this. All the mortgages will become kanams A mortgage is given as a security, the other is given for the enjoyment. If the words, 'for the latter's enjoyment' are taken away from the definition, it means that all usufructuary mortgages would become kanams and the result would be, instead of helping the poorer man, helping the creditor who has advanced the money. Is it the intention to help the creditor? There is no intention that a creditor should be helped like that. Therefore, I am sorry I cannot accept the amendment.

Amendment No. 29 moved by Shri N. E. Balaram was put and lost.

Amendment No. 30 moved by Smt. K. R. Gouri was put and lost.

Amendment No. 31 moved by Smt. K. R. Gouri was by leave withdrawn.

Amendment No. 190 moved by Smt. K. R. Gouri was put and lost.

Amendment No. 186 and 189 moved by Shri O. Koran were by leave withdrawn.

Deputy Speaker: Then, amendment No. 290 moved by Shri T. C. Narayanan Nambiar.

Shri T. C. Narayanan Nambiar: Madam, I do not know why the hon. Minister is not accepting my amendment.

Shri P. T. Chacko: That is also included. If it is a 'kanam' and if it has got the characteristics, it will be included. The word used is, 'include' which has been objected to by Shri Malethu Gopinatha Pillai for obvious reasons which I don't accept.

Shri T. C. Narayanan Nambiar: Then, I press my amendment.

Amendment No. 290, moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 291 moved by Shri R. Krishnan was put and lost.

Shri Malethu Gopinatha Pillai: My amendment (No. 341) is identical to the amendment (No. 340) moved by Shri K. Narayana Kurup. So, I am not pressing that amendment.

The amendment (No. 341) was by leave withdrawn.

Amendment No. 340, moved by Shri K. Narayana Kurup, was put and carried, namely.

'In clause 2, redraft, sub-clause (22) as follows:

"(22) 'kanam' means the transfer for consideration in money or in kind or in both, by a landlord of an interest in specific immovable property to another person for the latter's enjoyment, whether described in the document evidencing the transaction as kanam or kanapattom, the incidents of which transfer include—

LIBRARY ARCHIVES Kerala Legislative Assembly

[Shri Malethu Gopinatha Pillai]

(a) a right in the transferee to hold the said property liable for the consideration paid by him or due to him;

(b) the liability of the transferor to pay to the transferee interest on such consideration unless otherwise agreed to by the parties; and

(c) payment of michavaram, or customary dues or renewal on the expiry of any specific period, and, in areas in the State other than Malabar, includes such transfer of interest in specific immovable property which is described in the document evidencing the transaction as otti, karipanayam, panayam, nerpanayam or by any other name and which has the incidents specified in sub clauses (a) and (b) above and also the following incidents—

(i) renewal on the expiry of any specified period, and
(ii) payment of customary dues:

Provided that Kanapattam or any other demise governed by the Travancore Jenmi and Kudiyan Act of 1071 or the Kanam Tenancy Act, 1955 shall not be deemed to be a kanam.

Explanation: For the purpose of this clause, where there has been no stipulation in the document evidencing the transaction for renewal on the expiry of any specified period, but there has been a renewal or payment of renewal fees, it shall be deemed that there had been a provision for such renewal in the document."

Sub clause 23

Deputy Speaker: Amendment Nos. 266 and 343, by Shri T. A. Thomman and Shri Malethu Gopinatha Pillai, respectively, may be moved.

Shri T. A. Thomman: Madam, I move amendment No. 266:

266. In clause 2 (23), the following shall be inserted at the end:

"Provided that a usufructuary mortgage as defined in the Transfer of Property Act, 1882, shall not be deemed to be a kanamkuzhikanam."

The amendment is very simple. There may be a doubt as to whether a usufructuary mortgage under the Transfer of Property Act would also come under the definition of 'kanamkuzhikanam.' It is to make that cler that the amendment is given notice of by me. Otherwise, kanamkuzhikanam as it now stands can be argued in such a way that usufructuary mortgage will also come within the operation of this clause. Therefore to make that matter clear, I have moved the amendment.

Shri Malethu Gopinatha Pillai: Sir, I move amendment No. 343.

343. In clause 2 sub-clause (23) after (b) insert—

"But shall not include a person holding land under a mortgage as defined in section 58 (d) and (g) of the Transfer of Property Act, 1882 (Central Act IV of 1882) including a person holding land under a transaction known as Irakkipanayam."

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭേദഗതിയുടെ ഉദ്ദേശം, ഇവിടെ കാണത്തെ സംബന്ധിച്ച പറഞ്ഞ അവസരത്തിൽ പറഞ്ഞതുപോലുള്ള വൈഷമ്യങ്ങൾ ഒഴിവാക്കണമെന്നാണ്. മിസ്റ്റർ തൊമ്മൻ ഇവിടെ പറഞ്ഞതുപോലെ ഈന്നത്തെ 'usufructuary mortgage' മാത്രമല്ല ഉൾപ്പെടുന്നതു്. അങ്ങനെ നാട്ടിലെ ഒററിയെ സംബന്ധിച്ചിടത്തോളം. . . . . . a right in the transferee to hold the said property liable for consideration paid by him or due to him; the liability of the transferor to pay the transferee interest on such consideration unless otherwise agreed by the parties ; അല്ലെന്നു കോടതി സാധാരണ വിധിക്കാറുണ്ടു് അതു് 'right in the tranferee to hold the said property liable for the consideration paid by him.' എന്നു പറയുന്നുണ്ടു്. മിസ്റ്റർ തൊമ്മൻെറ ഭേദഗതിയാകട്ടെ 58 (ജി)കൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ കാണത്തെ സംബന്ധിച്ചതന്നെ രണ്ടുനാലു വ്യവസ്ഥകൾകൂടി വരുത്തണമെന്നാണ്. 'a right in the transferee to hold the said property liable for the consideration paid by him or due to him' എന്നു പറഞ്ഞുകൊണ്ടു് ഇൻററസ്ററു കൊടുക്കണമെന്നു പറയുകയാണെങ്കിൽ കൊടുക്കണം. ഇല്ലെങ്കിൽ വേണ്ട. ഒററി കാരണം റൈററാ അങ്ങനെയല്ലെങ്കിൽ വസ്തു പണയമോ പോകുകയാണെങ്കിൽ ആ വസ്തു പണംകൊടുത്തു വാങ്ങിച്ച ആളിൻെറ കൈവശമാണെങ്കിൽ അതു് കാണം കുഴിക്കാണമാവുമെന്നു പറയുന്നു. അങ്ങനെ വരുമ്പോൾ സർവ്വും ഒററിയല്ലാതെ വരും. തൊമ്മൻെറ ഭേദഗതി മാററിയാലും ഒററിയുടെ വൈഷമ്യം പിന്നെ നിലനിൽക്കുന്നു. അതുകൊണ്ടു എൻെറ ഭേദഗതി സ്വീകരിച്ചാൽ യാതൊരു കുഴപ്പവുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ രണ്ടു ഭേദഗതികളേയും, 266—നേയും 343—നേയും ഞാൻ എതിർക്കുകയാണ്. ഇതിൽ കാണം കുഴിക്കാണത്തെ സംബന്ധിച്ചു് ഇന്നുള്ള നിർവ്വചനം 'kanam—kuzhikanam' means and includes a transfer by a landlord to another pesron of garden lands or of other lands or of both, with the fruit bearing trees, if any, standing there on at the time of the transfer for the enjoyment of those trees and for the purpose of planting such fruit bearing trees thereon, the incidents of which transfer include—

(a) a right in the transferee to hold the said lands liable for the consideration paid by him or due to him which consideration is called kanartham ; and

(b) the liability of the transfer or to pay to the transferee interest on the remuneration unless otherwise agreed to by the parties."

എന്നാണ് പറഞ്ഞിരിക്കുന്നതു്. ഈ വ്യത്യാസം Malabar Tenancy Act—ലും കൊച്ചിൻ വെറും പാട്ടനിയമത്തിലും ഉള്ളതാണ്. ഈ വ്യാഖ്യാനത്തിൽ വേറെ incidents ഒന്നും പറഞ്ഞിട്ടില്ല. ഇതിൽ പ്രസക്തഭാഗം പ്രമാണത്തിൽ കാണം കുഴിക്കാണമെന്നുപറഞ്ഞിട്ടുണ്ടോ, നിൽക്കുന്ന ഫലവൃക്ഷങ്ങൾ അനുഭവിക്കാൻ പറഞ്ഞിട്ടുണ്ടോ—കൂടുതൽ ദേഹണ്ഡങ്ങൾ ചെയ്യാൻ പറയുന്നുണ്ടോ എന്നുമാത്രമാണ്—ജന്മികുടിയാൻ ബന്ധം ഉറപ്പിക്കുന്നഭാഗ വ്യവസ്ഥകളോ, അത്ഥകാരവോ കണ്ടുവെന്നുവരികയില്ല. വളരെക്കാലങ്ങളായി ഉൾക്കൊണ്ടിട്ടുള്ള വ്യാഖ്യാനവുമാണ്. ഇതു് മാററുന്നതിനു് പുതിയ കൂട്ടിച്ചേർക്കൽ ബുദ്ധിമുട്ടുളവാക്കും. കുടിയാൻെറ അവകാശങ്ങൾ നഷ്ടപ്പെടുത്തും. 343—ാമത്തെ ഭേദഗതിയിൽ പറയുന്നതു് ഇങ്ങനെയാണ് :

'but shall not include a person holding land under a mortgage as defined in section 58 (d) and (g) of the Transfer of Property Act 1882 (Central Act IV of 1882) including a person holding land under a transaction known as Irakkipanayam.'

അതോടുകൂടി മററൊരു ഭേദഗതിയുള്ളതു് 266—ാം നമ്പരാണ് അതിൽ പറയുന്നതു്—

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

'provided that a usufructuary mortgage as defined in the Transfer of Property Act, 1882, shall not be deemed to be a kanam-kuzhikanam.'

എന്നാണ്. സർ, മലബാർ ടെനൻസി ആക്റ്റ് വളരെ കൊല്ലങ്ങളായി നടപ്പിൽ വന്നുകഴിഞ്ഞതാണ്. അങ്ങനെ നടപ്പിൽ വന്നതിനുശേഷം, 1929-ൽ ഉണ്ടായ നിയമത്തിൽ കാണക്കാരേയും കാണക്കുടിയാന്മാരേയും സംബന്ധിച്ച് അവർക്ക് അനുകൂലമായ ചില വ്യവസ്ഥകൾ ആ നിയമത്തിൽ ഉണ്ടായിരുന്നു. അതേ സമയം ആ ആനുകൂല്യങ്ങളിൽനിന്നും വെറും പാട്ടക്കാർ തുടങ്ങിയവരെ വേർതിരിച്ചു നിർത്തിയിട്ടും ഉണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : തിരുവിതാംകൂർ ഏരിയായെ സംബന്ധിച്ചിടത്തോളം മലബാർ ടെനൻസി ആക്റ്റിന്റെ അടിസ്ഥാനത്തിൽ ഉള്ള വാദഗതികൾ ഉന്നയിക്കാൻ കോടതി അനുവദിക്കുകയില്ല. ആ കാരണത്താൽ ടെനൻസി ആക്റ്റിനെ ആധാരമാക്കുന്ന കാര്യം സാദ്ധ്യമല്ല എന്നാണ് ഞാൻ വിചാരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : ഏതായാലും ഇവിടെ ഒരു കർഷകബന്ധ നിയമം വന്നുകഴിഞ്ഞതിനുശേഷം കുഴിക്കാണമായിട്ട് അംഗീകരിച്ചതാണ്. mortgages ആയിട്ട് വളരെ കുറച്ചു വ്യത്യാസമേ കാണുകയുള്ളൂ. അനാവശ്യമായ കുട്ടിച്ചേർക്കലാണ്. ഇതാവശ്യമില്ല. ഞാൻ ശക്തിയായി എതിർക്കുകയാണ്. പത്തുനാല്പതുകൊല്ലമായി ഉണ്ടായിരുന്ന നിർവ്വചനം ഒരു ദിവസം കുടിയാനു ദോഷകരമായി ബാധിക്കത്തക്കവിധത്തിൽ ഭേദഗതി ചെയ്യുന്നതു ശരിയല്ല, ഞാൻ എതിർക്കുന്നു.

Shri P. T. Chacko : Madam, I am not accepting the amendment moved by Shri Maleth Gopinatha Pillai. The reason is this. 'Kanam' and 'kanam kuzhikanam' are also anomalous mortgages under the Transfer of Property Act. Under Section 58 (g) 'Kanam and Kanam Kuzhikanam' can come as an anomalous mortgage. So if the amendment by Shri Maleth Gopinatha Pillai is accepted the difficulties pointed out by Smt. K. R. Gouri may arise.

But I am accepting the amendment moved by Shri T.A. Thomman. There this difficulty cannot come because 'kanam kuzhikanam' is also a tenure wherein the possession of the land has come to the tenant for the enjoyment, the enjoyment of the transferee. Usufructuary mortgage is not so. The anomalous mortgage may have the same characteristics but not the usufructuary mortgage and when we discussed the definition of 'kanam' it was agreed, almost from every quarter of the House, that the usufructuary mortgage wherein the possession is given to the mortgagee by the mortgager should not become a tenancy. So as a precautionary measure I am accepting the amendment moved by Shri T. A. Thomman.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, എനിക്കു ഒരു സംശയം ഉള്ളതെന്തെന്നാൽ, Kanamkuzhikanam means and includes a transfer by a landlord to another person of garden lands or of other lands or of both with the fruit bearing trees'. അപ്പോൾ "ട്രീസ്" എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്. അതല്ലാതെ ലാൻഡ് എന്നു പറഞ്ഞിട്ടില്ല.

Shri P. T. Chacko : I have considered this matter. I have also if I may say so, consulted leagal experts. The advice the Government have is that usufructuary mortgage can never become a Kanm Kuzhikanam. Therefore, I am advised that it is better to exclude usufructu-

LIBRARY ARCHIVES Kerala Legislative Assembly

ary mortgages. On the other hand, if I accept the other amendment and include anamolous mortgages, difficulties would arise. It is clea t in my mind and to make the position clearer I accept the amendmenr moved by Shri T. A. Thomman.

Shri Malethu Gopinatha Pillai : What about the transaction? Will it come under the anomalous mortgage or otti ?

Shri P. T. Chacko : There may be otti transactions which may be in reality Kanams where all the incidents of Kanam are present. You can call it Otti, but it is Kanam. In the other cases it would be Kanam but usufructuary mortgage. It won't come under the definition of Kanam or Kuzhikanam.

ശ്രീമതി കെ. ആർ. ഗൗരി : ഈ വകുപ്പിൽ ഇൻസിഡൻസിനെ സംബന്ധിച്ചിടത്തോളം, ഒന്നും പറയാത്ത സ്ഥിതിക്ക് കുറേക്കൂടി ബുദ്ധിമുട്ടാണുണ്ടാകുന്നത്. പണത്തിനുവേണ്ടി കാഫലമുള്ള വൃക്ഷങ്ങളാണ് കൊടുക്കുന്നത്. അങ്ങനെ കാഫലമുള്ള വൃക്ഷങ്ങളെ പണയം വച്ചുകൊണ്ട് പണം കൊടുക്കുന്ന കുടിയാന് അല്ലെങ്കിൽ കാണക്കാരന് യുസൂഫ്രക്ച്വറി മോർട്ട്ഗേജിന്റെ അടിസ്ഥാനത്തിൽ കൊടുത്ത പണവും വാങ്ങിക്കൊണ്ട് വസ്തു ഒഴിഞ്ഞുകൊടുക്കേണ്ടതായി വരും. അങ്ങനെയൊരവസ്ഥ ഉണ്ടാകാൻ പാടില്ലെന്നു കണ്ടതുകൊണ്ടാണ് ഞാൻ മുമ്പുപറഞ്ഞ രണ്ടു ഭേദഗതികളും സ്വീകരിക്കാൻ പാടില്ലെന്ന അഭിപ്രായപ്പെട്ടത്.

Shri P. T. Chacko : By the definition of usufructuary mortgage in the Transfer of Property Act and then by judicial pronouncements the meaning of a usufructuary mortgage has become very clear. Kanam Kuzhikanam does not have the characteristics of a usufructuary mortgage. This has the characteristics of a kanam. It can probably be said that a Kanam Kuzhikanam is an anomalous mortgage. That is why it might come under Section 58 (g) of Transfer of Property Act. That is why I have not accepted that amendment.

Smt. K. R. Gouri: Why should we accept the proviso ?

Shri P. T. Chacko : Because the proviso is necessary to make the position clear. We do not intend to include usufructuary mortgages as defined in the transfer of Property Act. It was said that usufructuay mortgages as defined in Transfer of Property Act may come within the scope of the definition for Kanamkuzhikanam. Now that may create some difficulties. While I accept this amendment my intention is to delete that portion from definition of the term "tenant", to delete the portion where it is stated that usufructuary mortgages will not come within the scope of the definiton of the tenant because some of the mortgageess are also now deemed tenants. For example "Panayakudiyan" in Cochin area may be in some cases usufructuary mortgages. But the tenants, rights have been vested in them and we are acknowledging their rights. Therefore my intention is to delete it from clause 2(57) and so it is necessary to add the provision here.

Smt. K. R. Gouri : Sir, I oppose the amendment of Shri T. A. Thomman.

Amendment No. 266, moved by Shri T. A. Thomman, namely, in clause 2(23), the following proviso shall be added at the end: "provided that a usufructuary mortgage as defined in the transfer of Property Act, 1882, shall not be deemed to be a Kanamkuzhikanam" was put and carried.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

Amendment No. 343, moved by Shri Malethu Gopinatha Pillai, was by leave withdrawn.

Sub-clause 23 to clause 2 was added to the Bill.

New Sub-Clause

Shri P. S. Srinivasan: Sir, I move: 'in clause 2, after the sub-clause (23), add a new sub-clause as (24) as follows and renumber:

"(24) 'karinilam' means nilams in water-logged areas situated in the Districts of Alleppey, Kottayam and Ernakulam, other than kayal nilams on which paddy is cultivated by raising bunds on one or more sides and draining the water away by mechanical or other means"

കരിനിലങ്ങൾക്കു് ഒരു നിർവ്വചനം ഈ ക്ലാസിൽ വേണമെന്നുള്ളതിനാലാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. കോൾ നില
12 Noon] ത്തിനു് ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ചിലതു് അതേപടി ഇവിടെ ഞാൻ കൊണ്ടുവന്ന നിർവ്വചനത്തിൽ ഉണ്ടു്. കോൾ നിലം പാലക്കാട്ടു ഡിസ്ട്രിക്ടിറ്റിലും, കാസർകോട്ടും, ഹോസ്ദുർഗ് താലൂക്കിലും ഉള്ള പ്രദേശങ്ങളിൽ ഉണ്ടു്. കോൾനിലത്തിനോടു സാദൃശ്യം വഹിക്കുന്ന നിലങ്ങളാണു് കരിനിലം. എന്റെ നിയോജകമണ്ഡലത്തിൽ പതിനായിരക്കണക്കിനു് ഏക്കർ സ്ഥലം കരിനിലമായിട്ടുണ്ടു്. ഇതിനെ പ്രത്യേകമായി കരുതേണ്ട ആവശ്യമുണ്ടു്. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. എന്റെ ഭേദഗതിയിൽ ആ നിലത്തിന്റെ നിർവ്വചനത്തെക്കുറിച്ചു് വേണ്ടത്ര പൂർണ്ണത വന്നിട്ടില്ലെങ്കിലും ഞാൻ ഭേദഗതിയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന സംഗതി അംഗീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയാറാകണമെന്നാണു് എന്റെ അഭ്യർത്ഥന. ഇതു ഞാൻ പറഞ്ഞതു് ഇവിടെ ഇതിനു മുമ്പുണ്ടായ അനുഭവം വച്ചുകൊണ്ടാണു്. കഴിഞ്ഞ ദിവസം ഒരു വകുപ്പിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ 'എൻടൈറ്റിൽഡ് ടു കൾട്ടിവേറ്റു്' എന്നതു് എടുത്തുകളയണമെന്നു ഭേദഗതി കൊണ്ടുവന്നപ്പോൾ മന്ത്രിക്കുതന്നെ അതു സ്വീകാര്യമായി തോന്നി. ഈ സഭയിലാകെ ആ ഭാഗം എടുത്തു മാറ്റേണ്ടതാണെന്നു അഭിപ്രായമാണു് കണ്ടതു്. ആദ്യം, ആ ഭേദഗതി മന്ത്രി സ്വീകരിച്ചു. എന്നാൽ ഏതു ഭേദഗതിയാണു കൂടുതൽ നല്ലതെന്ന തർക്കം വന്നപ്പോൾ അദ്ദേഹം തന്റെ മുൻനിലപാടിൽനിന്നു ഇടസ്സുവച്ചു മാറുകയാണു് ചെയ്തതു്. അതു് വളരെ അനുചിതമായിപ്പോയി എന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പി. ടി. ചാക്കോ: സർ, ഞാൻ ഇടസ്സുവച്ചു മാറുകയല്ല ചെയ്തതു്. The opposition could not agree on that amendment and I was convinced that the provision brought by me was more favourable for the tenant. What can I do on this ?

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഇപ്പോൾത്തന്നെ കൊണ്ടുവരാമെങ്കിൽ അതു് അംഗീകരിക്കാം, പിന്നൊരവസരത്തിലാണെങ്കിൽ ഒക്കുകയില്ല എന്നാണു്. ഇന്ന പോചകപ്പിഴയുണ്ടു്, അതുകൊണ്ടു് മറ്റൊരവസരത്തിൽ കൊണ്ടുവരാമെന്നു പറഞ്ഞു, മന്ത്രി അതു സമ്മതിച്ചില്ല. പിന്നീടു് മന്ത്രി ഓറലായിട്ടു് ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ അതു് ചേർക്കുന്നതു നന്നായിരിക്കുമെന്നു കരുതി ഞങ്ങൾ അതു് അംഗീകരിക്കുകയാണു ഉണ്ടായതു്. അന്നു മന്ത്രി സ്വീകരിച്ചതുപോലുള്ള ഒരു നിലപാടു് ഞങ്ങൾ സ്വീകരിച്ചിട്ടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഏതായാലും ഈ നിയമനിർമ്മാണം ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള ആളുകളെ ബാധിക്കുന്ന ഒന്നായതുകൊണ്ടു് ഈ സഭയിൽ വിശദമായി ചർച്ച ചെയ്യേണ്ടതാണു്. ഈ നിയമനിർമ്മാണം ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ഭാവിയേയും സ്റ്റേറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്രമത്തേയും സാമ്പത്തികക്രമത്തേയും വളരെ ഗൗരവമായി ബാധിക്കുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വളരെ അവധാനതയോടുകൂടി ഈ കാര്യം ചർച്ച ചെയ്തു തീരുമാനിക്കുവാൻ തയ്യാറാകണം. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി വ്യത്യസ്തമായ ഒരു നിലപാടാണ് സ്വീകരിച്ചു കാണുന്നത്.

ശ്രീ. പി. ടി. ചാക്കോ: ബഹുമാനപ്പെട്ട മെംബർ ഭേദഗതിയെ ആധാരമാക്കിയല്ല സംസാരിക്കുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: എന്റെ ഭേദഗതി സ്വീകരിക്കണമെന്നു മന്ത്രിയോട് അപേക്ഷിക്കുകയും, അതിനു വാചകപ്പിശകോ മറ്റോ ഉണ്ടെന്നു പറഞ്ഞു തള്ളുകയാണെങ്കിൽ അതിന്റെ തത്വം അംഗീകരിക്കണമെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതിനും, അത് ഈ സഭയെ ബോദ്ധ്യപ്പെടുത്തുവാനും ഉള്ള അവകാശം എനിക്കുണ്ടെന്നാണ് ഞാൻ കരുതുന്നത്. അന്ന് ആ ഭേദഗതി വാചകപ്പിശകുമൂലം തള്ളിയതുകാരണം ഇന്നും ആ സംശയം നിലനിൽക്കുകയാണ്. കഴിയുന്നിടത്തോളം സംശയാതീതമാംവിധം നടത്തേണ്ട നിയമനിർമ്മാണത്തിന് എല്ലാവർക്കും തെററന്നു തോന്നുന്നതായ കാര്യം മന്ത്രി സ്വന്തം പിടിവാശിമൂലം നില നിറുത്തുന്നതു ശരിയാണോ? അതൊന്നും പാടില്ല എന്നാണെന്റെ അഭിപ്രായം. സർ, അന്ന്, ബഹുമാനപ്പെട്ട ചെയറിൽനിന്നുതന്നെ, സംശയത്തിനിടം നൽകിയ വകുപ്പിന്റെ ചർച്ച മാററിവയ്ക്കാമെന്ന നിർദ്ദേശമുണ്ടായതാണ്. പക്ഷെ, ആ നിർദ്ദേശംപോലും അദ്ദേഹം സ്വീകരിച്ചില്ല. ഇങ്ങനെയൊരു നിലപാട് ഇനിയെങ്കിലും ആവർത്തിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന.

കരിനിലങ്ങളെ സംബന്ധിച്ച് എന്റെ ഭേദഗതിയിൽ, എന്തെങ്കിലും ന്യൂനത കണ്ടെങ്കിൽ, അതു തിരുത്തിക്കൊണ്ടാണെങ്കിലും സ്വീകരിക്കണമെന്നു പറയാനാണു ഞാനിതു ചൂണ്ടിക്കാട്ടിയത്.

കരിനിലങ്ങൾക്കു പാട്ടം ക്ലിപ്തപ്പെടുത്തുന്നതിൽ വ്യത്യസ്തത കണ്ട് മററു നിലങ്ങളുമായി. മൂന്നു ഡിസ്ട്രിക്ററുകളിലുള്ള പതിനായിരക്കണക്കിനു നിലങ്ങളെ ബാധിക്കുന്ന കാര്യവുമാണ്. ഇത്രയുംതന്നെ പ്രാധാന്യമില്ലാത്ത നിലങ്ങൾക്കു ഇതിൽ നിർവ്വചനവുമുണ്ട്. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ ശ്രീമാൻ ശ്രീനിവാസൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ പിന്താങ്ങിക്കൊണ്ട് സംസാരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കരിനിലം കണയന്നൂർ, കൊച്ചി, പറവൂർ തുടങ്ങിയ പ്രദേശങ്ങളിലും അതുപോലെ വൈക്കം തുടങ്ങിയ പല താലൂക്കുകളിലും കൃഷിക്കു വളരെ അധികം പ്രാധാന്യം അർഹിക്കുന്ന ഒരു കൃഷിയിടമാണ്. നമ്മുടെ ഈ നിയമത്തിൽത്തന്നെ നിലത്തിന്റെ പാട്ടം നിശ്ചയിക്കുന്ന മൂന്നാം പട്ടികയിൽ കരിനിലത്തിനു മൊത്തം വിളവിന്റെ അഞ്ചിലൊന്നു നിശ്ചയിക്കുന്നുണ്ട്. അതേ സമയത്ത് കോൾനിലം എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടാണ് അതു പോകുന്നത്. കോൾനിലത്തിന്റെ കാര്യത്തിൽ അഞ്ചിലൊന്നു പാട്ടം നിശ്ചയിച്ചിരിക്കുന്നു. കരിനിലത്തിനും കോൾനിലത്തിന്റെ അതേ സ്വഭാവമാണ് ഉള്ളത്. കുറച്ചു വ്യത്യാസം ഉണ്ടെന്നുമാത്രമേ ഉള്ളു. കോൾനിലത്തിൽ യന്ത്രം വച്ചു വെള്ളംവററിച്ചു, ചുററുപാടും ബണ്ട് ഇട്ട്, പണം ചെലവു ചെയ്ത് നടത്തുന്ന കൃഷിസമ്പ്രദായമാണ് നിലവിൽ ഉള്ളത്. കരിനിലത്തിനും അതേ കൃഷിസമ്പ്രദായമാണ്. കോൾനിലത്തേക്കാൾ കരിനിലത്തിനു മറെറാരു പ്രത്യേകതയുണ്ട്. ഒരുപ്പൂ കൃഷിയാണ് ഇവിടെ നടത്തുന്നത്. അങ്ങനെ കൃഷിചെയ്തു കഴിഞ്ഞതിനുശേഷം വിളവെടുത്തിട്ട് അടുത്ത കൃഷിക്കു മുമ്പ് ബണ്ട് ഉറപ്പിച്ചശേഷം ആനിലങ്ങളിൽനിന്നും മത്സ്യം പിടിച്ചെടുക്കുന്ന ഒരു സമ്പ്രദായം നിലവിലുണ്ട്. തീരെ കുറച്ചു പ്രദേശങ്ങളെ മാത്രമേ ബാധിക്കുന്നുള്ളുവെങ്കിലും, ആ പ്രദേശങ്ങളിൽത്തന്നെ കുറച്ചു ഭൂമിയെമാത്രം ബാധിക്കുന്ന ചില കൃഷിസമ്പ്രദായങ്ങൾക്കു നാം ഈ ബില്ലിൽ "വിശദീകരണം" നൽകുന്നുണ്ട്. ഈ ഭേദഗതി സ്വീകരിക്കുന്നതോടൊപ്പം അങ്ങോട്ടുള്ള മററു ചില ഭേദഗതികൾകൂടി മാറേറണ്ടതായിട്ടു വരും. പ്രത്യേകിച്ചും കോൾ നില

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ത്തിന്റെ കാര്യത്തിൽ ആറിലൊന്നും, കരിനിലത്തിന്റെ കാര്യത്തിൽ അഞ്ചിലൊന്നുമാണ് പാട്ടം വച്ചിരിക്കുന്നത്. ആ ഭാഗത്ത് ഒരു ഭേദഗതി സ്വീകരിക്കേണ്ടതായിട്ടു വരും. ഏതായാലും ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നാണ് എന്റെ വിശ്വാസം. കാരണം ഇതുകൊണ്ട് ഇതിനകത്തെ ഏതെങ്കിലും ഒരു വകുപ്പിനു ദോഷം സംഭവിക്കാനില്ല.

Minister for Home Affairs (**Shri P. T. Chacko**) : I do not accept this amendment. The reason is that in the classification of lands under the Bill there is no clause as *Karinilam*. It is true, Sir, that there are nilams where apart from cultivation, fishing is a profitable industry, and, whether a Karinilam or not, such cases have also been provided in the Bill. Therefore, it is not necessary to classify this as a separate class. It is almost like 'Kolenilams'.

ശ്രീമതി കെ. ആർ. ഗൗരി: സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു സംഗതി കൊണ്ടുവരുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. റേറ്റ്സ് ഓഫ് ഫെയർ റെന്റ്, ഷെഡ്യൂൾ (3) ക്ലാസിഫിക്കേഷനിൽ "Karinilam and other than Karinilam" എന്നാണ് പഴയ ബില്ലിൽ. അതുകൊണ്ടാണ് ഭേദഗതി നിർവചനത്തിൽ ചേർക്കാൻ ഇടവന്നത്.

Shri P. T. Chacko: That also has been considered, Madam. Even then a definition for this purpose is not necessary. Not only that it is not necessary, but it may create difficulties. A definition is not necessary according to me. So I do not accept it.

Clause 2 (25)

Smt. K. R. Gouri: I move the following amendments:—

No. 32. In clause 2 (25), delete first and second proviss.

No. 33. In clause 2 (25), before the 1st proviso add a new proviss as follows:

Provided that subsequent to the occupation of a Kudikidappu if a kudikidappukaran acquires ownership or possession of any land, not more than 25 cents, one mile away from his present kudikidappu he will not be considered as a person who is having land as owner or as tenant.

No. 34. In clause 2 (25) first proviso, after "Provided" add the word 'also' and delete the words "11th day of April 1957" and substitute '18th day of September 1963' in its place.

No. 37. In clause 2 (25), in the second proviso, substitute "any hut designated as labour lines not belonging to him" in line three in the place of "any hut not belonging to him" and delete (b) and also words "mill, factory, or workshop" in line seven in page 7.

No. 38. In clause 2 (25), delete Explanation II.

No. 39. In clause 2 (25), Explanation II, substitute "18th day of September 1963" in the place of '11th day of April, 1957'.

No. 191. In clause 2 (25), after (ii) and after "but otherwise has no interest in the land" add "except the rights enjoyed or remuneration received as by customs or practice prevalent in the area, before" and 'kudikidappu' ".

LIBRARY ARCHIVES Kerala Legislative Assembly

293. In clause 2 (25), before the proviso, add a new explanation:

Explanation: For the purposes of this sub-clause 'easement' means easements as defined in the Indian Easements Act, 1882 and includes, right to way, right to light, right to water, and right to movements.

346. In clause 2 (25), delete "but otherwise has no interest in the land".

348. In clause 2 (25), delete the last portion after "mortgagee in possession or" and substitute 'by a tenant from whom the land in which the kudikidappu is situate is liable to be resumed".

350. In clause 2 (25) first proviso, delete the last portion beginning with "or by a tenant who was not entitled to fixity of tenure under any law then in force".

356. In clause 2 (25) after Explanation III, a new explanation as follows may be added:

Explanation IV: If by customs or by practice, if the Kudikidappukaran is enjoying any right or receiving any remuneration in kind or in money he is entitled to get it under this section.

357. In clause 2 (25), after Explanation III, add a new explanation IV as follows:

Explanation IV: If a kudikidappukaran is enjoying any right to raise kitchen garden, or if he is receiving any remuneration as by customs and practice, he is entitled to enjoy that right, and to receive the remuneration he was getting.

Shri P. S. Karthikeyan: I move the following amendments:-

95. In clause 2 (25), in line 3, after the words 'tenant in possession' and before the words 'to erect' insert the words "fit".

104. In clause 2 (25) Explanation III, in the last line, after the words 'in possession' and before the words "to erect a homestead" insert the word "fit".

Shri T. K. Ramakrishnan: I move the following amendments:

96. In clause 2(25), delete last proviso.

292. In clause 2 (25) (ii) 2nd para, insert in between 'land' and 'and' in line one, the following:

Other than the coconut palm leaves for thatching the hut, the coconut usually given to the kudikidappukar as conventional remunaration for looking after the land known as 'purathenga' and right to raise catch crops.

294. In clause 2 (25) after second para, add the following:

Explanation: 'Easements' for the purpose of this sub-section shall not be less than 5 cents in major Municipal Towns and 10 cents in other places'.

299. In clause 2(25), Explanation I, delete 'four hundred rupees' and 'four rupees' and substitute "1,000 rupees" and "10 rupees".

Shri O. Koran : I move my amendment No. 103.

In clause 2 (25) Explanation I, after 'dwelling house' substitute "which has a value not exceeding 1,000 rupees or the monthly rent which does not exceed eight (8) rupees."

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thomman : I move the following amendments :

No. 267. In clause 2(25), for the opening paragraph, substitute the following :

"(25) 'Kudikidappukaran' means a person who has neither a homestead nor any land either as owner or as tenant in possession on which he could erect a homestead and—"

270. In clause 2(25) for Explanation I, the following explanation shall be substituted namely—

"Explanation I : For the purposes of this clause 'hut' means any dwelling house which was constructed at a cost not exceeding four hundred rupees, or could have at the time of construction, yielded a monthly rent of 'four rupees".

Shri P. S. Sreenivasan : I move the following amendments :

268. In clause 2 (25), add a new proviso before the first proviso as follows :

Provided that the rights now enjoyed or any remunerations now received by a kudikidappukaran from his landlord or the person in possession of the holding in which the kudikidappu is situated as by customs or by practice prevalent in that area will not be taken as an interest in the land and the kudikidappukaran is entitled to the rights mentioned in this proviso.

297. In clause 2(25), add an explanation after the first proviso :

Explanation : For the purpose of this Act 'easement' means easements defined in the Indian Easements Act, 1882 and includes right to way, right to light, right to water and right to movements in the land in which the kudikidappu stands and also the right to raise kitchen garden.

347. In clause 2(25) first proviso, substitute "the 15th day of February 1961" for 'the 11th day of April 1957'.

354. In clause 2 (25) Explanation II, substitute "the 15th day of February 1961" for 'the 11th day of April 1957'.

Shri N. Gopala Kurup : I move the following two amendments.

295. In clause 2(25), add an explanation before the proviso :

Explanation I : A member of a joint family who is having family properties for the whole family not more than fifty cents in extent, which is not divided or not in his possession will not be considered as a person who is owning or possessing land for the purposes of this sub-section.

296. In clause 2(25), add a new explanation before the proviso :

Explanation II : Easement attached will include right to way, right to water, right to light and right to enjoy the surroundings for his movements.

Shri T. C. Narayanan Nambiar : I move my amendment No. 298.

298. In clause 2(25), in lines 3 and 4 in Explanation I, substitute 'eight' for "four".

Shri E. P. Gopalan : I move my amendment No. 322.

LIBRARY ARCHIVES Kerala Legislative Assembly

322. In clause 2(25), delete the words "who has no homestead or land either as owner or as—

Shri P. K. Kunjachan : I move the following two amendments :

351. In clause 2 sub-clause (25), Explanation I after 'dwelling house' substitute "which has a value not exceeding seven hundred rupees or the monthly rent of which does not exceed five rupees."

352. In clause 2 sub-clause (25) Explanation I add another Explanation I (a)—

Explanation I(a). The value of dwelling house does not include the value of latrine or anything of such kind.

Deputy Speaker : Amendment Nos. 35 and 36 by Smt. K R. Gouri are covered by amendment No. 32 and amendment Nos. 97 and 101.

Amendment No. 269 is the same as amendment No. 96 by Shri T. K. Ramakrishnan.

Amendment No. 102 by Shri R. Krishnan is not clear.

Amendment No. 300 is the same as amendment No. 39 by Smt. K. R. Gouri.

Amendment No. 345 is the same as amendment 322.

Amendment No. 349 is the same as amendment 348.

Amendment No. 353 is the same as 38.

Amendment No. 355 is incomplete. Now the members can speak on their amendments.

ശ്രീമതി കെ. ആർ. ഗൗരി : കുടികിടപ്പുകാരന്റെ നിർവചനത്തെ സംബന്ധിച്ചുള്ള ഒരു വകുപ്പാണു് ഇതു്. ലക്ഷക്കണക്കിനു് ആളുകൾ സ്വന്തം ഭൂമിയില്ലാതെ അന്യന്റെ ഭൂമിയിൽ കുടികിടപ്പു എന്നുള്ള അവകാശത്തിന്റെ പേരിൽ താമസിക്കുന്ന ഒരു നാടാണു നമ്മുടേതു് എന്നതുകൊണ്ടു് ഇവർക്കു എല്ലാ സംരക്ഷണവും കൊടുക്കത്തക്ക വിധത്തിലായിരിക്കണം കുടികിടപ്പുകാരന്റെ നിർവചനം. ആദ്യം കാർഷികബന്ധനിയമം അവതരിപ്പിച്ചപ്പോഴും അതു് കഴിഞ്ഞു് ആ ബില്ലിന്റെ സെലക്റ്റുകമ്മിററി റിപ്പോർട്ടിന്റെ ചർച്ചാ വേളയിലും അതുകഴിഞ്ഞു് റിപ്പോർട്ടു് നിയമസഭയിൽ ചർച്ചചെയ്തപ്പോഴും ഈ പ്രത്യേക വിഭാഗക്കാർ, കിടക്കാനിടമില്ലാത്തവരായതുകൊണ്ടും, ലക്ഷക്കണക്കിനുള്ളതുകൊണ്ടും, ഏററവും കൂടുതൽ സംരക്ഷണം കിട്ടേണ്ട വിഭാഗവുമാണു് എന്ന നിലയിൽ അവരുടെ എല്ലാ അവകാശങ്ങളും അംഗീകരിക്കണമെന്നുള്ള വിധത്തിൽ ശക്തമായ ഒരഭിപ്രായം അന്നു് നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടു്. അന്നു് ആരുടെ കൈവശമിരിക്കുന്ന ഭൂമിയായാലും, അതായതു് ജന്മിയുടേതായാലും, കുടിയാന്റേതായാലും, നടപ്പുപണയക്കാരന്റെ കൈവശമായാലും, നിയമപരം വസ്തു കൈവശമുള്ളവർ താമസത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതെല്ലാം കുടികിടപ്പായി അംഗീകരിക്കണമെന്നു തിരുമാനിച്ചു. അംഗീകരിച്ചു. അങ്ങനെ Lawful possession ഉള്ളവർ ഒരു ഭൂമിയും ഇല്ലാത്തവനെ താമസിക്കുവാൻ അനുവദിച്ചാൽ അങ്ങനെ താമസിപ്പിക്കുന്ന ആളിനു് കുടികിടപ്പു അവകാശം കൊടുക്കണമെന്നു് തീരുമാനിച്ചു. അന്നു് ശ്രീ. കെ. കെ. വിശ്വനാഥൻ വളരെ ശക്തിയായിട്ടു് കുടികിടപ്പുകാരന്റെ എല്ലാ അവകാശങ്ങൾക്കുംവേണ്ടി ഇതിനെസംബന്ധിച്ചു് വാദിക്കുകയുണ്ടായി. അതുപോലെ അവരെ ഒഴിപ്പിക്കാമോയെന്നു്, ഒഴിപ്പിച്ചാൽതന്നെ മാററി താമസിപ്പിക്കേണ്ട ഭൂമിയെസംബന്ധിച്ചും, കൊടുക്കേണ്ട ഭൂമിയെസംബന്ധിച്ചും അവർക്കുള്ള അവകാശത്തെസംബന്ധിച്ചതെല്ലാം വളരെ വിശദമായി ചർച്ചകൾ നടന്നതിനു ശേഷമാണു് 1959 ജൂൺമാസം പത്താംതീയതി പാസ്സാക്കിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

കാർഷികബന്ധനിയമത്തിൽ കുടികിടപ്പുകാരന് നിർവചനവും അവകാശങ്ങളും ചേർത്തിട്ടുള്ളതു്. എന്നാൽ ഈ അവസരത്തിൽ ആ നിയമം നിയമസഭ ആദ്യം പാസ്സാക്കി കഴിഞ്ഞതിനുശേഷമുള്ള ചില സംഭവപരമ്പരകൾ ഞാനീ അവസരത്തിൽ സ്മരിച്ചുപോകുകയാണ്. വളരെ വ്യക്തമാണ് ഞങ്ങളെ സംബന്ധിച്ച അഭിപ്രായം. സ്വന്തം ഭൂമിയില്ലാത്തവർ അന്യന്റെ ഭൂമിയിൽ താമസിക്കുകയാണെങ്കിൽ കാർഷികബന്ധനിയമത്തിൽ പറയുന്ന വിധത്തിലുള്ള വാടകക്കുടിയായാലും, അല്ലാതായാലും, കുടികിടപ്പുകാരനായി അംഗീകരിക്കണം. കുടികിടപ്പുകാരന്റെ എല്ലാ അവകാശങ്ങളും വേണമെന്നും നിർബന്ധമാണ്. അപ്പോൾ ആ വിധത്തിൽ ഒരു ഇഞ്ചു ഭൂമിപോലും കിടക്കാനില്ലാതെ അന്യന്റെ ഭൂമിയിൽ താമസിക്കുന്നവരാണ് കുടികിടപ്പുകാരൻ. കേരളത്തിന്റെ പ്രത്യേകതകൾ വച്ചുകൊണ്ട് നോക്കുകയാണെങ്കിൽ വളരെക്കുറച്ചു ഭൂമിയും, താമസത്തിന് സ്വന്തസ്ഥലം ഇല്ലാത്ത വളരെ കൂടുതൽ ആളുകളും ആ വിഭാഗം ഓരോ ദിവസം കഴിയുന്തോറും വർദ്ധിച്ചും, അവർക്കു താമസിക്കുന്നതിനാവശ്യമായ സ്ഥലം ഇല്ലാതെയും വരുന്നുണ്ട്. ഗവണ്മെന്റിൽനിന്നും കോളനൈസേഷൻ സ്കീം തുടങ്ങിയ പല സ്കീമുകളും ഉണ്ടാക്കി ഭൂമിയില്ലാത്ത ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. അങ്ങനെ മനുഷ്യസമുദായത്തിൽ കർഷകസമുദായത്തിൽ ഏററവും പിന്നണിയിൽ നിൽക്കുന്ന ഈ വിഭാഗക്കാരെ സംബന്ധിച്ചും അവർക്ക് കൊടുക്കേണ്ടതായ ആനുകൂല്യത്തെ സംബന്ധിച്ചും ആവശ്യമായ സംരക്ഷണം എല്ലാ വിധത്തിലും ചെയ്യുക വെറും സാമൂഹ്യനീതിയാണ്; വിപ്ലവമല്ല. അതിനാവശ്യമായ ഭേദഗതികളാണ് ഞങ്ങളുടെ ഭാഗത്തുനിന്നും കൊണ്ടുവന്നിട്ടുള്ളതു്. ഇതു് പറയുമ്പോൾ അപ്പുറത്തുനിന്നും ആർക്കും എതിരഭിപ്രായം ഉണ്ടാകുകയില്ല എന്നാണ് എന്റെ വിശ്വാസം. കുടികിടപ്പുകാരന്റെ നിർവചനത്തിൽ ഒരു വിഭാഗക്കാരും ഒഴിവായിപ്പോകരുതു്. Fixity കിട്ടാത്ത ഭൂമിയിൽ മേലിൽ താമസിപ്പിക്കുന്നവർക്കുകൂടി കുടികിടപ്പവകാശം നഷ്ടപ്പെടുത്തത്തക്ക നിലയിൽ ഇന്നു് ഈ വകുപ്പിലെഴുതിച്ചേർത്തിരിക്കുന്നതു് എടുത്തുകളയണമെന്നു് ഞാൻ അഭിപ്രായപ്പെടുകയാണ്. റവന്യൂമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറയുകയുണ്ടായി, ഈ നാട്ടിൽ കുടികിടപ്പുകാരനും കുടിയാനും കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനാണ് ഈ പുതിയ നിയമം കൊണ്ടുദ്ദേശിക്കുന്നതെന്നു്. ഇതിൽ കൈപ്പിഴ വന്നതായിരിക്കാം, കാർഷികബന്ധ നിയമത്തിലുണ്ടായിരുന്ന എല്ലാ കുടികിടപ്പുകാരനും അവകാശംകിട്ടാത്ത വിധത്തിലാണ് ഈ വകുപ്പിൽ എഴുതിയിട്ടുള്ളതു്. ഞാൻ വായിക്കാം. List Proviso-ൽ ഇപ്രകാരമാണ്. "Provided that a person should not be deemed to be a Kudikidappukaran if the aforesaid permission was granted after the 11th dayof April 1957. by a mortgage in possession or by a tenant who was not entitled to fixity of tenure under any law in force." എന്നാണ്. അതിൽ ചെറിയ ഒരു കൈപ്പിഴ വന്നതുകൊണ്ടായിരിക്കാം ഇതിൽ who was not entitled to fixity of tenure under any law then in force. എന്നു ചേർത്തിരിക്കുന്നതു്. കാർഷികബന്ധ നിയമത്തിൽ Last portion ഇങ്ങനെയാണ്. "or by a tenant from whom the Land in which the Kudikidappu is situated is liable to be resumed" എന്നാണ് പറഞ്ഞിരിക്കുന്നതു്. ഏതെങ്കിലും നിയമപ്രകാരം നിലവിലുള്ള കുടിയാനെ സംബന്ധിച്ച് അവരുടെ ഭൂമി റസ്യൂം ചെയ്യാമെന്നുണ്ടു് തീരുമാനിച്ചാൽ ആ ഭൂമിയിൽ 1957-നു ശേഷം താമസിപ്പിച്ചാൽ കുടികിടപ്പവകാശം ഇല്ലാതാകും എന്നേ പറഞ്ഞിട്ടുള്ളു. ഈ ബില്ലിൽ എല്ലാ കുടിയാന്മാരും 1957-നുശേഷം താമസിച്ചിട്ടുള്ള കുടികിടപ്പുകാർക്ക് അവകാശം നഷ്ടപ്പെടത്തക്ക രീതിയിലാണ് എഴുതിച്ചേർത്തിരിക്കുന്നതു്. എന്റെ ഭേദഗതി പഴയതു നിർത്തണമെന്നാണ്. അതുകൊണ്ട് ഇങ്ങനെയുള്ള വിഭാഗക്കാരെ കൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളതു്. കുടികിടപ്പുകാരൻ കുടികിടക്കുന്ന ഭൂമിയിൽ അവനു സ്ഥിരമായിട്ടുള്ള അവകാശം ഉണ്ടോയെന്നു് ഈ നിയമം പാസായാൽ എനിക്കു സംശയമാണ്. തിരുവിതാംകൂറിലെ കുടികിടപ്പുകാരുടെ നിയമാവകാശ ചരിത്രം

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാൽ 1124 മുതൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ പാടില്ലെന്ന് നിയമം ഉണ്ട്. കൊച്ചിയിൽ 1121 മുതലാണോ 1122 മുതലാണോ എന്നറിയില്ല ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിട്ടുള്ള നിയമം പാസാക്കിയിട്ടുണ്ട്. മലബാർ കുടിയായ്മ നിയമത്തിൽ ഇതുപോലുള്ള വിഭാഗക്കാരെ ഉൾക്കുടിയെന്നും Protected ulkudi യെന്നും ചേർത്ത് അവകാശങ്ങൾ കൊടുക്കുന്നുണ്ട്. ഒരു ജന്മിക്ക് കുറെയധികം ഭൂമി തരിശായിട്ടു കൃഷിചെയ്യാൻ സാധിക്കാതെ കിടക്കുകയാണെങ്കിൽ അതിൽ ഒട്ടും ഭൂമിയില്ലാത്ത ആളുകളെ താമസിപ്പിച്ച് അവർക്ക് ഭോഗവും കൊടുത്ത്, ജന്മിയുടെ ഭൂമിയിൽ കൃഷിചെയ്തു താമസിക്കുന്നവരെയാണ് കുടിയിരുപ്പ് എന്നു പറയുന്നത്. കുടിയിരുപ്പിനകത്ത് തന്നെ കുടി, ഉൾക്കുടി എന്നെല്ലാം പലവിധത്തിലുള്ള നിർവചനം വന്നതിനുശേഷം ആർക്കെല്ലാം കുടികിടപ്പവകാശം കൊടുക്കാമെന്നുള്ളതിനെപ്പററി നിയമമുണ്ടാക്കുന്നതിന് വളരെയധികം തടസ്സങ്ങളുണ്ടായി. 1124—ൽ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമത്തിൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടായിരുന്നു. അങ്ങനെയൊരു വ്യവസ്ഥ എഴുതിയുണ്ടാക്കിയതിനുശേഷം കുടികിടപ്പുകാരനെ ഏതെല്ലാം കാരണങ്ങളാൽ ഒഴിപ്പിക്കാമെന്ന് മററു വകുപ്പുകളും ചേർത്തിരുന്നു. കുടിയാൻ വസ്തുവിൽ നാശനഷ്ടങ്ങൾ വരുത്തുകയാണെങ്കിൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കാം, വേറെ ഏതെങ്കിലും വിധത്തിൽ ജന്മിയുടെ അവകാശത്തെ നഷ്ടപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിലും ഒഴിപ്പിക്കാമെന്നുള്ള വ്യവസ്ഥകൾ എഴുതിചേർത്തു. ഇത് കാലാന്തരത്തിൽ 1954—ൽ ഉണ്ടാക്കിയിട്ടുള്ള നിയമത്തിലും ഉണ്ടായിരുന്നു, കുടികിടപ്പുകാരൻ ആരാണെന്നുള്ളതിനെസംബന്ധിച്ചും അവന് അന്യന്റെ ഭൂമിയിൽ സ്ഥിരമായി താമസിക്കാൻ ഉള്ള അവകാശം നിയമപരമായി ഉണ്ടെന്നുള്ള ഒരു അവസ്ഥ ഇന്നു നമ്മുടെ നാട്ടിൽ അംഗീകരിച്ചിട്ടുണ്ട്. ഈ വിഭാഗക്കാരെ സംബന്ധിച്ച് പറയുകയാണെങ്കിൽ വളരെ വമ്പിച്ച ഒരു ജനവിഭാഗമാണ്. അതുപോലെ അപ്പുറത്തുള്ളവർ കണ്ണുനീർ തുടയ്ക്കണമെന്നു വാദിക്കുന്നതായ പാവപ്പെട്ട വസ്തു ഉടമസ്ഥന്മാരെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ, മുപ്പതും നാൽപതും സെന്റു ഭൂമിയുള്ള അവരുടെ കീഴിലും രണ്ടു കുടികിടപ്പുകാർ കാണും. ജനസാന്ദ്രത അത്രയ്ക്കാണ് നമ്മുടെ നാട്ടിൽ. ചിലർ ചോദിച്ചേയ്ക്കാം ഈ രണ്ടു കുടികിടപ്പുകാരേയും മാററാൻ 50 സെന്റുള്ളവർ 20 സെന്റു കൊടുക്കണമെന്നാണോ എന്റെ അഭിപ്രായമെന്ന്. എന്റെ അഭിപ്രായം കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ വ്യവസ്ഥ പാടില്ല എന്നാണ്. വ്യവസ്ഥ ചേർത്താൽ ചെറുകിട കർഷകനായാലും സാമൂഹ്യനീതി കുടികിടപ്പുകാരന്റെ ഭാഗത്താണ്. കുടികിടപ്പുകാരന്റെ അവകാശത്തെ സംബന്ധിച്ച് കാർഷികബന്ധനിയമം പാസ്സാക്കിയതിനുശേഷം വ്യക്തമായ ബോധം കുടികിടപ്പുകാരന്റെ ഉള്ളിലും വസ്തു ഉടമസ്ഥന്റെ ഉള്ളിലും ഉണ്ടായിട്ടുണ്ട്. കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നത് ശരിയല്ല എന്ന ബോധമാണ് നമ്മുടെ നാട്ടിൽ പ്രധാനമായും ഉള്ളത്. അല്ല ഒഴിപ്പിച്ചാൽ പത്തുസെന്റു ഭൂമി കെട്ടിടം മാററിവെയ്ക്കാൻ ചെലവ് ഇവ അംഗീകരിച്ച തത്വമെന്ന നിലയിൽ കോടതിയിൽ പോകാതെ കുടികിടപ്പുകാരനു കൊടുത്തുതുടങ്ങിയിട്ടു കാലം പലതായി. കാർഷികബന്ധനിയമം ക്യാൻസൽ ചെയ്തതിനുശേഷം ഈ നാട്ടിൽ കുടികിടപ്പുകാരന്റെ അവകാശബോധത്തിലും, വസ്തുഉടമസ്ഥന്റെ ബോധത്തിലും വ്യത്യാസമുണ്ട്. കുടികിടപ്പുകാരൻ പുതിയതായിട്ടു കെട്ടിടം വെയ്ക്കുന്നതിനോ പഴയ കെട്ടിടത്തിൽ ഉരുപ്പടികൾ മാററുന്നതിനോ പോകുകയാണെങ്കിൽ അതിനെ കോടതി മുഖേന തടഞ്ഞിട്ടുള്ളതായി കാണാം. കാർഷികബന്ധനിയമത്തിൽ കുടികിടപ്പു Rebuild ചെയ്യുന്നതിനു ചേർത്തിരുന്ന വ്യവസ്ഥ താൽക്കാലിക നിയമത്തിൽ ചേർക്കാത്തതാണു കാരണം. അത് 1960-ലെ ഇടക്കാലനിയമം വന്നപ്പോൾ എടുത്തുകളയുകയുണ്ടായി. ആ വിധത്തിൽ കുടികിടപ്പുകാരന് ഒരു ബുദ്ധിമുട്ട് ഇപ്പോൾ നിലവിലുണ്ട്. 1957 ഏപ്രിൽ 11—നുശേഷം 1963 സെപ്റ്റംബർ 18—ാംതീയതി ആകുന്ന കാലയളവ് വളരെ വലുതാണ്. നീണ്ട ഏഴുകൊല്ലം ഇതിനിടയിലുള്ള കാലയളവിൽ ഒരു സെന്റു ഭൂമിപോലും സ്വന്തമായിട്ടില്ലാത്തവർ അന്യന്റെ ഭൂമിയിൽ താമസിച്ചിട്ടുണ്ടെങ്കിൽ അയാൾ മോർട്ടുഗേജി കൊടുത്താൽ Resumption-ന് അവകാശപ്പെട്ട ഭൂമിയായാൽ ആ വസ്തുവിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കെ. ആർ. ഗൗരി]

താമസിക്കുന്നവർക്ക് കുടികിടപ്പവകാശമില്ല. ചെറുകിടക്കാരൻ 30 ഏക്കർകാരനായതുകൊണ്ട് ഒഴിപ്പിക്കാൻ ഭൂമി വളരെയാകും. റസ്യം ചെയ്യുന്നതു് ആരായാലും കുടികിടപ്പവകാശം കിട്ടുകയില്ല. ഇപ്പോൾ ആരുംതന്നെ ഒരു ഇഞ്ച് ഭൂമിപോലും കുടികിടപ്പിന് വേണ്ടി കൊടുക്കുന്നില്ല. പിന്നെ കരുണയും സ്നേഹവും ഉള്ളവർ മനുഷ്യത്വപരമായി ചിലപ്പോൾ കുടികിടപ്പിനുള്ള സ്ഥലം കൊടുത്തെന്നു വരാം. മലബാറിലാണെങ്കിൽ കിഴക്കൻ മലയോരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഒന്നുംതന്നെ ഫിക്സിററി ഇല്ല. കിഴക്കൻ മലയോരപ്രദേശങ്ങളിൽ പ്ലാന്റേഷൻ ഉണ്ടാക്കാൻ വേണ്ടിയും, കാടുകൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കാൻ വേണ്ടിയും നാട്ടിൻപുറങ്ങളിൽനിന്നും കൊണ്ടുപോയ പാവപ്പെട്ട ആളുകളാണ് ഇപ്പോൾ അവിടെയെല്ലാം താമസിക്കുന്നതു്. അങ്ങനെ വളരെക്കാലമായി അവിടെ അദ്ധ്വാനിച്ചും കൃഷിചെയ്തും വരുന്ന പാവപ്പെട്ടവരായ കുടികിടപ്പുകാർക്ക് അവർതന്നെ വിചാരിച്ചിട്ടില്ലാത്ത വിധത്തിൽ ഒഴിപ്പിക്കാമെന്ന വ്യവസ്ഥ നാമെഴുതുന്നതു ശരിയല്ല. കഴിഞ്ഞ കാലങ്ങളിൽ നിയമസഭയുടെ ഉദ്ദേശത്തിനു വിപരീതമായി കോടതികളിലുണ്ടായിട്ടുള്ള വിധികൾ നാം കണക്കിലെടുക്കണം. ഈ നിയമത്തിൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ കെട്ടിടാവശ്യം പറയുന്ന വകുപ്പിലെ കുടുംബത്തിന്റെ നിർവ്വചനം കുടികിടപ്പുകാരന് ദോഷം ഉണ്ടാക്കുന്ന രീതിയിലുള്ളതാണ്. പഴയ നിയമത്തിലുണ്ടായിരുന്നതിനെക്കാൾ വിസ്തൃതമാണ്. കൂടുതൽ ഒഴിപ്പിക്കലിനു സാദ്ധ്യതയുമുണ്ട്. കുടികിടപ്പുകാരന്റെ നിർവചനത്തിൽ കുടികിടപ്പുകാരനെന്നു പറഞ്ഞാൽ ആരൊക്കെയായിരിക്കണമെന്നുള്ളതിനെസംബന്ധിച്ചും, 1957 ഏപ്രിൽ പതിനൊന്നിനുശേഷം ഭൂമിയിൽ പുതിയതായി താമസമാക്കിയിട്ടുള്ള കുടികിടപ്പുകാർക്ക് ഒന്നുമില്ലാത്തവനെ കിടക്കുന്ന സ്ഥലത്തുനിന്ന് ഇറക്കിവിടാൻ അനുവാദം കൊടുക്കരുതു്. പ്രത്യേകിച്ച് Socialism ലക്ഷ്യമാക്കി പ്രഖ്യാപിച്ചിട്ടുള്ള ഒരു നാട്ടിൽ.

സർ, കുടികിടപ്പുനിയമം പാസ്സായിക്കഴിഞ്ഞതിനുശേഷം ഒരു പ്രത്യേകത നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. അതു് കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ളബോധം എല്ലാവിഭാഗത്തിലും ഉളവായിട്ടുള്ളതാണ്, കുടികിടപ്പുകാർക്ക് നാട്ടുമര്യാദയനുസരിച്ച് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നതായ ചില ഭോഗങ്ങളുണ്ട്. ഈ അടുത്തകാലത്തു് ഏററവും കൂടുതൽ ആക്രമണം വസ്തു ഉടമസ്ഥന്റെ ഭാഗത്തുനിന്നും വന്നതു് നാട്ടുമര്യാദയനുസരിച്ച് കിട്ടുന്നപ്രതിഫലങ്ങൾ കൊടുക്കാതിരിക്കുകയും അനുഭവതെങ്ങുകൾ കൊടുക്കുകയുമാണ്. പ്രത്യേകിച്ചും കടലോരപ്രദേശങ്ങളിലെ സംഭവങ്ങളും ബാക്കിയുള്ളപ്രദേശങ്ങളിലെ സംഗതിയുമെല്ലാം നമുക്കറിയാം. ചേർത്തല താലൂക്കിലെ കാര്യം എനിക്ക് പ്രത്യേകിച്ച് അറിയാവുന്നതു്. ഞാനിവിടെപ്പറയാം. ചേർത്തല താലൂക്കിലാണെങ്കിൽ കുടികിടപ്പുകാരെ ജന്മി ഒരു കാലത്തു് ആകർഷകങ്ങളായ വാഗ്ദാനങ്ങളിൽ കൊണ്ടു ചെന്നു താമസിപ്പിച്ചതാണ്. ജന്മി തൈ ഭൂമിയിൽ വച്ചുകൊടുക്കുക, അതു് നനച്ച് വളർത്തിയെടുക്കുന്നതിനുള്ള ചുമതല കുടികിടപ്പുകാരനാണ്. നനക്കേണ്ട നാട്ടിൽ വെള്ളംകോരി നനച്ച് തൈ വളർത്തിയെടുക്കുക എന്നുള്ളതു് ആ നാട്ടിലെ കുടികിടപ്പുകാരൻ ചെയ്യുന്നതാണ്. ഇതിന്റെ പ്രതിഫലമായി തൈ വളർന്നു കുലച്ചു കഴിഞ്ഞാൽ നാട്ടുമര്യാദയനുസരിച്ച് മൂന്നുകൊല്ലം ആ തൈയുടെ ആദായം കുടികിടപ്പുകാർ എടുക്കാൻ അനുവദിച്ചതിനുശേഷം വസ്തുവിൽ തൈ വച്ചുപിടിപ്പിച്ചതിന്റെ പേരിൽ മൂന്നുനാലു തെങ്ങ് അവരുടെ അനുഭവത്തിനു വിട്ടുകൊടുക്കും. അങ്ങനെയുള്ളതിനെയാണ് നാം അനുഭവതെങ്ങ് എന്നു പറയുന്നതു്. അങ്ങനെ കുടികിടപ്പുകാരൻ വസ്തുവിൽ നിന്ന് പ്രത്യേകമായ ആനുകൂല്യങ്ങളൊക്കെ മുൻപേയുള്ളതാണ്. തെങ്ങുനട്ടാൽ അതു് ശരിയാംവണ്ണം സൂക്ഷിക്കുന്നതിനും യഥാകാലം അതിനെ നനയ്ക്കുന്നതിനും ആവശ്യമായ പണികൾ എടുക്കുന്നതിനും ഒരു പ്രതിഫലമെന്നുള്ളനിലയിൽ ഒരു പ്രാവശ്യവും രണ്ടു പ്രാവശ്യവും പൊതിക്കുന്ന തേങ്ങയുടെ തൊണ്ടും അവർക്കു കൊടുക്കും. അതു കൂടാതെ പുര മേയുന്നതിനുള്ള ഓലയും കൊടുക്കും. മലബാറിലും ഇങ്ങനെ ഒരു പതിവുണ്ടെന്നാണ് തോന്നു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. തിരുവിതാംകൂർ കൊച്ചി ഭാഗത്തു് ഇതു പണ്ടുപണ്ടേയുള്ള ഒരേർപ്പാടാണു്. ഇതുപോലുള്ള മററു പല ആനുകൂല്യങ്ങളും കൊടുത്തുകൊണ്ടിരുന്നു. കാർഷികബന്ധനിയമം നടപ്പിൽ വന്നു കഴിഞ്ഞതിനുശേഷം കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ പാടില്ല എന്നു നിശ്ചയിച്ചതിനുശേഷം പല സാമാന്യമര്യാദക്രമങ്ങളും എന്തെങ്കിലും ഒരു ചെറിയ നിസ്സാരമായ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ കൊടുക്കാതിരിക്കുന്നതിനുള്ള പ്രവണത വളർന്നുവന്നതു്. നാട്ടിൻപുറങ്ങളിൽ ഇന്നു് ഇതുപോലുള്ള വല്ല അഭിപ്രായവ്യത്യാസവുമുണ്ടായാൽ അതുടനെ രാഷ്ട്രീയ ചേരിതിരിവായിട്ടാണു് എടുക്കുക. ഒരു ചെറിയ കാര്യത്തിന്റെ പേരിൽ അഭിപ്രായവ്യത്യാസംവന്നാൽ ഉടനെ അതിനിടയിൽ രാഷ്ട്രീയം വരും. കാർഷികബന്ധനിയമത്തിൽ കുടികിടപ്പുകാക്കു് കൊടുത്തിരുന്നതായ പ്രതിഫലങ്ങളും കുടികിടപ്പുകാരൻ ചെയ്തുകൊണ്ടിരുന്ന ദേഹണ്ഡങ്ങളും ചെയ്യുന്നതിനുള്ള അവകാശം തുടർന്നു കിട്ടുന്നതിനു് വ്യവസ്ഥ ചെയ്യാതിരുന്നാൽ ഈ അനുഭവാവകാശങ്ങളും പല സ്ഥലങ്ങളിലും നഷ്ടപ്പെട്ടു. കുടികിടപ്പുകാർ കുറേക്കാലമായി കൈവശംവച്ചു് അനുഭവിച്ചുകൊണ്ടിരുന്നതായ തെങ്ങുകളെല്ലാം ഇന്നു ജന്മിമാർ പിടിച്ചെടുക്കുകയാണു്. പുര മേയാൻ ഓല കൊടുക്കാതിരിക്കുന്നതോ പോകട്ടെ. പഴയ കാലംതൊട്ടേ അനുഭവം കിട്ടിക്കൊണ്ടിരുന്നതായ സ്ഥലങ്ങളിൽ ഇന്നു കയറി അനുഭവം എടുക്കുകയാണെങ്കിൽ പോലീസു് പിറേറദിവസം മോഷണക്കേസ്സ് ചാർജ്ജുചെയ്യും. മോഷണക്കേസ്സ് എടുത്തുകഴിഞ്ഞാൽ അതു് വിടുവിക്കണമെങ്കിൽ അതിനിടയിൽ കാൺഗ്രസ്സിലെ കെ. പി. സി. സി. അംഗങ്ങളോ അല്ലെങ്കിൽ പണക്കാരോ ചെന്നു പറയുന്നെങ്കിലെ ശുപാർശ സ്വീകരിക്കുകയുള്ളു. ചേർത്തലപോലീസു് സ്റ്റേഷനിൽ ഈമാതിരി ഒരു സംഭവമുണ്ടായ കാര്യം ഞാൻ ഓർക്കുകയാണു്. ഏതായാലും പോലീസു് അതുവിടാമെന്നു പറഞ്ഞു. വിടുവിക്കുന്നതിനുവേണ്ടി ജാമ്യത്തിനു് ആരും പോലീസു് സ്റ്റേഷനിൽ ചെന്നപ്പോൾ ഇൻസ്പെക്ടർ പറഞ്ഞു, അന്നത്തെ ഇൻസ്പെക്ടർ ശ്രീ. ലക്ഷ്മണപ്പണിക്കരാണെന്നാണു് എന്റെ ഓർമ്മ, കാൺഗ്രസ്സിലെ ഇന്ന ആരും പറഞ്ഞാലേ വിടുകയുള്ളു എന്നു്. പിന്നീടു് ശ്രീ. കെ. ആർ. ദാമോദരൻ ശുപാർശ ചെയ്തതിനുശേഷമാണു് വിട്ടതു്. ഇങ്ങനെ പോലീസു് സ്റ്റേഷനിൽ ചെന്നു് ശുപാർശ ചെയ്യുന്നതു് ആരാണു്, ജന്മിയുടെ സ്റ്റാററസിലുള്ള ആരും ചെന്നു ശുപാർശ ചെയ്താലേ വിടുകയുള്ളു. ഇതാണു് അവസ്ഥ, ഈ അവസ്ഥാവിശേഷം ഇല്ലാതാകാൻ കുടികിടപ്പുകാക്കു് ഇന്നു് നാട്ടാചാരപ്രകാരമോ മര്യാദപ്രകാരമോ കിട്ടിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്തു് അതു് കിട്ടുന്നതിനു് ഇടയാക്കണം എന്നാണു് എന്റെ അഭിപ്രായം. അതിനാണു് ഭേദഗതി ഞാൻ അവതരിപ്പിച്ചതു്. അതുപോലെതന്നെ വേറൊരു കാര്യം ഉണ്ടു്. ഈസ്മെൻറു് എന്നു പറയുന്നുണ്ടു്. കുടികിടപ്പുകാരുടെ വ്യഖ്യാനത്തിൽ

> "Kudikidappu means the land and the homestead or hut so permitted to be erected or occupied together with the easements attached thereto:"

എന്നാണു് ചേർത്തിരിക്കുന്നതു്. ഈസ്മെൻറിനെ സംബന്ധിച്ചു് എന്റെ അഭിപ്രായത്തിൽ സ്പെസിഫിക്കായിട്ടു വ്യാഖ്യാനം കൊടുക്കാതിരുന്നാൽ പല ഭാഗങ്ങളിലും ഇന്നുള്ളതിനേക്കാൾ കൂടുതൽ വിഷമം കുടികിടപ്പുകാരൻ അനുഭവിക്കേണ്ടിവരും. ഞാൻ എന്റെ ഉള്ളിലുള്ള ആഗ്രഹം പറയുകയാണു്. കുടികിടപ്പുകാക്കു് ന്യായമായികിട്ടേണ്ട താമസസൗകര്യവും അവർ അനുഭവിച്ചുകൊണ്ടിരുന്നതായ ആനുകൂല്യങ്ങളും കിട്ടുന്നതിനാവശ്യമായ എല്ലാ നടപടികളും എടുക്കേണ്ടതാണു്. ഇവിടെ ഈസ്മെൻറു് എന്നു പറഞ്ഞാൽ സംശയമാണു്. ഈ അടുത്തകാലത്തുതന്നെ ഞാൻ താമസിക്കുന്ന സ്ഥലത്തിൽ വീട്ടിനു് അല്പം അകലെത്താമസിക്കുന്ന കുടികിടപ്പുകാരന്റെ വീട്ടിൽ അയാളുടെ ജന്മി വേലിയുടെ പത്തൽവെട്ടലും മറപ്പുരയുടെ പത്തൽവെട്ടലുംവരെ നടന്നതാണു്. ഒടുവിൽ പോലീസു് ഇടപെട്ടു് അതു് ഒതുക്കിത്തീർക്കേണ്ടിവന്നു. ഇതുപോലുള്ള എന്തെങ്കിലും വിധത്തിലുള്ള അവകാശങ്ങൾ കുടികിടപ്പുകാക്കു് ഉണ്ടെങ്കിൽ ആ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട വ്യവസ്ഥ

2/153/V,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

നിയമത്തിൽ വേണം. ഇതെല്ലാം വച്ചുകൊണ്ടാണ് ഞാൻ പല ഭേദഗതികളും അവതരിപ്പിച്ചിട്ടുള്ളത്. ആ ഭേദഗതികൾ 32, 33, 34, 35, 36, 37, 38, 39, 191, 293, 389 ഇവയാണ്. ഈ ഭേദഗതികൾ ഓരോന്നിനെ സംബന്ധിച്ചും ഞാൻ സംസാരിക്കാം. ഭേദഗതി (32) ഇതാണ്:

"In clause 2 (25), delete first and second proviso.,,

ബില്ലിലെ ഫസ്റ്റ് പ്രൊവൈസോ ഇതാണ്:

> "Provided that a person shall not be deemed to be a kudikidappukaran if the aforesaid permission was granted after the 11th day of April 1957, by a mortgagee in possession or by a tenant who was not entitled to fixity of tenure under any law then in force."

സർ, കാർഷിക ബന്ധനിയമത്തിലും ഈ വകുപ്പുണ്ടായിരുന്നു. എന്നാൽ അതേപടിയല്ല ഇതിൽ വച്ചിരിക്കുന്നത്. അതു് മന്ത്രി മനപൂർവ്വം അങ്ങനെ മാററിയതാണെന്നു ഞാൻ വിചാരിക്കുന്നില്ല. പിശകു പററിയതായിരിക്കാം. ഏതായാലും അംഗീകരിക്കാൻ വേണ്ടി ഞാൻ ഈ കാര്യം പറയുകയാണ്. കാർഷികബന്ധ നിയമം 1957 ഡിസംബർ 18-ാം തീയതിയാണ് അവതരിപ്പിച്ചിട്ടുള്ളത്. 1957 ഏപ്രിൽ 11-ാം തീയതി കുടിയൊഴിപ്പിക്കലും പാട്ടം ഒഴിപ്പിക്കലും നിരോധന നിയമം വന്നു. അതു കഴിഞ്ഞതിനുശേഷം ഏതെങ്കിലും നടപ്പുപണയക്കാരെയോ അതുപോലുള്ള മററേതെങ്കിലും കുടിയാന്മാരെയോ നിയമത്തിലെ വ്യാഖ്യാനത്തിൽപ്പെടുന്ന കുടികിടപ്പുകാരെ എവിടെയെങ്കിലും താമസിപ്പിച്ചാൽ പ്രൊവൈസോ ചേർത്തു് കുടികിടപ്പുകാരനെ ഒഴിപ്പിക്കുന്നതിനു് ഈ അവകാശം കൊടുക്കരുതെന്നാണു എന്റെ അഭിപ്രായം. അതു സ്വീകാര്യമല്ല. എങ്കിൽ കാർഷികബന്ധനിയമത്തിലെ "the land on which the Kudikidappu situate is liable to be resumed" എന്നാക്കണം. നമ്മുടെ നാട്ടിൽ മലബാർ കുടിയായ്മ നിയമവും കൊച്ചിയിലെ വെറുംപാട്ട നിയമവുംമൂലം കുടിയാന്മാർക്കു് സ്ഥിരത കിട്ടിയിട്ടുള്ള നിയമങ്ങളാണ്. നിയമപ്രകാരം ഫിക്സിററി കിട്ടിയിട്ടില്ലാത്ത ഭൂമിയെ സംബന്ധിച്ച് ഈ വ്യാഖ്യാനം നിന്നാൽ 1957-നുശേഷം താമസിച്ചതാണെങ്കിൽ എല്ലാവരേയും ഒഴിപ്പിക്കാം. ഈ ഭേദഗതികൊടുക്കാനുള്ള കാരണം 1957 ഏപ്രിൽ 11–ാം തീയതിക്കു ശേഷം ദീർഘമായ ഒരു കാലമാണ്. ഇതിനിടയിൽ ഒരിഞ്ചുപോലും ഭൂമിയില്ലാത്ത ആളുകൾ എവിടെയെല്ലാം താമസിപ്പിക്കപ്പെട്ടിട്ടുണ്ടോ അവരെ ഒഴിപ്പിക്കരുതെന്നാണ് ആഗ്രഹം. അതാണ് 1957 ഏപ്രിൽ 11 എന്ന ഭാഗത്തു് 1963 സെപ്റ്റംബർ 18 എന്നു ഞാൻ എഴുതിച്ചേർക്കാൻ ഭേദഗതി അവതരിപ്പിച്ചതു്.

Shri P. T. Chacko: Is the provision in the Agrarian Relations Act sufficient? If it is necessary, if you have no objection to include that proviso here, will it be sufficient for the purpose?

ശ്രീമതി കെ. ആർ. ഗൗരി: ഞാനിവിടെ പറയുന്നതു്, ഞാൻ ആദ്യം പറഞ്ഞതു് എടുത്തുകളയണമെന്നാണ്. എടുത്തു കളഞ്ഞില്ലെങ്കിൽ വേറൊരു ഭേദഗതി കൊടുത്തിട്ടുണ്ടു്. ഒന്നും ഇല്ലാത്തവനു് എന്തെങ്കിലും കിട്ടട്ടെ. അതു എടുത്തുകളയണമെന്നു കാണിച്ചു് രണ്ടു ഭേദഗതികൾ കൊടുത്തിട്ടുണ്ടു്. ഒന്നുമില്ലാത്തവനു് ഒരു കാശു് ധർമ്മം കിട്ടുന്നതു് ഒന്നും കിട്ടാത്തതിനേക്കാൾ ഭേദമാണ്. ഏതായിരുന്നാലും കൂടുതൽ പ്രിഫർ ചെയ്യുന്നതു് ഒടുവിൽ പറഞ്ഞ 18th September 1963 ആണ്. ഒന്നാമത്തെ ഭേദഗതിയെ സംബന്ധിച്ചു് ഇതാണ് എനിക്കു പറയാനുള്ളതു്. ഞാൻ ഇത്രയും പറഞ്ഞതു് പിണങ്ങിപ്പറഞ്ഞാൽ അനുവദിക്കുകയില്ലെങ്കിൽ നയപരമായിട്ടു് പറഞ്ഞാലെങ്കിലും അനുവദിച്ചുകിട്ടട്ടെ എന്ന ആഗ്രഹത്തിന്റെ പേരിലാണ്,

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ഭേദഗതി, പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നം. അവിടെ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഏതെങ്കിലും കാരണവശാൽ ഒരു മൈൽ അപ്പുറമോ 10 മൈൽ അപ്പുറമോ 20 മൈൽ അപ്പുറമോ— 25 സെൻറു എന്നുള്ളത് 10 സെൻറു കീഴോട്ടു അംഗീകരിച്ചു—കുറച്ചു ഭൂമി ജന്മാവകാശം കിട്ടിപ്പോയി എന്നുള്ളതുകൊണ്ട് അവരുടെ കുടികിടപ്പവകാശം നഷ്ടപ്പെടുത്തരുത്. ഞാൻ ഈ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പ്രധാനമായിട്ടു പറഞ്ഞതു് മത്സ്യത്തൊഴിലാളികൾ താമസിക്കുന്നതായ ഭൂമി 30-ഓ, 40—ഓ കുടിക്കാർക്കുള്ളതാണ്. കാരണം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകേണ്ടുന്ന പ്രത്യേക സമയമുണ്ട്. അപ്പോൾ കടലുമായിട്ടു ബന്ധപ്പെട്ടിരിക്കുന്ന ഒരാൾക്ക് താമസിക്കുന്നതിനു വേറെ എവിടെയെങ്കിലും 5 സെൻറു ഭൂമി ഉണ്ടായിപ്പോവുകയാണെങ്കിൽ അവർക്കു ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതായിട്ടുള്ള കുടികിടപ്പുകാശം നഷ്ടപ്പെടുത്തരുതെന്നേയുള്ളു. ഈ ഭൂമിയുടെ ജന്മാവകാശം 25 സെൻറു ആകുന്നില്ലെങ്കിൽ 10 സെൻറുവരെ അംഗീകരിക്കാം. എന്നാലെങ്കിലും ചെറിയ ഒരവകാശം അവർക്കു കിട്ടണം. മുമ്പു കൊടുത്തിരുന്ന അവകാശം നഷ്ടപ്പെടുത്തരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് 33-ാമത്തെ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

ഇതിൽ 34—ാമത്തെ ഭേദഗതി, '11th day of April 1957' എന്നുള്ളതു് 18th day of September 1963' എന്നു മാററണമെന്നാണ്. 18th day of September 1963 ഈ നിയമം നിയമസഭയിൽ അവതരിപ്പിച്ച ദിവസമാണ്. അന്നുവരെ ഭൂമിയിൽ താമസിപ്പിച്ചിട്ടുള്ള കുടികിടപ്പുകാരെ കുടികിടപ്പുകാരൻെറ നിർവചനത്തിൻെറ ഭാഗമായിച്ചേർത്തു് അവർക്കു കുടികിടപ്പവകാശം കൊടുക്കണം. അതു് അടുത്ത കാലത്തു വന്നിട്ടുള്ള 1957 ഏപ്രിൽ 11-നും, 1963 സെപ്റ്റംബർ 18-നും ഇടയ്ക്കു താമസിച്ചിട്ടുള്ള ആളിനു ആ കാലത്തു് അവർക്കുള്ള അവകാശം നഷ്ടപ്പെടരുതു് എന്നു വിചാരിച്ചുകൊണ്ട് എഴുതിച്ചേർത്തതാണ്. ഈ നിയമം അവതരിപ്പിച്ച ദിവസം എഴുതിയതാണ്. ഇതു് രണ്ടാമത്തെ പ്രൊവൈസോകൂടി ചേർത്തു ആവിധത്തിൽ വന്നതാണ്. സെക്കൻഡു പ്രൊവൈസോ എടുത്തുകളയണമെന്നാണ് എൻെറ പിന്നത്തെ ഭേദഗതി. ഈ ഭേദഗതി 1960-ൽ പ്രസിഡൻറിൻെറ നിർദ്ദേശാനുസരണം നിങ്ങൾ ചേർത്തതാണ്.

Provided further that a person shall not be deemed to be a Kudikidappukaran if the aforesaid permission was granted in respect of any hut not belonging to him and situate.

(a) in a plantation or;

(b) in any area of land which is appurtenant to a mill, factory or workshop, and in connection with the employment of such person in the plantation, mill, factory or workshop unless he was immediately before the commeneement of this Act, entitled to the rights of a kudikidappukaran or the holder of a protected ulkudi or kudikidappu under any law then in force'.

പ്രസിഡൻറു് നിർദ്ദേശിച്ചയച്ച ഭേദഗതി ഈ നിയമസഭയിൽ ചർച്ചചെയ്തു കഴിഞ്ഞതിനുശേഷം... അന്നും അംഗീകരിച്ചതാണ്. ..പ്രസിഡൻറിൻെറ പല നിർദ്ദേശങ്ങളും ജന്മിക്കനുകൂലമാക്കാൻ ഇന്നില്ല. ഈ വകുപ്പു കുടികിടപ്പുകാരൻെറ അവകാശങ്ങളെല്ലാം നഷ്ടപ്പെടുമെന്നുള്ള നിലയിൽ ഞങ്ങൾ ഇതിനെ എതിർക്കുകയാണ്. ഇതു് ആവശ്യമില്ല. എടുത്തുകളയണം. പക്ഷേ ഇന്നു പറയുന്നതു് ഈ പ്രൊവൈസോ ഇതിൽ നിറുത്തുന്നതു് അനാവശ്യമാണെന്നാണ്. ഈ പ്ലാൻേറഷനിൽ താമസിക്കുന്ന ആൾക്കാർ ഓരോ ദിവസം ചെല്ലുന്തോറും കൂടിക്കൂടി വരികയാണ്. അവരെ മാററണമെങ്കിൽ proviso ചേർത്തുകൊള്ളു. അങ്ങനെ മാററിയാൽ അവർക്കുമാറിത്താമസിക്കാൻ സ്ഥലവും കെട്ടിട വിലയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കിട്ടുമല്ലോ. Plantation-ന് സ്ഥലവും പണവും ഒന്നിച്ചു കൊടുക്കേണ്ടതാണ്. ഇതിനു മുമ്പുണ്ടായിരുന്ന കുടികിടപ്പുകാരന് രജിസ്റ്റർ ഉണ്ടാക്കണമെന്നു ഭേദഗതി കണ്ടു. 1950-ൽ ശ്രീ. എ. ജെ. ജോണിന്റെ കാലത്തു് ഒരു രജിസ്റ്റർ ഉണ്ടാക്കണമെന്നു് നിയമത്തിൽ എഴുതിവച്ചു. ഈ രജിസ്റ്റർ ഉണ്ടാക്കുന്നതിനു് 6 മാസത്തിനകം കുടികിടപ്പുകാരൻ അവകാശം സംരക്ഷിച്ചു കൊള്ളണം എന്നായിരുന്നു. തിരുവിതാംകൂറും കൊച്ചിയും ഉൾപ്പെടെ ഈ കാർഷിക ബന്ധനിയമം വന്നു കഴിഞ്ഞപ്പോൾ രജിസ്റ്റർ കുടികിടപ്പുകാർ വെറും നാലായിരത്തോളം മാത്രമേ ഉണ്ടായിരുന്നുള്ളു. നാലായിരത്തോളം വരുന്നതായിട്ടുള്ള കുടികിടപ്പുകാർ മാത്രമാണു് അവകാശം സംരക്ഷിച്ചു എന്നുള്ള വിധത്തിൽ റിക്കാർഡ് ഉണ്ടാക്കിയിട്ടുള്ളതു്. ഞാൻ ഇതു പറയുന്നതു് ഇന്നു സാധാരണ നിലയിൽ കുടികിടപ്പുകാരൻ താമസിക്കുന്ന ഭൂമിയിൽ അവൻ തന്നെ വച്ചുന്ന കെട്ടിടം രണ്ടു വിധത്തിൽ പണികഴിപ്പിച്ചേക്കാം, വലുതായിട്ടോ, ചെറുതായിട്ടോ പണി കഴിപ്പിക്കും. രണ്ടാമതു് ജന്മിക്കു് ഒരു കരുണതോന്നി നേരിട്ടു ജന്മി ചെറിയ കെട്ടിടം ശരിയാക്കി കൊടുക്കുന്നു. അപ്പോൾ ജന്മിക്കു് അതിന്റെ വില കൂടുതൽ കിട്ടണം. ഇങ്ങനെ രണ്ടു കാരണങ്ങളുടെ പേരിൽ കെട്ടിടങ്ങൾ ആരാണു് ഉണ്ടാക്കിയതു് എന്നുള്ളതും കുടികിടപ്പുകാരനാണോ എന്നും അങ്ങനെയാണെങ്കിൽ കുടികിടപ്പുകാരനു് അവകാശങ്ങൾ കിട്ടുന്നതിനെ സംബന്ധിച്ചും തർക്കങ്ങൾ ഉണ്ടാകുകയും തെളിയിക്കാൻ വളരെ പ്രയാസങ്ങളുണ്ടാവുകയും ചെയ്യും. അതുകൊണ്ടാണു് സെക്കൻഡ് പ്രൊവൈസോ ആവശ്യമില്ലെന്നു ഞാൻ പറയുന്നതു്. അതു കൂട്ടിച്ചേർത്തതാണു്. കാർഷികബന്ധനിയമം എഴുതിച്ചേർത്തപ്പോൾ ഉണ്ടായിരുന്നില്ല. 1958-59-ൽ കുടികിടപ്പുകാരനെ മാററിത്താമസിപ്പിക്കുന്ന ഭൂമിയെ സംബന്ധിച്ചു ഭൂമി fit ആണോ എന്നു നോക്കണമെന്നു ശഠിച്ചു. ഡെഫനിഷനിൽ ശ്രീ. ചാക്കോ അവതരിപ്പിച്ച നിയമത്തിൽ "fit for erecting a homestead" എന്നുള്ളതു് എടുത്തു കളഞ്ഞിരിക്കുന്നു. അതും കൂട്ടിച്ചേർക്കണം.

കുടികിടപ്പുകാർക്കു് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനു് ആർക്കും എതിരഭിപ്രായം ഉണ്ടായിരുന്നില്ല. കുടികിടപ്പുകാരനു് കൂടുതൽ ആനുകൂല്യം കൊടുക്കണമെന്നുള്ള വിധത്തിലല്ലാതെ 1958-59-ൽ കാർഷികബന്ധനിയമം ചർച്ച നടക്കുമ്പോഴോ ജൂൺ 10-ാംനു- പാസ്സാക്കുമ്പോഴോ ആർക്കും അഭിപ്രായമുണ്ടായതായി എനിക്കറിവില്ല. കുടികിടപ്പവകാശം നശിപ്പിക്കത്തക്കവിധത്തിലായിരിക്കരുതു് നിയമമെന്നു ശ്രീമാൻ തോമസ് ജോണിനെപ്പോലുള്ള വർക്കും അഭിപ്രായമുണ്ടായിരുന്നു. കാൺഗ്രസ്സ് പാർട്ടിയിൽ ഉള്ളവർതന്നെ കൂടുതൽ ആനുകൂല്യം കുടികിടപ്പുകാർക്കു കൊടുക്കണമെന്നു വാദിച്ചിരുന്നു. ഇന്നു ഈ വകുപ്പു എവിടെ നിന്നു വന്നു. 1960-ൽ പ്രസിഡൻറിന്റെ ഭേദഗതിയായിട്ടു കൂട്ടിച്ചേർത്ത ഭേദഗതി അതുപോലെതന്നെ പാസ്സാക്കിയിരുന്നില്ല. പ്രസിഡൻറിന്റെ ഭേദഗതി വന്നതുപോലെയല്ല പാസ്സാക്കിയതു്. അതിൽ കുറെ ഭേദഗതികൾ വന്നു. ഞങ്ങളുടെ ഭാഗത്തുനിന്നും കുറെ ഭേദഗതികൾ വന്നു. പാസ്സാക്കിയതു് അങ്ങനെയാണു്. 1960-ൽ ആ നിലയിൽ ഭേദഗതികൾ വരുത്തിയതുകൊണ്ടു് പ്രസിഡൻറിന്റെ ഭേദഗതി എന്നു പറയാൻ സാധ്യമല്ല. കുടികിടപ്പുകാരന്റെ അവകാശം നഷ്ടപ്പെടുത്തുന്നതായിട്ടുള്ള സെക്കൻഡു പ്രൊവൈസോ എടുത്തുകളയണമെന്നുള്ളതാണു് എനിക്കു പ്രത്യേകമായി പറയാനുള്ളതു്. പ്ലാൻറേഷൻ എന്നതു് സമ്മതിക്കുന്നില്ലെങ്കിൽ വേറെ ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. 'In clause 2 (25), in the second proviso, substitute 'any hut designated as labour lines not belonging to him, and in lines three in the place of 'any hut not belonging to him, and delete (b) and also words 'mill, factory or workshop' in line seven in page 7.

അതിൽ പറയുന്നതു് ലയം എന്നാണു്. മലയാളത്തിൽ ലയം എന്നാണു പറയുന്നതു്. ലേബർ ലയിൻ എന്നു ഇംഗ്ലീഷിലും പറയും. തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്തിനു് അതാണു് പേരു്, ഈ ഭേദഗതികളെല്ലാം മലയാളത്തിൽ ലേബർ ലയിൻ എന്നു് എഴുതിയിരിക്കുകയാണു്. എന്റെ അഭി

LIBRARY ARCHIVES Kerala Legislative Assembly

പ്രായം പറയുകയാണു്. തൊഴിലാളികളെല്ലാം ഇങ്ങനെ ഒരു സ്ഥലത്താണു് താമസിക്കുന്നതു്. ഇപ്പോൾ നെടുമങ്ങാടു്, ചിറയിൻകീഴു് മുതലായ സ്ഥലങ്ങളിലെല്ലാം പ്ലാൻറേഷൻ വർദ്ധിച്ചുവരികയാണു്. കടലോര പ്രദേശത്തു പോലും പ്ലാൻറേഷൻ ഉണ്ടായിത്തുടങ്ങി. കേടായ തെങ്ങുകളെല്ലാം വെട്ടി അവിടെയെല്ലാം റബ്ബർ വച്ചുപിടിപ്പിക്കാനുള്ള ശ്രമം കടലോരപ്രദേശംവരെ നീണ്ടിരിക്കുകയാണു് എന്നു തോന്നുന്നു. ഈ നിലയ്ക്കു് പുതുതായിട്ടു വരുന്ന Plantation സംബന്ധിച്ചു ബുദ്ധിമുട്ടുകളുണ്ടു് delete ചെയ്യണമെന്ന ഭേദഗതി ഇതു സമ്മതിക്കുന്നില്ലെങ്കിൽ ലേബർ ലയിൻ എന്നുള്ളതെങ്കിലും സമ്മതിക്കണമെന്നുള്ളതാണു് എൻെറ 37-ാമത്തെ ഭേദഗതി. അടുത്ത ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല. 39-ാമത്തെ ഭേദഗതി അതും ആവശ്യമില്ല. സബ് സിക്വൻറായിട്ടു് മററതു് അംഗീകരിക്കുന്നെങ്കിൽ അതു മതി. ഞാൻ കൊടുത്തിരിക്കുന്ന മററു ഭേദഗതികൾ തുടർച്ചയായിട്ടു കൊടുത്തിരിക്കുന്ന ഭേദഗതികളാണു്. ഞാൻ തുടർച്ചയായിട്ടു ഭേദഗതികൾ കൊടുത്തിരിക്കുകയാണു്. ആ ഭേദഗതികൾ അംഗീകരിക്കുകയാണെങ്കിൽ ഇതാവശ്യമായിട്ടുവരും. Amendment No. 191ൽ

'In clause 2 (25), after (ii) and after 'but otherwise has no interest in the land' add 'except the rights enjoyed or remuneraiton received as by custom or practice prevalent in the area before 'and kudikidappu,. കുടികിടപ്പുകാരനു് അമെൻഡുമെൻറു മൂന്നു നാലു വിധത്തിൽ കൊടുത്തിട്ടുണ്ടു്. ഭേദഗതി 346-ൽ വേറൊരു വിധത്തിൽ കൊടുത്തിട്ടുണ്ടു്.

In clause to (25) delete 'but otherwise has no interest in the land,. എന്നാണു്. അമെൻറുമെൻഡു 356-ൽ 'if by custom or by pract ce, if the Kudikidappukaran is enjoying any right or receiving any remuneration in kind or in money, he is entitled to get it under this section' എന്നാണു പറഞ്ഞിരിക്കുന്നതു്. ഞാൻ മുമ്പു പറഞ്ഞിരുന്ന കുടികിടപ്പുകാരനു് യഥാർത്ഥത്തിൽ താമസിക്കുന്നതിനു് മുമ്പു കൊടുത്തുകൊണ്ടിരുന്നതായിട്ടുള്ള അവകാശങ്ങളെല്ലാം തുടർന്നു കിട്ടണം. ഈ നിയമപ്രകാരം other wise as no interest എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് പല ബുദ്ധിമുട്ടും ഉണ്ടു്. അതു ഡിലീററു ചെയ്യണം എന്നെഴുതിയിട്ടുണ്ടു്. ഇതൊക്കെ കിട്ടുന്നതിനുവേണ്ടിയാണു് കുടികിടപ്പുകാരൻ നില്ക്കുന്നതു്. അതുകൊണ്ടു കുടികിടപ്പുകാരനു് ഇന്നു് ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും അവകാശം ഉണ്ടെങ്കിൽ 'to raise a kitchen garden'.

അതും എഴുതിയിട്ടുണ്ടു്.

Deputy Speaker: Order, order. The House will now adjourn and meet again at 8 a. m. tomorrow.

The House adjourned at 1 p. m. to meet again at 8 a. m. on Wednesday, the 6th November 1963.

LIBRARY ARCHIVES Kerala Legislative Assembly